






# [illegible]വിജയം




ചർമ്മരോഗങ്ങൾ
വരാതിരിപ്പാനും
വന്നതിനെ മാററുവാനും
**ചന്ദ്രിക** ഔഷധസോപ്പ്
പതിവായി ഉപയോഗിക്കുക

For
WEDDING SAREES,
READY-MADE DRESSES Etc. Etc.,
★
**FASHION FABRICS**
TRICHUR.

അഖിലകേരള സൊഡാലിററി മാസിക
ഒററപ്രതി: 17 ന.പ.
ആണ്ടിൽ: 2 രൂപ.
(മുൻകൂർ)

പത്രാധിപർ: ഫാദർ ജെ. ചെമ്മണൂർ, ബി. ഏ.

# മേരീവിജയം

PHONE: 603
TRICHUR

പുസ്തകം XIV ★ 1964 നവംബർ ★ ലക്കം XI

## മരിച്ചവരെ മറക്കരുതേ

കുഴിമാടത്തിനപ്പുറം ഒരു ജീവിതമുണ്ടെന്നു വിശ്വസിക്കുന്ന കത്തോലിക്കർക്കു് മരിച്ചവരെപ്പററി സ്മരിക്കുവാനും അവർക്കുവേണ്ടി പ്രാർത്ഥനകളും ബലികളും അർപ്പിക്കുവാനും പ്രത്യേകമായി പ്രതിഷ്ഠിച്ചിരിക്കുന്ന ഒരു മാസമാണ് നവംബർ. മരിച്ചവർക്കു ശുദ്ധീകരസ്ഥലത്തിൽനിന്നു സ്വയം വിമുക്തരാകുവാൻ യാതൊരു മാർഗ്ഗവുമില്ല. എന്നാൽ നമ്മുടെ പുണ്യപ്രവൃത്തികളും പരിഹാരകൃത്യങ്ങളുംവഴിയായി നമുക്കു അവരെ സഹായിക്കുവാനും സ്വർഗ്ഗത്തിലേയ്ക്കു് അവരെ അതിവേഗം ആനയിക്കുവാനും സാധിക്കും. ജീവിച്ചിരുന്നപ്പോൾ രക്തബന്ധങ്ങളും സ്നേഹബന്ധങ്ങളുംവഴിയായി നമ്മോടു് അവഗാഢം ബന്ധപ്പെട്ടിരുന്നവരെ, മരിച്ചുകഴിയുമ്പോൾ മറന്നുപോകുന്നതു് വലിയ കൃതഘ്നതയും വഞ്ചനയുമായിരിക്കും. ദിവ്യബലി, ദിവ്യകാരുണ്യസ്വീകരണം, ദാനധർമ്മം, ഉപവാസം, കാരുണ്യപ്രവൃത്തികൾ, പ്രായശ്ചിത്തകൃത്യങ്ങൾ എന്നിവയെല്ലാം ഇവർക്കുവേണ്ടി നാം അനുഷ്ഠിച്ചു കാഴ്ചവെയ്ക്കേണ്ടതാണ്. സ്നേഹപൂർവ്വം നാം നിറവേറേറണ്ടതായ ഒരു കടമയാണിതു്. അതോടൊപ്പം, "ഇന്നു ഞാൻ, നാളെ നീ" എന്നുള്ള ആപ്തവാക്യം — ശ്മശാനത്തിലെ മൺകൂനകൾ മൂകമായ സ്വരത്തിൽ നമ്മെ നോക്കി പറയുന്ന ആ വലിയ പരമാർത്ഥം — നാം മറന്നുകളയരുതു്. സുഖഭോഗങ്ങളിൽ മുങ്ങിക്കുളിച്ചും, ക്രോധമദമാത്സര്യങ്ങളിൽ നീന്തിത്തുടിച്ചും, ചന്ദ്രനിലേയ്ക്കു് പറന്നെത്തുവാനുള്ള പരിശ്രമങ്ങളിൽ അഹങ്കരിച്ചും ജീവിക്കുന്ന ഒരു ലോകത്തിലും മരണം ഒരു പരമാർത്ഥമായിത്തന്നെ നിലകൊള്ളുന്നു. അതുകൊണ്ടു്, മരണത്തെ ഏതു സമയത്തും സഹർഷം സ്വാഗതം ചെയ്യുവാനുള്ള ജീവിതനൈർമ്മല്യം സമ്പാദിക്കുവാൻ നാം പരിശ്രമിക്കുക.

## ദിവ്യകാരുണ്യകോൺഗ്രസ്സ്

ബോംബെയിലെ അഖിലലോകദിവ്യകാരുണ്യകോൺഗ്രസ്സ് ഇതാ ഒരു യാഥാർത്ഥ്യമായിത്തീരുവാൻ പോകുന്നു. ഈ മാസാവസാനം — നവമ്പർ 28-ാംനു- മുതൽ കോൺഗ്രസ്സ് ആരംഭിക്കുകയായി; ഡിസംബർ 6-ാംനു- അവസാനിക്കുകയും ചെയ്യും. ലോകം മുഴുവനും ഈ മഹൽസംഭവത്തെ അത്യാകാംക്ഷയോടെ പ്രതീക്ഷിച്ചുകൊണ്ടിരിക്കയാണു്. അതിവിപുലമായ സജ്ജീകരണങ്ങളാണു് ബോംബെയിൽ ഇതിനുവേണ്ടി നടന്നുകൊണ്ടിരിക്കുന്നതു്. ഓരോദിവസത്തേയും പരിപാടികളും ആസൂത്രണം ചെയ്തുകഴിഞ്ഞു. കേരളത്തിൽനിന്നുതന്നെ 25000 പ്രതിനിധികൾ പങ്കെടുക്കുമെന്നു് പ്രതീക്ഷിക്കപ്പെടുന്നു; വിദേശികളായ 50000-ൽ പരം പ്രതിനിധികളും ഉണ്ടായിരിക്കും. ഇന്ത്യയുടെ മററു ഭാഗങ്ങളിൽനിന്നും പതിനായിരക്കണക്കിനു ഭക്തജനങ്ങൾ ബോംബെയിലേയ്ക്കു പ്രവഹിച്ചുകൊണ്ടിരിക്കയും ചെയ്യും. എല്ലാം ഭംഗിയായും ഭക്തിനിർഭരമായും നിർവ്വഹിക്കപ്പെടുന്നതിനും അതുവഴി മിഷൻരാജ്യങ്ങളിൽ ദിവ്യകാരുണ്യനാഥൻ കൂടുതൽ അറിയപ്പെടുന്നതിനും വേണ്ടി സഖ്യാംഗങ്ങൾ ഉള്ളഴിഞ്ഞു പ്രാർത്ഥിക്കണം.

## മാർപ്പാപ്പയുടെ സാന്നിദ്ധ്യം

ബോംബെ ദിവ്യകാരുണ്യകോൺഗ്രസ്സിനു് മകുടം ചാർത്തുന്ന ഒരു മഹാ സംഭവമാണു് മാർപ്പാപ്പയുടെ സാന്നിദ്ധ്യം. പോൾ ആറാമൻ തിരുമേനി കോൺഗ്രസ്സിൽ സംബന്ധിക്കുവാനായി ബോംബെയിൽ ഡിസംബർ 2-ാംനു- ആഗതനാകുന്നതും മൂന്നു ദിവസങ്ങൾ ഇന്ത്യയിൽ കഴിച്ചുകൂട്ടുന്നതുമാണെന്നാണ് താൽക്കാലികമായി നിശ്ചയിക്കപ്പെട്ടിരിക്കുന്ന പരിപാടി. അഭൂതപൂർവ്വമായ — രണ്ടായിരം കൊല്ലത്തെ സഭാചരിത്രത്തിൽ ഇതേവരെ ഉണ്ടാകാത്തതായ ഒരു വലിയ സംഭവമാണു് ഈ സന്ദർശനം. ആധുനികമാർപ്പാപ്പമാരുടെ കാലത്തിനൊത്ത കരുനീക്കങ്ങളുടേയും, വിശാലമായ വീക്ഷണഗതിയുടേയും, മിഷൻരാജ്യങ്ങളിലുള്ള അതീവതാല്പര്യത്തിൻേറയും, അക്രൈസ്തവജനതകളുമായുള്ള അനുഭാവസമ്പർക്കതൃഷ്ണയുടേയും, ജനസാമാന്യങ്ങളുടെ മദ്ധ്യത്തിലേയ്ക്കുള്ള ഇറങ്ങിവരവിൻേറയും എല്ലാം ബഹിർപ്രകടനമാണു് മാർപ്പാപ്പയുടെ ഈ ഇന്ത്യാസന്ദർശനം. തിരുമേനി ആയുരാരോഗ്യവാനായി ഈ സന്ദർശനം പൂർത്തീകരിക്കുന്നതിനും, അതു വഴിയായി കത്തോലിക്കാസഭയ്ക്കും ഇന്ത്യൻജനതയ്ക്കും വിവധജനപദങ്ങൾക്കും എന്തെങ്കിലും നന്മ കൈവരുന്നതിനും ഇടയാകട്ടെ എന്നു് നമുക്കു പ്രാർത്ഥിക്കാം.

---

**കവർചിത്രം:**

*ബോംബെ ദിവ്യകാരുണ്യകോൺഗ്രസ്സ്.*

താഴെ: സമ്മേളനഗ്രൗണ്ടു്.
നടുവിൽ: മണ്ഡപവും അൾത്താരയും.
മുകളിൽ: പരി. പിതാവും അവിടുത്തെ പ്രതിനിധി കർദ്ദിനാൾ അഗാജിയാനിയനും.


## രണ്ടു മഹച്ചരമങ്ങൾ

സൊഡാലിററിയെ സംബന്ധിച്ചേടത്തോളം പ്രത്യേകമായ അനുസ്മരണമർഹിക്കുന്ന രണ്ടു മഹച്ചരമങ്ങളാണ് ഇക്കഴിഞ്ഞദിവസങ്ങളിൽ ഉണ്ടായിട്ടുള്ളതു്. ഒന്നു്, അഖിലലോകസൊഡാലിററി ഫെഡറേഷൻെറ ഡയറക്ടറായ ഗ്രാളീനാ മെത്രാപ്പോലിത്തായുടെ മരണം; രണ്ടു്, സൊഡാലിററി പ്രസ്ഥാനത്തിൻെറ ജനയിതാക്കളും സംരക്ഷകരുമായ ഈശോസഭക്കാരുടെ ജനറാളായ വെരി. റവ. ഫാദർ ജാൻസെൻസ് അവർകളുടെ മരണം. അഖിലലോകസൊഡാലിററിഫെഡറേഷൻ സ്ഥാപിതമായശേഷം അതിൻെറ ആദ്യത്തെ ഡയറക്ടറായി നിയമിക്കപ്പെട്ട ദേഹമാണ് പോളണ്ടുകാരനായ ഗ്രാളീനാ മെത്രാപ്പോലിത്താ. ഫെഡറേഷൻെറ വിജയകരമായ നടത്തിപ്പിനുവേണ്ടി തിരുമേനി അക്ഷീണം പരിശ്രമിച്ചുകൊണ്ടിരുന്നു. അടുത്തുതന്നെ ബോംബെ ദിവ്യകാരുണ്യകോൺഗ്രസ്സിനോടനുബന്ധിച്ചു് നടക്കുവാൻ പോകുന്ന അഖിലലോക സൊഡാലിററി കോൺഗ്രസ്സിലും അദ്ദേഹം തൻെറ സാന്നിദ്ധ്യം വാഗ്ദാനംചെയ്തിരുന്നതാണു്. വലിയ മരിയഭക്തനായിരുന്ന അദ്ദേഹം സഭകളുടെ ഐക്യത്തിൽ പ. മറിയത്തിനുള്ള വലിയ പങ്കിനെപ്പററി 2_ാം വത്തിക്കാൻ സൂനഹദോസിൽ തീക്ഷ്ണതയോടെ പ്രസംഗിച്ചുകൊണ്ടിരുന്ന ദിവസങ്ങളിലാണ് പെട്ടെന്നു നിര്യാതനായതു്. പണ്ഡിതനും വലിയ വിശുദ്ധനുമായിരുന്ന ഫാദർ ജാൻസെൻസ് ഈശോസഭയുടെ ജനറാളായി തെരഞ്ഞെടുക്കപ്പെട്ടശേഷം ഈശോസഭയ്ക്കു് കൈവന്നിട്ടുള്ള നേട്ടങ്ങൾ നിരവധിയാണു്. ഏതെങ്കിലും ഒരു സഖ്യത്തെ പ്രീമപ്രിമാരിയ്"യുമായി സംയോജിപ്പിക്കുവാനുള്ള അധികാരം ഈശോസഭാജനറാൾക്കു മാത്രമേ ഉള്ളൂ യെന്നു വായനക്കാർ ഓർക്കുമല്ലൊ.

"പ്രീമപ്രിമാരിയ"യുടെ ഡയറക്ടർ ജനറാളും അദ്ദേഹമാണു്. ബെൽജിയംകാരനായ ഫാ. ജാൻസെൻസ്, ലൂവെയിൻ സർവ്വകലാശാലയിലെ കാനൻലോ പ്രൊഫസറായും, റെക്ടറായും, ഈശോസഭാ ടെർഷ്യൻ ഉപദേശകനായും, പ്രൊവിൻഷ്യലായും, പ്രൊ-വികാരി ജനറാളായും, അവസാനം ജനറലായും സേവനമനുഷ്ഠിച്ചിട്ടുണ്ടു്. തെളിഞ്ഞ ചിന്തയും വിശാലമനസ്ഥതയും അദ്ദേഹത്തിൻെറ ഭരണകാലത്തെ വിജയിപ്പിച്ചു. ലോകമെങ്ങുമുള്ള ഓരോ സൊഡാലിററികൾക്കു പ്രത്യേകിച്ചും, സൊഡാലിററി പ്രസ്ഥാനത്തിനു പൊതുവിലും, അദ്ദേഹം നല്കിക്കൊണ്ടിരുന്ന പ്രോത്സാഹനവും പ്രത്യേകം എടുത്തുപറയേണ്ടതാണ്. മരിയാസഖ്യത്തിൻെറ രണ്ടു നെടുംതൂണുകളായിരുന്ന ഈ മഹാരഥന്മാരുടെ ആത്മശാന്തിക്കായി സഖ്യാംഗങ്ങൾ പ്രത്യേകം പ്രാർത്ഥിക്കണം.



ഗ്രാളീന മെത്രാപ്പോലീത്ത



ഫാദർ ജാൻസെൻസ് S. J.

## ആഫ്രിക്കക്കാർ വിശുദ്ധപദത്തിലേയ്ക്കു്

ഇക്കഴിഞ്ഞ മിഷൻ ഞായറാഴ്ച പോൾ മാർപ്പാപ്പ തിരുമനസ്സുകൊണ്ടു് 22 ആഫ്രിക്കക്കാരെ വിശുദ്ധന്മാരായി പ്രഖ്യാപനം ചെയ്തു. ക്രിസ്തീയ വിശ്വാസത്തിനും സത്യത്തിനും നീതിക്കുംവേണ്ടി ജീവൻ ബലികഴിച്ചവരായിരുന്നു അവർ. പതിനാലുമുതൽ അമ്പതു വയസ്സുവരെ പ്രായമുണ്ടായിരുന്ന അവർ, ക്രിസ്തുമതമുപേക്ഷിക്കുവാൻ വിസ്സമ്മതിച്ചതിനാൽ ജീവനോടെ ദഹിപ്പിക്കപ്പെടുകയാണുണ്ടായതു്. ആഫ്രിക്കാഭൂഖണ്ഡത്തിൻെറ ഏതാണ്ടു് മദ്ധ്യഭാഗത്തുള്ള ഒരു ചെറിയ രാജ്യമായ ഉഗാണ്ടയുടെ രാജാവായിരുന്ന മ്വാംഗയാണ് 1885_നും 1887_നും മദ്ധ്യേയുള്ള കാലഘട്ടത്തിൽ ഈ ക്രൂരമർദ്ദനം നടത്തിയതു്. അങ്ങനെ നമുക്കു് കറുത്തവർഗ്ഗക്കാരായ വിശുദ്ധന്മാരും ധാരാളമായി ഉണ്ടാകട്ടെ എന്നാണ് അപ്പോസ്തലന്മാരുടെ പ്രാർത്ഥന. വി. മാർട്ടിൻ ഡി പോറെസ്സിൻെറ പടം കാണുമ്പോൾ കത്തോലിക്കാസഭയുടെ സാർവ്വത്രികത്വമാണ് നമ്മുടെ മനസ്സിൽ തള്ളിക്കയറുന്നതു്. കറുത്ത തൊലിയും തടിച്ച ചുണ്ടും ഉള്ള നീഗ്രോകളും, മഞ്ഞത്തൊലിയും പതിഞ്ഞ മൂക്കുമുള്ള ചൈനാക്കാരും ജപ്പാൻകാരും നമ്മുടെ അൾത്താരകളിൽ സ്ഥലം പിടിക്കുന്നതു് നമുക്കെല്ലാവർക്കും അഭിമാനകരമാണു്. പക്ഷേ, അതോടൊപ്പം ഭാരതീയരും കേരളീയരുമായ വിശുദ്ധന്മാരേയും ലഭിക്കുവാൻവേണ്ടി നമുക്കു് പ്രാർത്ഥിക്കയും പരിശ്രമിക്കയും ചെയ്യാം.

ഫാദർ മാത്യു മങ്കുഴിക്കരി

# സൊഡാലിററി ഓപ്പീസ്

## — ആറാം യാമം —

ആറാം യാമത്തിലെ പ്രാർത്ഥനകൾ സമയക്രമമനുസരിച്ച് പകൽ പന്ത്രണ്ടുമണിക്ക് ചൊല്ലേണ്ടതാണ്. നിത്യകന്യകയായ പരിശുദ്ധ മറിയത്തിൽ പരിലസിക്കുന്ന വിശുദ്ധപുണ്യത്തിൻെറ പൂർണ്ണത ഇപ്പോൾ പ്രകീർത്തിക്കപ്പെടുന്നു. ''കന്യകയായ മാതാവേ'' എന്ന സംബോധനയുമായി കീർത്തനങ്ങൾ ആരംഭിക്കുന്നു. നിത്യകന്യാത്വം നേർന്നിരുന്ന മറിയത്തെ ദൈവമാതാവായി ഉയർത്തുവാൻവേണ്ടി സർവ്വശക്തൻ ഒരത്ഭുതംതന്നെ ചെയ്യുകയുണ്ടായല്ലോ. അങ്ങനെ അവൾ മാതാവായിരിക്കുന്നതുപോലെതന്നെ കന്യകയുമായിരിക്കുന്നു! തൻെറ അമ്മ കന്യകയായി നിലനില്ക്കണമെന്നുള്ളത് ദൈവത്തിൻെറതന്നെ പ്രത്യേകാഭിലാഷമായിരുന്നു. മരിയമക്കളിൽ പലരും നിത്യകന്യാത്വം പാലിക്കാൻ നിശ്ചയിച്ചുകൊണ്ട് സന്യാസവും പൌരോഹിത്യവും കൈവരിക്കുന്നുണ്ടല്ലോ. മാത്രമല്ല ചില ധീരയുവതികൾ ശുദ്ധത സംരക്ഷിക്കാനായി മരണംപോലും ആശ്ലേഷിച്ചിട്ടുണ്ടെന്നുള്ളത് എത്രയോ അഭിമാനകരമാണ്! എന്നാൽ ഒരു കാര്യംകൂടി അനുസ്മരിക്കേണ്ടതുണ്ട്. വിശുദ്ധപുണ്യം പൂർണ്ണമായി പാലിച്ചുകൊണ്ടുവേണം കുടുംബജീവിതത്തിൽ പ്രവേശിക്കുന്നതും. അവരെ ദൈവം ഏല്പിക്കുന്ന മാതൃത്വത്തിൻെറയോ പിതൃത്വത്തിൻേറയോ കടമകൾ യഥാവിധി നിർവ്വഹിക്കുമെന്ന് അവരങ്ങനെ ഉറപ്പു നല്കണം. കന്യകയും മാതാവുമായ മറിയം എല്ലാ ജീവിതാന്തസ്സുകാർക്കും മാതൃകയായിരിക്കുന്നു.

ത്രിത്വത്തിൻെറ ആലയം:— "നിങ്ങൾ ദൈവത്തിൻെറ ആലയമാകുന്നുവെന്നും ദൈവാത്മാവ് നിങ്ങളിൽ വസിക്കുന്നുവെന്നും അറിയുന്നില്ലേയോ? ദൈവത്തിൻെറ ആലയത്തെ അശുദ്ധമാക്കുന്നവനെ ദൈവം നശിപ്പിക്കും" എന്നിങ്ങനെ വി. പൌലോസ് പ്രസ്താവിച്ചിട്ടുണ്ടല്ലോ. ശുദ്ധതയുടെ തികവായ മറിയം പരി. ത്രിത്വത്തിന് ഏററം പ്രിയംകരമായ വാസസ്ഥാനമായിരിക്കുന്നു. പ്രസാദവരസ്ഥിതിയിലിരിക്കുന്ന ഓരോ വ്യക്തിയിലും ദൈവം എഴുന്നള്ളിവസിക്കുന്നുണ്ട്. മാമോദീസാ സ്വീകരിക്കുന്നതോടുകൂടി കൈവരുന്ന ഈ മഹാഭാഗ്യത്തെപ്പററി സദാ ചിന്തിച്ചും നമ്മിലുള്ള ദൈവത്തെ ആരാധിച്ചുംകൊണ്ട് നമ്മൾ ജീവിക്കണം. ചാവുദോഷം ചെയ്ത് ദൈവത്തെ നമ്മിൽനിന്നു ബഹിഷ്കരിക്കാതിരിക്കുവാൻ എത്ര ശ്രദ്ധിച്ചാലും അധികമാകുകയില്ല. ത്രിത്വസ്തുതി ചൊല്ലുമ്പോഴെല്ലാം നമ്മിലുള്ള ദൈവസാന്നിദ്ധ്യം അനുസ്മരിക്കാം. ദൈവദൂതന്മാരുടെ ആനന്ദമായ വിശുദ്ധപുണ്യം മനുഷ്യരെ മാലാഖമാർക്കു സദൃശീകരിക്കുന്നു. ശരീരമുണ്ടെങ്കിലും ശാരീരികദുരാശയൊന്നുംകൂടാതെ ജീവിക്കുന്നവർ ദൈവദൂതന്മാരുടെ ആനന്ദവിഷയമായിത്തീരുന്നു. കന്യകകൾ മാലാഖമാരോടുചേർന്ന് ദൈവസ്തുതികൾ പാടാനുള്ളവരാണ്. ഇങ്ങനെയെങ്കിൽ കന്യകകളുടെ രാജ്ഞിയായ മറിയം വാനാരൂപികൾക്ക് ഏററം ആനന്ദപ്രദയായിരിക്കുമല്ലോ. നമ്മളും ശുദ്ധത പാലിച്ചുകൊണ്ട് ജീവിക്കുന്നത് നമ്മുടെ കാവൽമാലാഖമാർക്ക് എത്രയോ അഭിമാനകരവും ചാരിതാർത്ഥ്യജനകവുമായിരിക്കും!

ശുദ്ധതയുടെ ആലയം:— ജന്മപാപം കൂടാതെ ഉത്ഭവിക്കുകയും പ്രസാദവരപൂർണ്ണയായി, നിത്യകന്യകയായി, പരിശുദ്ധാത്മാവിൻെറ നിർമ്മലവധുവായി, ദൈവസുതൻെറ മാതാവായി ജീവിക്കുകയുംചെയ്ത പരി. കന്യക വിശുദ്ധിയുടെ ആലയംതന്നെയാണല്ലോ. നമ്മൾ ഈ അമ്മയ്ക്കു യോജിച്ച മക്കളായിരിക്കുവാൻ ശ്രമിക്കുക. സൗന്ദര്യത്തിലും പട്ടുവസ്ത്രങ്ങളിലും ആഭരണങ്ങളിലും മററും ഭ്രമിക്കാതെ ജീവിതവിശുദ്ധിയിൽ അഭിമാനംകൊള്ളുവാൻ നമുക്കു കഴിയട്ടെ.

പരിശുദ്ധ കന്യക തൻെറ നിർമ്മലജീവിതംവഴി നമുക്കു നല്കുന്ന നന്മകളെപ്പററിയാണ് തുടർന്നു പ്രസ്താവിക്കുന്നത്.

ദുഃഖിതരുടെ ആശ്വാസം:— ദൈവമാതാവ് അനുവദനീയമായ ശാരീരികസന്തോഷങ്ങളൊന്നും അനുഭവിക്കാതെ ശുദ്ധത പാലിച്ചുവെന്നു മാത്രമല്ല, കഠിനക്ലേശങ്ങൾ സഹിച്ച് സ്വജീവിതത്തെ ഉപരിശ്രേഷ്ഠമാക്കുകയുംചെയ്തു. വ്യാകുലജനനിയെ അനുകരിച്ച് നമ്മളും ജീവിതക്ലേശങ്ങളെ സസന്തോഷം സ്വീകരിച്ചുകൊണ്ട് വിശുദ്ധി പാലിക്കുന്നതിൽ ഉപരിവിജയം നേടണം. അവളുടെ മഹനീയമാതൃക എല്ലാ വിഷമതകളിലും നമ്മെ ആശ്വസിപ്പിക്കയും ശക്തിപ്പെടുത്തുകയും ചെയ്യും.

ആനന്ദപ്പൂങ്കാവ്:— പാപരഹിതരായിരുന്ന ഭൗതികപറുദീസാപോലെ മറിയം ആനന്ദത്തിൻെറ ആരാമംതന്നെയാണ്. "എൻെറ പ്രിയേ, നീ ആവൃതമായ ഒരു ആരാമമാകുന്നു" എന്നു പരിശുദ്ധാത്മാവ് അരുളിച്ചെയ്തിരിക്കുന്നു. സുകൃതസുമങ്ങൾ നിറഞ്ഞ ഒരാത്മാവിൻെറ ദിവ്യാനന്ദാനുഭൂതികളെപ്പററി മരിയമക്കൾ

ബോധമുള്ളവരായിരിക്കേണ്ടതാണ്. അങ്ങനെ അവർ തങ്ങൾക്കും അന്യർക്കും ആനന്ദദായകരായി ഭവിക്കട്ടെ.

സഹനത്തിന്റെ വിജയചിഹ്നം — "ഞാൻ പനവൃക്ഷം പോലെ മഹത്വീകരിക്കപ്പെട്ടു" എന്ന വേദവാക്യം വ്യാകുലജനനിയായ മറിയത്തിന് അന്വർത്ഥമായിരിക്കുന്നു. രക്തസാക്ഷിത്വത്തിന്റെ ചിഹ്നമാണ് പനയോല. എന്നാൽ രക്തം ചിന്താത്ത രക്തസാക്ഷിത്വത്തിന്റെ മകുടമായിരിക്കുന്ന പരി. കന്യക എല്ലാ വീരാത്മാക്കളുടെയും വിജയപതാകയായി പരിഗണിക്കപ്പെടുന്നു. നമ്മളാരും ക്ലേശങ്ങൾ കണ്ടു പേടിക്കരുത്; ജീവിത കടമകൾ നിർവ്വഹിക്കുവാൻ അലസരും വിമുഖരും ആകയുമരുത്. മാതാവിന്റെ മാതൃക അനുകരിച്ചും മാദ്ധ്യസ്ഥ്യം പ്രാർത്ഥിച്ചും നമുക്കു ശക്തി സമ്പാദിക്കാം.

വിരക്തിയുടെ അകിൽവൃക്ഷം:— വൃക്ഷങ്ങളുടെ രാജാവായി പരിഗണിച്ചിരുന്നു അകിൽവൃക്ഷങ്ങളെ. അവയെ പ്രതാപത്തിന്റേയും ശക്തിയുടേയും ലക്ഷ്യമായും കരുതിയിരുന്നു. "നീതിമാൻ ലബനാനിലെ അകിൽവൃക്ഷംപോലെ വളരും" (സങ്കീ.). സുഗന്ധവാഹിയായ ഈ ബലിഷ്ഠവൃക്ഷം വിശുദ്ധ പുണ്യത്തിന്റെ മഹത്വത്തെയും മനോഹാരിതയേയും സൂചിപ്പിക്കുന്നു. ആകയാൽ പരി. കന്യകയെ വിശുദ്ധിയുടെ അകിൽവൃക്ഷം എന്നു പ്രകീർത്തിക്കുന്നതു തികച്ചും യുക്തംതന്നെ.

വിശുദ്ധഭൂമി:— "മേഘങ്ങൾ നീതിമാനെ വർഷിക്കട്ടെ; ഭൂമി തുറന്നു രക്ഷകനെ മൊട്ടിടുകയും ചെയ്യട്ടെ" എന്ന ദീർഘദർശനംപോലെ ദിവ്യരക്ഷകനെ പുറപ്പെടുവിച്ച വിശുദ്ധ ഭൂമിയാണു പരി. മറിയം. ഈശോയുടെ മനുഷ്യത്വം പൂർണ്ണമായും മറിയത്തിൽ നിന്നാണല്ലോ. ഈ വിശുദ്ധഭൂമി ദൈവപ്രതിഷ്ഠിതമാണ്. കാരണം, മറിയം മുൻകൂട്ടി തെരഞ്ഞെടുക്കപ്പെട്ടവളാണ്. നിത്യകന്യാത്വംവഴി ദൈവത്തിനായി പ്രത്യേകം സമർപ്പിതയുമായിരുന്നു.

ദൈവത്തിന്റെ പട്ടണം:— ദൈവപുരി എന്ന അപദാനവും മാതാവിന് അനുയോജ്യമത്രെ. ഓർശ്ലത്തെപ്പററി ദൈവനഗരം എന്നു സങ്കീർത്തനങ്ങളിൽ പല പ്രാവശ്യം പറഞ്ഞിട്ടുണ്ട്. മനുഷ്യാവതാരംവഴി മറിയം ദൈവപുത്രന്റെ പ്രത്യേക വാസസ്ഥാനമായി തീർന്നു. അത്യുന്നതന്റെ പട്ടണമായി, തിരുസ്സഭയുടെ മാതാവായി, അവൾ വിരാജിക്കയും ചെയ്യുന്നു.

രക്ഷാഗമനവാതിൽ:— ദിവ്യരക്ഷകൻ ലോകത്തിലേയ്ക്കു പ്രവേശിച്ചതു് മാതാവിലൂടെയാകയാൽ അവൾ സാക്ഷാൽ രക്ഷയുടെ ആഗമനത്തിനായി തുറന്നുവച്ച വാതിൽതന്നെയാണ്. ഈ വാതിൽവഴി തന്നെയാണ് നമ്മൾ രക്ഷകന്റെ പക്കലേയ്ക്കു പ്രവേശിക്കേണ്ടതും.

മാതാവിന്റെ കന്യാത്വത്തെപ്പററിയുള്ള ഈ സ്തുതിഗീതങ്ങൾ ഇങ്ങനെ സമാപിക്കുന്നു: "മുള്ളുകളുടെ ഇടയിൽ ലില്ലിപ്പുഷ്പമെന്നപോലെ ആദത്തിന്റെ പുത്രിമാരുടെ ഇടയിൽ എന്റെ പ്രിയ." പാപപങ്കിലമായ ലോകത്തിൽ പരി: കന്യകയുടെ അദ്വിതീയസ്ഥാനം വ്യക്തമാക്കുവാൻ ഈ ഉപമ ഏററം പ്രയോജനകരമാണ്. ശ്ലേമാൻരാജാവുപോലും വയലിലെ ഈ പുഷ്പങ്ങളെപ്പോലെ അലംകൃതമല്ലായിരുന്നു എന്നു ദിവ്യരക്ഷകൻ അരുളിച്ചെയ്തിട്ടുണ്ടല്ലോ. എന്നാൽ ഈ പുഷ്പങ്ങളെക്കാൾ എത്രയോ ശ്രേഷ്ഠവും ഉന്നതവുമാണ് മറിയത്തിന്റെ സ്ഥാനം.

ആകയാൽ മാതാവിന്റെ മക്കൾ സദാ സ്മരിക്കണം അവർ പരി. കന്യകയുടെ പാദങ്ങളിൽ സമർപ്പിക്കപ്പെട്ടിരിക്കുന്ന പുഷ്പങ്ങളാണെന്ന്; അവയുടെ കാന്തിയും സൗരഭ്യവും മാധുരിയും ഒരിക്കലും നഷ്ടപ്പെടാതെ സൂക്ഷിക്കേണ്ടതാണെന്ന്.

# ദിവ്യസ്നേഹിതൻ

വിശ്വസ്തനായ സ്നേഹിതൻ ഒരു ശക്തിയേറിയ കോട്ടയാകുന്നു. അവനെ കണ്ടെത്തിയവൻ ഒരു നിധി കണ്ടെത്തിയിരിക്കുന്നു. വിശ്വസ്തനായ ഒരു സ്നേഹിതനോടു തുല്യമായി യാതൊന്നുമില്ല. അവന്റെ വിശ്വസ്തതയുടെ നന്മയെ മറയ്ക്കുവാൻ സ്വർണ്ണത്തിനോ വെള്ളിക്കോ സാധ്യമല്ല. അവൻ ജീവിതത്തിന്റേയും അമർത്ത്യതയുടേയും ഔഷധമാകുന്നു (സുഭാഷിതം. 7,14–16).

എന്നാൽ, എല്ലാ സ്നേഹിതരും വിശ്വസ്തസ്നേഹിതരല്ല. എല്ലാ സ്നേഹവും യഥാർത്ഥസ്നേഹിതത്വത്തിന്റേതല്ല. സ്വന്തം നന്മയെക്കാൾ അപരന്റെ നന്മയാഗ്രഹിക്കുന്ന അപരനുവേണ്ടി തന്നെത്തന്നെ ത്യജിക്കുവാൻ പ്രേരിപ്പിക്കുന്ന—സുഖത്തിലും ദുഃഖത്തിലും ഒന്നുപോലെ പങ്കുചേരുന്ന—അവശതയിൽ ആലംബമരുളുകയും സന്തപ്തതയിൽ ആശ്വസിപ്പിക്കുകയുംചെയ്യുന്ന—ഇരുളിൽ നേർവഴി കാണിക്കുകയും പ്രതിബന്ധങ്ങളെക്കുറിച്ചു മുന്നറിവു തരികയും ചെയ്യുന്ന സ്വാർത്ഥത കലരാത്ത, പങ്കമിയലാത്ത സ്നേഹമാണ് യഥാർത്ഥസ്നേഹം.

യഥാർത്ഥസ്നേഹം ദീർഘശാന്തതയുള്ളതും ദയയുള്ളതുമാകുന്നു. അതു് അസൂയപ്പെടുന്നില്ല; കലഹിക്കുന്നില്ല; ലജ്ജാവഹമായതു് പ്രവർത്തിക്കുന്നില്ല; തൻകാര്യം അന്വേഷിക്കുന്നില്ല; കോപിക്കുന്നില്ല; ചീത്തയായിട്ടുള്ളതു് വിചാരിക്കുന്നില്ല. അതു് അനീതിയിൽ സന്തോഷിക്കാതെ സത്യത്തിൽ സന്തോഷിക്കുന്നു. അതു് സകലവും സഹിക്കുന്നു; വിശ്വസിക്കുന്നു; പ്രതീക്ഷിക്കുന്നു; അനുഭവിക്കുകയും ചെയ്യുന്നു. (സെന്റ് പോൾ)

ഇപ്രകാരം, നിസ്സീമവും ആത്മാർത്ഥവു പരിത്യാഗസന്നദ്ധവും സഹനനിർഭരവുമായ സ്നേഹത്തോടുകൂടി നമ്മെ സ്നേഹിക്കുന്ന ആ യഥാർത്ഥസ്നേഹിതൻ ആരാണ്? സ്വാർത്ഥതയുടേയും അവിശ്വസ്തതയുടേയും കളങ്കം കലരാത്ത, ജീവിതത്തിലും മരണത്തിലും മരണാനന്തരവും നമ്മോടു ചേർന്നു നില്ക്കുകയും നമ്മെ തുണയ്ക്കുകയും ചെയ്യുന്ന നിർമ്മലനും നിത്യനും ശക്തനുമായ ആ സ്നേഹി

തൻ എവിടെയാണ്? രണ്ടായിരം കൊല്ലം മുമ്പ് സ്നാപകയോഹന്നാൻെറ ശിഷ്യന്മാർ ചോദിച്ച അതേ ചോദ്യം: "ഗുരോ, അങ്ങയുടെ വാസസ്ഥലമേതാണ്?" മാംസം ധരിച്ച അനന്തസ്നേഹമായ ക്രിസ്തു മറുപടി പറഞ്ഞു: "വന്നു കാണുക."

ആ അനന്തസ്നേഹത്തോട് നാമും ചോദിക്കുക: "ഗുരോ, അങ്ങ് വസിക്കുന്നതെവിടെയാണ്?" "വന്നു കാണുക, ഇതാ ദൈവാലയത്തിൽ, തിരുസക്രാരിയിൽ!" ഇന്ന് അവിടുത്തേയ്ക്കു പറയുവാനുള്ള മറുപടി അതായിരിക്കും.

ജീവനുള്ള ദൈവം വസിക്കുന്ന കൂടാരമാണ് തിരുസക്രാരി. നമ്മുടെ ദിവ്യസ്നേഹിതൻ, വിശ്വസ്തസ്നേഹിതൻ അവിടെ വസിക്കുന്നുണ്ട്. അവിടുത്തെ സന്ദർശിക്കുക. യാതനയിലും സുഖത്തിലും സന്തോഷത്തിലും അവിടുന്നായിരിക്കട്ടെ നമ്മുടെ സ്നേഹിതൻ, സമാശ്വാസകൻ. സ്നേഹത്താൽ തുടിക്കുന്ന ആ ദിവ്യഹൃദയത്തിങ്കൽ നമ്മുടെ ഹൃദയങ്ങളെ അടിയറവയ്ക്കുക. ആശ്വാസവും ആനന്ദവും, പ്രതീക്ഷയും വിശ്വാസവും നമ്മുടെ ഹൃദയങ്ങളിൽ പ്രവേശിക്കും, നമ്മെ കുളിർപ്പിക്കും, ചലിപ്പിക്കും, ചൈതന്യനിർഭരരാക്കും. — പ്രേഷിതൻ

**ആനന്ദപുരം:** 26-7-64 മരിയാസഖ്യത്തിൻെറ ഒരു യോഗം റവ. ഫാദർ ജേക്കബ്ബ് ഇളംകുന്നപ്പുഴ അവർകളുടെ അദ്ധ്യക്ഷതയിൽ ചേരുകയും 1964—1965-ലെ ഭാരവാഹികളെ തെരഞ്ഞെടുക്കുകയും ചെയ്തു. പ്രീഫെക്ട്മാർ: ഇ. ജെ. ഫ്രാൻസീസ്, പി. എൽ. ഏല്യ. സെക്രട്ടറിമാർ: ഇ. എൽ. ജോൺ, എൻ. എം. ആനീസ്. ഖജാൻജിമാർ: ഇ. എ. ജേക്കബ്ബ്, ടി. ഡി. ക്ലാര.


കല്യാണസാരികൾക്കു്
വെള്ളാനിക്കാരൻസ്
മോഡേൺ
ഫേബ്രിക്സ്
PHONE 90
ചാലക്കുടി


# ദിവ്യദൃഷ്ടി

— പി. ടി. എൽ. —

1. ആയിരം താരകൾത്താഴേ
പാരിലേയ്ക്കുററുനോക്കവേ,
ആദി,മദ്ധ്യാ,ന്തമില്ലാത്തോ-
രാകാശം കണ്ടുനിന്നു ഞാൻ.

2. ജ്യോതിർഗ്ഗോളങ്ങളിൽനിന്നും
ഭൂതി വാഴ്കും നഭസ്ഥലം.
നോക്കിനില്പതു താഴത്തെ,-
ന്നോർത്തുനോക്കുകയായി ഞാൻ.

3. കൂരിരുൾ കൂത്തടിക്കുന്നു
ക്രൂരവൃത്തികളായിതാ,
ഭൂരി ദാരിദ്ര്യമോ പാരിൻ
ചാരുരൂപം മറയ്ക്കയായ്.

4. സ്നേഹമെന്നൊന്നു കാണാതേ
സേവനംമാത്രമന്ത്യമായ്,
മോഹനിദ്രയിലാണിപ്പോൾ
മോഹനം വിശ്വമാകവേ.

5. കണ്ണുനീരിൻെറ താഴ്വാരം
തന്നെയാം മന്നിലൊക്കവേ,
മണ്ണുകൊണ്ടെത്ര കൊട്ടാരം
പൊങ്ങിനില്ക്കുന്നു നിത്യവും.

6. നശ്വരത്വം നിറം വീശും
വിശ്വദൃശ്യങ്ങളൊന്നിലും,
വിശ്രമിക്കാത്തതാണത്രേ
വിസ്തൃതാംബരദൃഷ്ടികൾ.

7. മിൻതരിക്കും നിറം പൂത്തും
വിണ്ടലത്തുക്കടാക്ഷമേ!,
മങ്ങിടാരശ്മി തൂകിക്കൊ,-
ണ്ടങ്ങു നീ നിന്നു നോക്കവേ,-

8. അന്ധകാരമറയ്ക്കുള്ളിൽ
ബന്ധുരാഭ പുണർന്നിടാൻ
സന്തതം മർത്ത്യവർഗ്ഗത്തി-
ന്നന്തരംഗം തുടിയ്ക്കയാം!

മണിമല

# വരണ്ടു വററിയ ദീപനാളം

[കഥാതന്തു:— ക്ലാരച്ചേടത്തിയുടെ പുന്നാരമോനാണ് മത്തായിച്ചൻ. അവൻ റാക്കറപ്പായി എന്ന ചട്ടമ്പിയുമായി കൂട്ടുകൂടി. അവൻെറ വീട്ടിൽവച്ചു റപ്പായി ഗോപാലൻ എന്ന പാവപ്പെട്ടവനെ കൊന്നു. നട്ടപ്പാതിരായ്ക്കു് അവർ വീട്ടിൽ നിന്നിറങ്ങി. തിണ്ണയിൽക്കിടന്ന പ്രേതത്തിനു സമാധാനം പറഞ്ഞതു് ക്ലാരച്ചേടത്തിയാണ്. മകൻെറ രക്ഷയ്ക്കുവേണ്ടി, കൊല നടത്തിയതു് താനാണെന്നു് അവർ ഏററുപറഞ്ഞു.

നാഴികകൾക്കപ്പുറം മലയോരങ്ങളിൽ ആ സുഹൃത്തുക്കൾ ഒളിച്ചുതാമസിച്ചു; അടിമവേലയെടുത്തു; കഴുതച്ചുമടു ചുമന്നു; കൊള്ളയ്ക്കും കൊലയ്ക്കും അവർ കൂട്ടുനിന്നു. എല്ലാവരേയും കബളിപ്പിച്ചു നടക്കുന്ന റപ്പായിയെ വരച്ചവരയിൽ നിറുത്തിയതു് ചിന്നമ്മ എന്ന യുവതിമാത്രമാണ്. അവൾ ഒരു ദുർഗ്രഹകാവ്യമാണ്. ആർക്കും പിടി കിട്ടാത്ത കുറെ രഹസ്യങ്ങളുടെ കലവറ.

യാദൃച്ഛികമായി ഒരിക്കൽ മത്തായിച്ചനു് അവളുടെ ജീവൻ രക്ഷിക്കാൻ കഴിഞ്ഞു. ആണുങ്ങളെല്ലാം ശുദ്ധ വങ്കന്മാരാണെന്നു വിശ്വസിച്ചിരുന്ന ചിന്നമ്മയ്ക്കു മത്തായിച്ചനോടു സ്നേഹം തോന്നി. ആയുസ്സിലാദ്യമായി 'സ്നേഹം' എന്ന രണ്ടക്ഷരമുപയോഗിച്ചു് അവൾ ഒരു യുവാവിനെക്കാണുകയാണ്.

അമ്മയുടെ ജയിൽവാസവാർത്ത മത്തായിച്ചൻ പത്രത്തിൽ വായിച്ചറിഞ്ഞു. അവൻ ചിന്നമ്മയുമൊന്നിച്ചു നാട്ടിലേയ്ക്കു തിരിക്കയാണ്. മാർഗ്ഗമദ്ധ്യേ അവരെക്കുടുക്കിലാക്കാൻ റാക്കറപ്പായി സി. ഐ. ഡി. ഇൻസ്പെക്ടറുടെ വേഷംകെട്ടി. പക്ഷെ 'ചക്കിനു വച്ചതു കൊക്കിനു കൊണ്ടു.' മാർഗ്ഗമദ്ധ്യേ ചിന്നമ്മ അയാളെ അറസ്ററുചെയ്യിച്ചു—ഇനി വായിക്കുക]

മത്തായിച്ചൻ ഇരുന്ന കമ്പാർട്ടുമെൻറിലേയ്ക്കാണു പിന്നീടു ചിന്നമ്മ കയറിയതു്. അവിടെ യാത്രക്കാർ 'ഭദ്രകാളിയെ പിശാചു പിടിച്ച' കഥ വിവരിക്കുന്നു. പൊടിപ്പും തൊങ്ങലും വച്ചുള്ള വിമർശനങ്ങൾ പൊടിപൊടിക്കുകയാണ്. പക്ഷെ ആ 'നാടക'ത്തിൽ ചിന്നമ്മയ്ക്കു പങ്കുണ്ടെന്നു് അവരാരും അറിഞ്ഞിട്ടില്ല; അറിയരുതേ എന്നവൾ പ്രാർത്ഥിച്ചു.

അവർ രണ്ടു പേരും ആ വിമർശനത്തിൽ ശ്രദ്ധാലുക്കളായിരുന്നു. പക്ഷെ അഭിപ്രായമൊന്നും പറഞ്ഞില്ല.

"തകുക്കും! തകുക്കും....നിന്നെത്തകുക്കും...." അവസാനിക്കാത്ത ആ ശബ്ദപരമ്പര കർണ്ണങ്ങളിൽ പിന്നെയും അലയടിക്കുന്നു. നെട്ടനെട്ടുകൻ ഇരുമ്പുപാളങ്ങളിലൂടെ വണ്ടി നീങ്ങുകയാണ്. ആ പാളങ്ങൾ അവസാനിക്കയില്ലേ? തുല്യഅകലത്തിൽ തുല്യവലുപ്പത്തിൽ അതങ്ങനെ നീണ്ടുകിടക്കുന്നു. എത്രയെത്ര സ്റ്റേഷനുകളെ ആ ഇരുമ്പുപാളങ്ങൾ പിന്നിട്ടിരിക്കുന്നു. അവിടെയൊക്കെ വണ്ടി നില്ക്കും; പക്ഷെ കുറേക്കഴിഞ്ഞു പിന്നെയും നീങ്ങുകയായി. അങ്ങനെ നില്ക്കുമ്പോഴും നീങ്ങുമ്പോഴും ഒരു നേരിയ കരച്ചിൽ കേൾക്കാം. ഭാരം വലിച്ചു നീങ്ങുമ്പോൾ ആ ഉരുക്കുയന്ത്രംപോലും കരയുകയാണ്; മനുഷ്യജീവിതമാകുന്ന തീവണ്ടിയും അങ്ങനെത്തന്നെ ചെയ്യുന്നു. യാത്ര ആരംഭിക്കുമ്പോഴും അവസാനിക്കുമ്പോഴും അവിടെയും കരച്ചിൽ കേൾക്കാം.

ഈ പ്രപഞ്ചമാകുന്ന വലിയ തീവണ്ടി ഓടാൻ തുടങ്ങിയിട്ടു നാളേറെയായി. ചെറിയ ചെറിയ സ്റ്റേഷനുകളിൽ അതു നില്ക്കാറുണ്ടു്. ആ നില്പ് അന്തിമമല്ല. പിന്നെയും നീണ്ടുനീണ്ടു നീങ്ങിക്കൊണ്ടിരിക്കും.

ജനനവും മരണവും രണ്ടു തീവണ്ടിസ്റ്റേഷനാണ്. ആ രണ്ടു സ്റ്റേഷനുകൾക്കിടയിൽ വണ്ടിയിലുള്ളവർ പിന്നെ അതിൽ കണ്ടില്ലെന്നു വരും. ആയിരങ്ങൾ ഇറങ്ങുകയും കയറുകയും ചെയ്യുന്നതാണ് തീവണ്ടിയാത്രയുടെ പ്രത്യേകത. പക്ഷെ ആ യാത്രക്കാരൊക്കെ പരസ്പരം അറിയണമെന്നില്ല. യാദൃച്ഛികമായി ചിലർ പരിചയപ്പെട്ടെന്നുവരാമെന്നേയുള്ളൂ.

കരച്ചിലിലാരംഭിക്കുന്ന ആ യാത്ര അല്പം നീങ്ങുമ്പോൾ മട്ടു് മാറിക്കഴിയും. ഉല്ലാസവും ഉച്ചൈസ്തരംഖലിതവുമായ ആ ശബ്ദപരമ്പര ആരെയാണ് നടുക്കാത്തതു്. എന്നാലും അടുത്ത സ്റ്റേഷനിൽ നില്ക്കുമ്പോൾ അതു കരച്ചിലിൽത്തന്നെ ലയിച്ചുചേർന്നുകഴിയും. വണ്ടിയിൽ ആളില്ലാതെ വരികയില്ല. ഇറങ്ങുന്നതിലുമധികം പേർ കയറിക്കൊണ്ടേയിരിക്കും.

മത്തായിച്ചനും ചിന്നമ്മയുമിരുന്ന കമ്പാർട്ടുമെൻറിലെ സഹയാത്രക്കാരെല്ലാവരും ഇറങ്ങി. പുതിയ കുറെയാളുകൾ കയറുകയും ചെയ്തു. ഇപ്പോൾ അവിടെ തിക്കും തിരക്കുമില്ല. എല്ലാവർക്കും സൗകര്യമായിരിക്കാം. വേണമെങ്കിൽ നീണ്ടുനിവർന്നിരുന്നു് നടുവൊന്നു നിവർക്കുകയും ചെയ്യാം.

"ചിന്നമ്മേ! അവൻ ചതിയനാണ്." ആളൊതുങ്ങിയപ്പോൾ മത്തായിച്ചൻ പതുക്കെപ്പറഞ്ഞു. അവരുടെ സംസാരത്തിൽ ശ്രദ്ധിക്കേണ്ട ആവശ്യം മററാർക്കുമില്ലായിരുന്നു.

"അതു ഞാൻ നേരത്തെ മനസ്സിലാക്കി."

"അവനെ പേടിക്കണം."

"ഇനിയുമോ?"

"അതെ, ഇനിയും; നമ്മളെ കുടുക്കിലാക്കാൻ അവൻ ശ്രമിക്കും."

"ആരും ലോക്കപ്പിലാണല്ലോ."

"പോലീസുകാരോട്ട് അവൻ നുണ പറയും."

"പറയട്ടെ."

"നമ്മളേയും പിടികൂടിയെന്നുവരും."

"എന്തിന്?"

"കാക്കിയുടുപ്പുകാർക്കു കാരണമൊന്നും വേണ്ടല്ലോ. കുററം ചെയ്യുവർ നോക്കിനില്ക്കെ, നിർദ്ദോഷികളെ ശിക്ഷിക്കുന്ന കൂട്ടരാണവർ."

"എന്തും വരട്ടെ. തെററു ചെയ്യാത്തവർ പേടിക്കേണ്ടതില്ല."

ഒരു പകലും രാത്രിയും കഴിഞ്ഞു. തീവണ്ടി പാടങ്ങളും പറമ്പുകളും പിന്നിട്ടു; നെടുനെടുങ്കൻ പാലങ്ങൾ കടന്നുപോയി; ഇരുണ്ട തുരങ്കങ്ങൾ കയറിയിറങ്ങി. പുതിയ ആകാശവും പുതിയ ഭൂമിയും അവർ കണ്ടു.

വണ്ടി നില്ക്കുന്നതു് തലസ്ഥാനനഗരിയിലാണ്. ആയിരക്കണക്കിനു യാത്രക്കാർ അവിടെയിറങ്ങാനുണ്ട്. മത്തായിച്ചനും ചിന്നമ്മയും ഇറങ്ങി നടന്നു. അവർ നേരെ സെൻടൽ ജയിലിലേക്കു പോകയാണ്. അവിടെ അവക്കൊരു തടവുപുള്ളിയെ കാണേണ്ടതുണ്ട്: ക്ലാരച്ചേടത്തി. അവർ കൊല നടത്തിയെന്നു സ്വയം സമ്മതിച്ചുകഴിഞ്ഞു. ഏഴു വർഷത്തേയ്ക്കാണു ശിക്ഷ. അതു കഴിഞ്ഞാൽ അവക്കു മോചനം കിട്ടും. എന്നാലും, അവർ ഒരമ്മയാണ്. മാതൃത്വം മക്കൾക്കുവേണ്ടി എന്നും ജയിൽവാസമനുഭവിക്കുന്നു. തങ്ങൾക്കനുഭവിക്കാവുന്ന എല്ലാ സ്വാതന്ത്ര്യങ്ങളും അവർ മക്കൾക്കായി ബലികഴിക്കുന്നു. ജീവിതത്തിന്റെ യാഗവേദിയിൽ ബലിവിറകും ബലിവസ്തുവും അവർതന്നെ.

മത്തായിച്ചനു് അമ്മയെ ഒരു നോക്കു കാണണം. അവർക്കുവേണ്ടി അവൻ ജയിലിൽ കിടക്കാൻ തയ്യാറാണ്. അവർ നടന്നുനീങ്ങി. യാത്രാക്ലേശം രണ്ടുപേരെയും വല്ലാതെ ഉലച്ചിട്ടുണ്ട്. ചീകിയൊതുക്കാത്ത മുടി, മുഷിഞ്ഞുചുളുങ്ങിയ വസ്ത്രങ്ങൾ, ഉറക്കക്കെടില്ലികകൊണ്ടുള്ള വല്ലായ്മ. ആകെപ്പാടെ അവർ തളർന്നിരിക്കയാണ്. കുളി കഴിഞ്ഞു സുഖമായിട്ടൊന്നുറങ്ങിയെങ്കിലേ ക്ഷീണം മാറൂ.

പക്ഷെ എല്ലാം അമ്മയെക്കണ്ടുകഴിഞ്ഞിട്ടേയുള്ളൂ. താല്പര്യപൂർവ്വം അവർ നടന്നു. സെൻടൽ ജയിലിലേയ്ക്കുള്ള വഴി പലരോടും ചോദിച്ചു.

X X X X X

പൊടുന്നനവെയാണതു സംഭവിച്ചതു്. പിന്നിൽനിന്നൊരു പോലീസ് ജീപ്പ് ഇരമ്പിപ്പാഞ്ഞുവന്നു മത്തായിച്ചന്റെ കാൽച്ചുവട്ടിലാണതു നിന്നതു്.

"ഇവനല്ലേ പുള്ളി?" അകത്തുനിന്നൊരു പൊലീസുദ്യോഗസ്ഥന്റെ ഗംഭീരമായ ശബ്ദം.

"ആ:ന്നി!...." റാക്കുറപ്പായിയുടെ മറുപടി.

"ഹേ! തന്നെ അറസ്റ്റുചെയ്യുന്നു!!"

മത്തായിച്ചൻ ഞെട്ടിത്തിരിഞ്ഞുനിന്നു. പകച്ചു നോക്കുന്നതിനിടയിൽ അവന്റെ കൈകൾ വിലങ്ങണിഞ്ഞുകഴിഞ്ഞു.

"എന്തൊരു കൊള്ളരുതായ്മയാണിതു്?" സംഭ്രമാകുലയെങ്കിലും ചിന്നമ്മ തന്റേടമായിത്തന്നെ ചോദിച്ചു: "മാനംമര്യാദയുള്ള യാത്രക്കാർക്കു വഴി നടന്നുകൂടേ?"

"ഫ! മിണ്ടിപ്പോകരുതു്....നിന്നെ പിന്നീടു കണ്ടോളാം........" അവർ തുടർന്നു പറഞ്ഞതൊന്നും എഴുതാൻ സുഖമുള്ള വാക്കുകളല്ല.

"ചിന്നമ്മേ!" എന്തു ചെയ്യേണ്ടുവെന്നറിയാതെ മത്തായിച്ചൻ വിളിച്ചു.

"ഛീ! റാസ്കൽ!!...."അവന്റെ തലയ്ക്കൊരു കിഴുക്കു കിട്ടി. "നിന്റമ്മേടെ, ചിന്നമ്മ; ആ പെണ്ണു് നിന്റെ ആരാടാ? ശബ്ദിച്ചുപോകരുതു്."

"ആ പെണ്ണു് നിന്റെ ആരു്?" പൊക്കമുള്ള ഒരു മതിൽക്കെട്ടായി ആ ചോദ്യം മത്തായിച്ചന്റെ മാർഗ്ഗത്തിൽ ഉയരുകയാണ്. അതിനപ്പുറം നീങ്ങിയെങ്കിലേ അമ്മയെക്കാണാൻ കഴിയൂ; അതിനിനി സാദ്ധ്യമല്ല.

ചിന്നമ്മയേയും ആ ചോദ്യം കുഴക്കി. അവൻ അവളുടെ ആരാണ്? ജീവിതത്തിലാദ്യമായി അവൾ ഒരു പ്രശ്നത്തിനു മുമ്പിൽ ഉത്തരം മുട്ടി നില്ക്കുന്നു. പൊലീസുകാരോട്ട് അവിടെ നിന്നു മല്ലടിച്ചതുകൊണ്ടു പ്രയോജനമില്ല. അതു കൂടുതൽ അപകടം വലിച്ചുവച്ചേക്കും. ചിന്നമ്മ തന്റെ സഹജമായ വാചാലതയ്ക്കു മൂടുപടമിട്ടു.

ഒരു പോലീസുകാരൻ മത്തായിച്ചനെ ജീപ്പിലേയ്ക്കുന്തിക്കയററി. കുറെ ചന്തപ്പിള്ളേർ ചുററും നിന്നു കൂക്കുവിളിച്ചു. കുറുനിരകൾ മാടിയൊതുക്കിയിട്ടു് ചിന്നമ്മ ആ രംഗം നോക്കിനിന്നു. മൃദുലവികാരങ്ങൾ അവളുടെ ഹൃദയത്തെ നൊമ്പരപ്പെടുത്തി.

ജീപ്പ് അവിടെയിട്ടു തിരിച്ചപ്പോൾ റാക്കുറപ്പായി പിൻഭാഗത്തു സീററുകൾക്കിടയിൽ പടിഞ്ഞിരിക്കുന്നതു കണ്ടു. അവൻ ചിന്നമ്മയെ നോക്കി ഒരു കുരങ്ങിനെപ്പോലെ പല്ലിളിച്ചു. അവൾക്കൊന്നു മനസ്സിലായി: ആ 'പഹയൻ' പകരംവീട്ടിയതാണ്. പാവം മത്തായിച്ചനെയാണല്ലോ അവൻ കുരുക്കിട്ടു പിടിച്ചിരിക്കുന്നതു്. തന്നെ എന്തിനു വെറുതെ വിട്ടിരിക്കുന്നു. അതവൾക്കു തീരെ മനസ്സിലായില്ല.

ഏതായാലും പെരുവഴിയിൽ ചിന്തിച്ചു നിന്നതുകൊണ്ടു ഫലമില്ല. അവൾ നിശ്ചയദാർഢ്യത്തോടെ മുമ്പോട്ടു നടന്നു.

ചിലർ ചോദ്യങ്ങളുമായി അവളെ വട്ടമിട്ടു; പ്രത്യേകിച്ചു് തൊഴിലില്ലാത്ത കുറെ ചെറുപ്പക്കാർ.

"വീടെവിടെയാണ്?"

"എവിടെപ്പോകുന്നു?"

"കൂടെയുണ്ടായിരുന്നതാരാ?"

"അയാളെ പോലീസുകാർ പിടിച്ചതെന്തിനു്?"

"അല്ലെങ്കിലും ഇവിടുത്തെ പോലീസുകാർ തെമ്മാടികളാ."

"ഉടനെ ഡി. എസ്. പി.യെച്ചെന്നു കാണണം."

"ഓ, അയാളൊരു കടുവായാ."

"സാരമില്ലെന്നേ; ഒക്കെ ഞാൻ ശരിപ്പെടുത്താം. എനിക്കങ്ങേരെപ്പരിചയമുണ്ട്."

ചോദ്യങ്ങളും അഭിപ്രായങ്ങളും ചിതറിച്ചിതറിയങ്ങനെ വീഴുകയാണ്; വെടിക്കെട്ടിനുള്ള പൂക്കുററിയിൽ നിന്നെന്നപോലെ.

"എനിക്കാരുടേയും സഹായം വേണ്ടാ." കടുത്തായമായ മറുപടി. അവജ്ഞാദ്യോതകമായ നോട്ടവും.

"ചേച്ചിയെന്താ ഞങ്ങളോടു പിണങ്ങുന്നെ?"

"കൂട്ടു പിരിഞ്ഞുപോയതിലുള്ള ദേഷ്യമായിരിക്കും!"

വിമർശകവീരന്മാർ പിന്നെയും അവളുടെ പിന്നാലെ ചെല്ലുകയാണ്. നാണംകെട്ട വർഗ്ഗം!

"ഒരതിനെന്താ, വേറൊരു കൂട്ടു പിടിച്ചാൽ മതിയല്ലൊ."

അപ്പറഞ്ഞവൻെറ നേർക്ക് ചിന്നമ്മ ഒന്നു തിരിഞ്ഞു നോക്കി. കിടുകിടുപ്പിക്കുന്ന നോട്ടം! "നീയാരെടാ പട്ടീ!" എന്നുള്ള ഉഗ്രമായ ഒരു തിരിച്ചടിയായിരുന്നു അതിൻെറ ഉൾപ്പൊരുൾ.

ചിന്നമ്മ നേരെ ജയിലിലേയ്ക്കാണു ചെന്നത്. അവിടെ പലരുമുണ്ട്. പക്ഷെ പുറത്തുനിന്നു വരുന്ന ഒരാളിനു് അനുവാദം കൂടാതെ അവരോടു സംസാരിച്ചുകൂടാ. അവൾ നേരെ ജയിൽ വാർഡൻെറ മുറിയിലേയ്ക്കു ചെന്നു.

"എന്താ?" ഈസിച്ചെയറിൽ പത്രം വായിച്ചുകൊണ്ടിരുന്ന ആ കഷണ്ടിക്കാരൻ ചോദിച്ചു.

"ഒരു തടവുകാരിയെക്കാണണം."

"ആരാണ്?"

"ക്ലാരച്ചേടത്തി."

"അവരുടെയാരാ?" പിന്നെയും ആ നാശംപിടിച്ച ചോദ്യം!

"മരുമകൾ." സംശയിച്ചു നില്ക്കാതെ ചിന്നമ്മ ഉത്തരം നല്കി.

"മകൻ വന്നിട്ടില്ലേ?"

"ഇല്ല."

"നിങ്ങൾ എവിടെയാണ് താമസം?"

"കുറച്ചകലെ അങ്ങു മലബാറിലാ...."

"ക്ലാരച്ചേടത്തി ഇവിടെയില്ല."

"പിന്നെവിടെയാണ്?"

"അവൾക്കു നല്ല സുഖമില്ല; ആശുപത്രിയിലാണ്."

"ഒന്നു കാണണമായിരുന്നു."

വാർഡൻ ഒരു കുറിപ്പെഴുതിയിട്ട് കോളിംഗ്ബല്ലടിച്ചു. അററൻഡർ വന്നു.

"ഈയാളിനെ ആശുപത്രിയിലേയ്ക്കൊന്നു കൂട്ടിക്കൊണ്ടുപോകൂ. നമ്പർ മുന്നൂററിപ്പതിന്നാലിനെ കാണാനാണ്." അററൻഡർ ആ കുറിപ്പു വാങ്ങി നടന്നു.

"അയാളുടെ കൂടെ ചെല്ലൂ." വാർഡൻ നിർദ്ദേശിച്ചു. ചിന്നമ്മ ആ മനുഷ്യനെ അനുഗമിച്ചു.

"ക്ലാരച്ചേടത്തിയുടെയാരാ?" പിന്നെയും അതേ ചോദ്യം. ഇവററകൾക്കു വേറൊന്നും ചോദിക്കാനില്ലേ? എല്ലാത്തിൻേറയും നാവിൻെറ തുമ്പത്ത് ആ ചോദ്യം ഒട്ടിച്ചുവച്ചിരിക്കയാണോ?

"മരുമകൾ." പറയുന്നതു പരസ്പരവിരുദ്ധമാകാതിരിക്കാൻ അവൾ ശ്രദ്ധിച്ചു.

"അവർ ഒരു പാവം സ്ത്രീയാ. അവർ കൊലപാതകം ചെയ്തെന്നു വിശ്വസിക്കാനൊക്കത്തില്ല." അററൻഡർ അഭിപ്രായപ്പെട്ടു.

"അതൊക്കെപറഞ്ഞിട്ടെന്തുഫലം? നിയമം സത്യത്തെ വിഴുങ്ങിക്കളയും." ചിന്നമ്മ സന്ദർഭം മുതലാക്കി.

"ഇവിടെ വന്നപ്പോൾമുതൽ അവൾക്കു തീരെ സുഖമില്ല. എന്നും മകൻെറ കാര്യം പറഞ്ഞു കരയുമായിരുന്നു."

"ആശുപത്രിയിലായിട്ട് എത്ര ദിവസമായി?"

"പത്തുമുപ്പതായിക്കാണും."

"ഇപ്പോൾ എങ്ങനെയിരിക്കുന്നു?"

"എന്തോ, ഒന്നുമറിഞ്ഞുകൂടാ; പറയുന്നിടത്തു പോകാനല്ലാതെ ഇഷ്ടംപോലെ വല്ലതുമന്വേഷിക്കാൻ ഞങ്ങൾക്കൊക്കുമോ?"

അവർ ആശുപത്രിവളപ്പിലെത്തി. ജയിൽവകുപ്പിനു പ്രത്യേകമായുള്ള ആശുപത്രിയാണ്. അവിടെ ചികിത്സിക്കപ്പെടുന്നവർ തടങ്കൽപ്പുള്ളികളായിരിക്കും.

അവർ ഡോക്ടരെ സമീപിച്ചു് കുറിപ്പു കൊടുത്തു. അദ്ദേഹം ചിന്നമ്മയ്ക്കു് ആ രോഗിണിയെ സന്ദർശിക്കാൻ അനുവാദം നല്കി. അവൾ പടിഞ്ഞാറുവശത്തുള്ള സ്ത്രീകളുടെ വാർഡിലേയ്ക്കു ചെന്നു. ഒരു നേഴ്സ് അവൾക്കു ക്ലാരച്ചേടത്തിയുടെ കിടക്ക ചൂണ്ടിക്കാണിച്ചുകൊടുത്തു.

ഒരുപിടി അസ്ഥിപഞ്ജരം അവിടെ ഒരു പച്ചപ്പുതപ്പിൽ പൊതിഞ്ഞുകിടക്കുന്നു. കൂടെക്കൂടെ ചെമ്പിൽ തല്ലുംമാതിരിയുള്ള ചുമയുണ്ട്; മരണത്തിൻെറ എഴുന്നള്ളത്തിനകമ്പടിസേവിക്കുന്ന ഭേരീനാദം പോലെ. വെളുത്തും ചെമ്പിച്ചും ചാരനിറം കലർന്നും കാണപ്പെട്ട തലമുടി അലക്ഷ്യമായി ജടപിടിച്ചു കിടക്കുന്നു. നാലഞ്ചു കറുത്ത മുടികളും അവയ്ക്കിടയിലിരുന്നു വീർപ്പുമുട്ടുന്നുണ്ട്. ആ മുഖത്തു കാലം തുടങ്ങിവച്ച 'ഉഴവുചാലുകൾ'ക്കു് രോഗം വല്ലാതെ ആഴം കൂട്ടിയിരിക്കുന്നു. ഒട്ടിയ കവിളും പുറത്തേയ്ക്കുന്തിനില്ക്കുന്ന പല്ലുകളും അവരെ വിരൂപിണിയാക്കി. ആ പല്ലുകളിൽ രണ്ടെണ്ണം ഇപ്പോൾ നിന്നാടുകയാണ്. സംസാരിക്കുമ്പോൾ അവയ്ക്കു വേദനയിളകും.

ഒരു കാലത്തു ക്ലാരച്ചേടത്തിയും ചിന്നമ്മയെപ്പോലെ സുന്ദരിയായിരുന്നു. ആ ചില്ലൊളിക്കവിൾത്തടങ്ങളും മുല്ലമൊട്ടുകൾപോലുള്ള പല്ലുകളും എത്ര യുവഹൃദ

യങ്ങളിൽ ചലനമുണ്ടാക്കിയിട്ടുണ്ടെന്നോ! പക്ഷെ, ഇന്നു് എല്ലാം അവക്കൊരു ബാദ്ധ്യതയാണു്. ജീവിതത്തിന്റെ ലാഭച്ചേതങ്ങൾ കൂട്ടിയെഴുതുമ്പോഴത്തെ നികത്താനാവാത്ത ബാദ്ധ്യതകൾ.

ചിന്നമ്മ അവരുടെ കണ്ണുകളിലേയ്ക്കു സൂക്ഷിച്ചു നോക്കി. ഒളി മങ്ങി കുഴിയിലാണ്ട ആ കൃഷ്ണമണികൾ പ്രകാശമററ രണ്ടു ദീപാങ്കുരങ്ങളാണു്. എന്നിട്ടും കഴിഞ്ഞുപോയ നല്ലകാലത്തിന്റെ സ്ഫുലിംഗങ്ങൾ ആ കരിന്തിരിയിൽനിന്നു തെറിച്ചുവീഴുന്നെന്നു തോന്നും.

എണ്ണ വററിയ ഒരു വിളക്കാണു് ചിന്നമ്മ അവിടെ കാണുന്നതു്. കരിന്തിരി കത്തിത്തീർന്നിട്ടില്ല. ഏതു നിമിഷത്തിലും അതു് എരിഞ്ഞണയാം. വരണ്ടു വരണ്ടു പുകഞ്ഞുകൊണ്ടിരിക്കുന്ന ദീപാങ്കുരമാണു് ആ കണ്ണുകൾ. സ്നേഹത്തിനുവേണ്ടിയുള്ള ദാഹം അവിടെ ഇപ്പോഴും ദൃശ്യമാണു്. ഒരു തുള്ളി എണ്ണ പകർന്നുകൊടുക്കുവാൻ; —കരി തട്ടിക്കളഞ്ഞു് ആ ദീപശിഖ ഒന്നു തെളിക്കുവാൻ ഏതു കൈയ്യാണു് തയ്യാറാവുക?

ചിന്നമ്മ ആ കണ്ണുകളിലേയ്ക്കു പിന്നെയും പിന്നെയും സൂക്ഷിച്ചുനോക്കി. ആ രോഗിണിയുടെ ക്ഷീണിച്ച ദൃഷ്ടികൾ ആഴത്തിൽനിന്നു പൊന്തിവരികയാണെന്നു തോന്നി.

“ആരാ....?” ആ വിറയ്ക്കുന്ന ചുണ്ടുകളിൽനിന്നു് ഒരു ചോദ്യം തെറിച്ചുവീണു. ചുമയുടെ ‘തല്ലിപ്പൊളി’യിൽനിന്നു് അതു രക്ഷപെട്ടു. ഒരു നീണ്ട ‘തമ്പേറടി’ ഉദ്ഘാടനംചെയ്യപ്പെട്ടുകഴിഞ്ഞു. കൂട്ടച്ചുമ അവരെ വല്ലാതെ വിഷമിപ്പിച്ചു. അസ്ഥികൾ തെളിഞ്ഞ ആ മാറിടം തകർന്നുപോകുമെന്നു തോന്നി.

“ഞാനാ....” കടക്കണ്ണുകൾ തുടച്ചിട്ടു് ചിന്നമ്മ മറുപടി നല്കി.

“ലിസ്സിയാണോ?”

“അല്ല.”

“മത്തായിച്ചനെക്കണ്ടോ?”

“ഇല്ല. ..”

“എന്റീശോ! അവനെ ഒന്നു കണ്ടിട്ടു മരിച്ചെങ്കിൽ....” ചുമ; പിന്നെയും ചുമതന്നെ. അത്യുഗ്രമായ കൂട്ടച്ചുമ. ആ ക്ഷീണിച്ച കണ്ഠനാളത്തിൽനിന്നു് എങ്ങനെ ഇത്രയും ശബ്ദം പുറത്തു വരുന്നുവെന്നറിഞ്ഞുകൂടാ. ഉള്ളിൽത്തിങ്ങിവിങ്ങുന്ന വികാരപരമ്പരകളുടെ അഴുക്കുചാലുകളൊക്കെ അവർ പുറംതള്ളുകയാവാം.

എന്തു പറയേണ്ടുവെന്നറിയാതെ ചിന്നമ്മ സ്തംഭിച്ചുനിന്നുപോയി. തന്നെ എങ്ങനെയാണു് ആ മരണാസന്നയ്ക്കു പരിചയപ്പെടുത്തുക? മരുമകളാണെന്നു പറഞ്ഞാൽ അവരുടെ പ്രതികരണമെന്തായിരിക്കും? അല്ലെങ്കിൽത്തന്നെ താൻ അവരുടെ മരുമകളാണോ? കുടുംബബന്ധങ്ങളെപ്പററിയുള്ള ചിന്ത അവളുടെ അന്തരംഗത്തിൽ രജതരേഖ വീശിത്തുടങ്ങിയതേയുള്ളു. അതിനിടയിലാണു കുഴഞ്ഞുമറിഞ്ഞ പ്രശ്നങ്ങളുടെ ഇത്തരം തുലാമാലകൾ.

“കുഞ്ഞേതാ?....എനിക്കു മനസ്സിലായില്ല....” പിന്നെയും ചുമ. പൊട്ടിയ കിണ്ണത്തിൽ തല്ലുന്നതുപോലെ ചിലമ്പിച്ച ശബ്ദം....നിർദ്ദയനായ ആ ചുമ അവരുടെ ജീവിതത്തെ ഇഞ്ചിഞ്ചായി തകർക്കുകയാണു്.

“ഞാൻ....” എന്തുകൊണ്ടോ ചിന്നമ്മയുടെ കടക്കണ്ണുകൾ പിന്നെയും നനയുകയാണു്....

“ഞാൻ അമ്മയുടെ മകൾ....”

“എന്റെ മകൾ....!” പിന്നെ ചുമയാണു് കൂട്ടച്ചുമ; ഏതോ കുസൃതിപ്പിള്ളേർ പള്ളിക്കൂടത്തിലെ ചേങ്ങല തല്ലിപ്പൊട്ടിച്ചിട്ടു് പിന്നെയും നിറുത്തില്ലാതെ അടിക്കുകയാണോ? ഈ ചുമയ്ക്കൊരറുതിയില്ലേ? ഒരുപക്ഷെ, അതവരുടെ ശവക്കുഴിയിലായിരിക്കും അവസാനിക്കുക.

ക്ലാരച്ചേടത്തിയുടെ കുഴിഞ്ഞ കണ്ണുകൾ നിറഞ്ഞുതുളുമ്പി. ചിന്നമ്മ സാരിത്തുമ്പുകൊണ്ടു് ആ കണ്ണീർത്തുള്ളികൾ ഒപ്പിയൊപ്പിയെടുത്തു, ഏതോ ദിവ്യമായ തീർത്ഥജലമെന്നതുപോലെ.

**മേരിവിജയം സ്പെഷ്യലിൽ**

**“കടപുഴകിയ കല്പവൃക്ഷം”**

**വികാരോജ്ജ്വലമായ അന്ത്യരംഗത്തിലേയ്ക്കു കഥ പതഞ്ഞൊഴുകുന്നു.**

**മാള:** സൊഡാലിററി ബാലവിഭാഗം 1964—1965 ലേയ്ക്കുള്ള ഭാരവാഹികളായി P. D. പൈലപ്പൻ, E. K. വർഗ്ഗീസ്, ജോർജ്ജ് ആന്റണി, P. I. ജോർജ്ജ് എന്നിവരെ യഥാക്രമം പ്രീഫെക്ററ്, അസിസ്റ്റന്റ് പ്രീഫെക്ററ്, സെക്രട്ടറി, ഖജാൻജി എന്നീ സ്ഥാനങ്ങളിലേയ്ക്കു് തെരഞ്ഞെടുത്തിരിക്കുന്നു.

ബാലികാവിഭാഗത്തിലെ പുതിയ ഭാരവാഹികൾ കുമാരി സുശീല പോൾ, കുമാരി M. O. റോസി, കുമാരി ഓമന മാളിയേയ്ക്കൽ എന്നിവരാണു്.

കല്യാണാവശ്യങ്ങൾക്കുള്ള

പെട്ടി, ചെരിപ്പ് മുതലായവയ്ക്കു്

Phone No. 987.

**C. R. JOSEPH**

LEATHER MERCHANT

Round, TRICHUR.

# ക്രിസ്തു

ജേക്കബ് കാരാമയിൽ, എസ്. ജെ.

വിശ്വാസികൾക്ക് ആനന്ദവും വിദ്വേഷികൾക്ക് വിമ്മിഷ്ടവുമുണ്ടാക്കുന്ന ആ ദിവ്യനാമം, ക്രിസ്തു. ആ നാമത്തിനെതിരായി ഖഡ്ഗങ്ങൾ ഉയരുകയും കണ്ഠങ്ങളലറുകയും ചെയ്തിട്ടുണ്ട്. ക്രിസ്തു എന്ന നാമം തന്നെ ഇന്ന് വെല്ലുവിളി എന്നതിന് ഒരു പര്യായമായിക്കഴിഞ്ഞിരിക്കുന്നു. യുഗയുഗാന്തരങ്ങളായി മനുഷ്യമസ്തിഷ്കം, ആ നാമം ഭൂമുഖത്തു നിന്നും തുടച്ചുമാററുവാൻ തത്രപ്പെടുന്നു. പക്ഷേ, അവരുടെ കുതന്ത്രങ്ങൾ ആ നാമത്തിന്നകമ്പടിസേവിക്കുന്ന കളകൂജനങ്ങളായി രൂപാന്തരപ്പെടുകമാത്രം. ക്രിസ്തുവിന്റെ രാജത്വം നിരസിക്കുവാൻ നൽകപ്പെട്ട മുൾമുടിതന്നെ ആ രാജാധിരാജന്റെ മുത്തുകിരീടമായി പ്രശോഭിക്കുന്നു. അവിടുത്തെ കരചരണാദികളിലെ ആണിപ്പഴുതുകൾ, അപമാനക്ഷതങ്ങൾ, അജയ്യനായ ഒരു രാജപുംഗവന്റെ കീർത്തിമുദ്രകളായി പ്രകാശിക്കുന്നു. അവിടുത്തെ ദൈവത്വം നിഷേധിക്കുവാൻ ഉയർത്തപ്പെട്ട കുരിശ്, ദൈവരാജ്യത്തിന്റെ വെന്നിക്കൊടിയായി വിലസിക്കുന്നു. അതെ, ക്രിസ്തുവിന് പരാജയമില്ല. ജയം നടിച്ച ജഗവീരന്മാർ പരാജയം സമ്മതിച്ചിട്ടുള്ള മരണകവാടം, ക്രിസ്തുവിന് വിജയകരമായ ഉത്ഥാനത്തിന്റെ വാതിൽമാത്രം.

അനുഭവത്തിൽനിന്നും പഠിക്കാത്ത മൂഢലോകം അജയ്യനായ ക്രിസ്തുവിന്നെതിരായി വെല്ലുവിളികൾ മുഴക്കുന്നു, ഈ നവീനയുഗത്തിലും. പിറക്കുവാൻ പുൽക്കൂട്ടിൽമാത്രം സ്ഥലം ലഭിച്ച ക്രിസ്തുവിനുവേണ്ടി പണിയപ്പെട്ടിട്ടുള്ള മനോമോഹനങ്ങളായ പള്ളികളാൽ പ്രശോഭിതമാണ് നമ്മുടെ കൊച്ചുകേരളം. ആ പള്ളികളിൽ മനുഷ്യക്ക് 'മന്നാ'ആയി വസിക്കുന്ന മനുഷ്യപുത്രൻ, ക്രിസ്തു, അവയെ ഏററം പരിപാവനമാക്കിത്തീർക്കുന്നു. അമൂല്യസ്നേഹത്തിന്റെ ഓരോ ജീവൽസ്മാരകങ്ങളാണ് ഓരോ ദേവാലയങ്ങളും. അവയ്ക്കെതിരെ കൃതഘ്നതയുടെ കരി വാരി എറിയുവാൻ, അവയെ അലങ്കോലപ്പെടുത്തുവാൻ തുനിയുന്ന മനുഷ്യമൂഢത പരിതപനീയംതന്നെ.

അധികാരവാഞ്ഛയാൽ വഞ്ചിതനായ പീലാത്തോസ്, തന്റെ മുമ്പിൽ നിർത്തപ്പെട്ട ക്രിസ്തുവിനോട്, "നീ രാജാവാകുന്നുവോ?" എന്ന ചരിത്രപ്രസിദ്ധമായ ചോദ്യം തൊടുത്തുവിട്ടു. അതിനു ലഭിച്ച മറുപടിയിൽ പദമുറപ്പിക്കാഞ്ഞതിനാൽ അദ്ദേഹം ആ ക്രൂരമായ പാതകത്തിൽ വഴുതിവീണു. ക്രിസ്തു ക്രൂശിതനായി. അഹങ്കാരഡംഭിനാൽ അന്ധരായ യൂദപ്രമാണികൾ ആണികളാൽ ബന്ധിതനായ ക്രിസ്തുവിനെ, ഇറങ്ങിവരുവാൻ വെല്ലുവിളിച്ചു. അവസാനമായി; കല്ലറയിൽ വയ്ക്കപ്പെട്ട മുദ്രിതമായ മൃതദേഹം കടന്നുകളയാതിരിക്കുവാൻ കാലാൾപ്പട കാവൽനിന്നു. എന്നിട്ടുമിതാ ക്രിസ്തു ഇന്നും ജീവിക്കുന്നു. നമ്മുടെ പള്ളികളിൽ സന്നിഹിതനായിരുന്ന് സകലലോകത്തിനും സകലമനുഷ്യർക്കും അവിടുന്ന് അനുഗ്രഹങ്ങൾ വർഷിക്കുന്നു. ദുഃഖിതരേയും ഭാരം ചുമക്കുന്നവരേയും തന്റെ പക്കലേയ്ക്ക് ക്ഷണിക്കുന്നു. എന്നാൽ പുതിയ തലമുറ, പഴയ ആ ശോകനാടകം പുനരഭിനയിക്കുകയാണ്. അക്രമയുക്തമായ ആയുധങ്ങളോടും അവഹേളനങ്ങൾ വിതറുന്ന അധരങ്ങളോടുംകൂടി അവർ അവിടുത്തെ ആലയങ്ങൾ തേടിപ്പിടിച്ച് തകർക്കുന്നു. ലളിതമായ അപ്പത്തിന്റെ രൂപത്തിൽ എഴുന്നള്ളി വസിക്കുന്ന ക്രിസ്തുവിനെ, ഇറങ്ങിവരുവാൻ വെല്ലുവിളിക്കുന്നു. അതേസമയം അന്നെന്നതുപോലെ ഇന്നും, പത്രോസും പ്രിയ യോഹന്നാനും ഇതികർത്തവ്യതാമൂഢരായി കണ്ടുനിൽക്കുന്നു. മറിയവും മഗ്ദലനയും കണ്ടുനിന്ന് കണ്ണുനീർ വാർക്കുന്നു. "നമുക്കും അവനോടൊത്ത് പോയി മരിക്കാ"മെന്ന് സധൈര്യം ഉൽഘോഷിച്ച തോമ്മാ ഇന്നെവിടെ?

അജയ്യപ്രഭോ, അതുല്യ ജേതാവേ, ഇതാ അങ്ങയുടെ കൊച്ചു പടയാളി. സമരസന്നാഹങ്ങൾ അങ്ങേക്കാവശ്യമില്ല. സമരസന്നദ്ധരായ അനവധി അമ്പരസൈന്യവ്യൂഹങ്ങൾ അങ്ങയുടെ ആജ്ഞപാർത്ത് അക്ഷമരായി നിൽക്കുന്നു. പക്ഷേ, അങ്ങേയ്ക്കവരുടെ സഹായം ആവശ്യമില്ല അണുമാത്രപ്രാപ്തനായ എന്നേയാണ് അങ്ങുന്ന് വിളിക്കുന്നത്. എന്താണ് അങ്ങെന്നിൽനിന്നും ആവശ്യപ്പെടുന്നത്? ഇതാ, തകർന്ന പള്ളികൾക്കു പകരം തുറന്ന എന്റെ ഹൃദയം, എഴുന്നള്ളി വസിച്ചാലും.

---

**എടക്കുളം 6-9-'64.** മരിയാസഖ്യത്തിന്റെ ഒരസാധാരണയോഗം ചേർന്ന് ഭാരവാഹികളെ തെരഞ്ഞെടുത്തു. പ്രിഫെക്ററമാർ ഒ. ജെ. പോൾസൺ, യു. കെ. ട്രീസ്സാ. അസി. പ്രിഫക്ററ് പി. ഡി. ജോസ്. സെക്രട്ടറിമാർ സി. വി. ജോസ്, പി. എം. ഏല്യക്കുട്ടി. ഖജാൻജിമാർ പി. പി. ജോർജ്ജ്, എം. ജെ. ബററി.



For Favours Received.

•

Excuse Delay

•

J. Pulikkottil,
Engandiyur.

# നിങ്ങളുടെ സംശയങ്ങൾ

(ഫാദർ ആൻറണി അന്തിക്കാട്ടു് എൽ. പിഎച്ച്., എൽ. ഡി., സെമ്മിനാരി, തോപ്പ്, തൃശ്ശൂർ-5)

79. ഒരുവൻ മനസ്താപത്തോടെ അന്ത്യകുമ്പസാരം കഴിക്കയിൽ ഒരു മാരകപാപം കുമ്പസാരിക്കാൻ മറന്നുപോയെങ്കിൽ മരണാനന്തരം അവനു് സ്വർഗ്ഗഭാഗ്യം ലഭിക്കുമോ? (ദേവസ്സി, എ. മഞ്ഞളി, വാടാനപ്പിള്ളി)

കുമ്പസാരത്തിൽ ഒരു പാപം പറയാൻ മറന്നുപോയാലും, എല്ലാ പാപങ്ങളെപ്പററിയും പൊതുവെ മനസ്താപമുണ്ടെങ്കിൽ, ആ പാപത്തിനും മോചനം ലഭിക്കുന്നതാണു്. പിന്നീടു് കുമ്പസാരിക്കാൻ അവസരം ലഭിച്ചാൽ, മറന്ന പാപം ഓർമ്മയിൽ വരുന്നെങ്കിൽ, അതു് കുമ്പസാരിക്കാനുള്ള ചുമതലയുണ്ടു്. കുമ്പസാരിക്കാൻ അവസരം കിട്ടുന്നതിനുമുമ്പു മരിച്ചാൽ, കുമ്പസാരത്തിൽ ഒരു പാപം മറന്നുപോയി എന്ന കാരണത്താൽ സ്വർഗ്ഗഭാഗ്യം തടയപ്പെടുകയില്ല.

80. എന്തെങ്കിലും കാര്യം സാധിക്കുന്നതിനു് നേർച്ച നേർന്നതിനുശേഷം, ആ കാര്യം സാധിച്ചില്ലെങ്കിൽ നേർച്ച നിറവേററുവാൻ കടമയുണ്ടോ?

(സി. ഡി. വർഗ്ഗീസ്, കൈപ്പമംഗലം)

എന്തെങ്കിലും സൽകൃത്യം പാപത്തിൻകീഴ് കടപ്പെടുന്നതായി സമ്മതിച്ചു് അനുഷ്ഠിച്ചുകൊള്ളാമെന്നു് ദൈവത്തോടു ചെയ്യുന്ന വാഗ്ദാനമാകുന്നു നേർച്ച. പ്രാധാന്യമർഹിക്കുന്ന ഏതെങ്കിലും ഒരു കാര്യം ചെയ്തുകൊള്ളാമെന്നു് ദൈവത്തോടു് വാഗ്ദാനം ചെയ്തതിനുശേഷം കഴിവുണ്ടായിട്ടും അതു് നിർവ്വഹിക്കാതിരിക്കുന്നവൻ ഗൗരവമായ പാപത്തിൽ വീഴുന്നു. എന്നാൽ ഉദ്ദിഷ്ടകാര്യം സാധിച്ചാൽമാത്രമേ നേർച്ച നിറവേററുന്നതിനു്, നേർച്ച നേർന്ന സമയത്തു് ഉദ്ദേശമുണ്ടായിരുന്നുള്ളുവെങ്കിൽ, ഉദ്ദിഷ്ടകാര്യം സാധിക്കാത്തപക്ഷം നേർച്ച നിറവേററുന്നതിനു് കടമയില്ല.

81. വൈദികരെയും കന്യാസ്ത്രീകളെയും ഗൗരവമായ കാരണങ്ങൾക്കു് തിരുസ്സഭയിൽനിന്നു് മഹറോൻ ചൊല്ലുകയോ ളോഹ ഊരിപ്പിക്കുകയോ ചെയ്യാമോ? (സി. ജെ. ദേവസ്സി, തിരൂർ, മുളകുന്നത്തുകാവു)

വൈദികരെയും കന്യാസ്ത്രീകളെയും മഹറോൻ ചൊല്ലുന്നതിനും അവരെ വൈദികവസ്ത്രമോ സന്യാസവസ്ത്രമോ ധരിക്കുന്നതു് നിരോധിക്കുന്നതിനും അത്മായവസ്ത്രം മാത്രം ധരിക്കുന്നതിനു് നിർബന്ധിക്കുന്നതിനും തിരുസ്സഭയ്ക്കു് അധികാരമുണ്ടു്. വളരെ ഗൗരവമായ കുററങ്ങൾക്കുമാത്രമേ അപ്രകാരം ചെയ്യുകയുള്ളു. അതിനു് പ്രത്യേക കാനൻനിയമങ്ങളുമുണ്ടു്.

82. പാപങ്ങൾ ഏററുപറയാതെ പാപമോചനം നല്കപ്പെട്ടുകൂടേ? (സാനി പാറേക്കാട്ടു്, ഭോപാൽ)

അപ്രകാരമാണു് ദൈവം നിശ്ചയിച്ചിരുന്നതെങ്കിൽ അങ്ങനെ ചെയ്യാമായിരുന്നു. എന്നാൽ ക്രിസ്തുനാഥൻ കുമ്പസാരം എന്ന കൂദാശ സ്ഥാപിച്ചപ്പോൾ, പാപങ്ങൾ മോചിക്കുന്നതിനും മോചിക്കാതിരിക്കുന്നതിനുമുള്ള ഉത്തരവാദിത്തവും അധികാരവും വൈദികനു് നല്കി. പാപം മോചിക്കണമോ പിടിക്കണമോ എന്നു് തീരുമാനിക്കുന്നതിനു്, പാപി, അധികാരമുള്ള വൈദികനെ പാപങ്ങൾ അറിയിക്കണം. "നിങ്ങൾ ആരുടെ പാപങ്ങൾ മോചിക്കുമോ അവ മോചിക്കപ്പെട്ടിരിക്കും; നിങ്ങൾ ആരുടെ പാപങ്ങൾ പിടിക്കുന്നുവോ അവ പിടിക്കപ്പെട്ടിരിക്കും" എന്നാണല്ലൊ ക്രിസ്തുനാഥൻെറ വാക്കുകൾ (വി. യോഹന്നാൻ. 20, 23)

83. കത്തോലിക്കാസഭയുടെ സാമ്പത്തികവും രാഷ്ട്രീയവുമായ നിയമങ്ങൾ ഒരു കത്തോലിക്കനു് അനുസരിക്കുവാൻ കടമയുണ്ടോ? (സാനി പാറേക്കാട്ടു്, ഭോപാൽ)

ദൈവവിശ്വാസം, മതം, സന്മാർഗ്ഗബോധം ഇവയെ പ്രത്യക്ഷമായോ പരോക്ഷമായോ ബാധിക്കുന്ന കാര്യങ്ങളിൽമാത്രമേ സാമ്പത്തികവും രാഷ്ട്രീയവുമായ മണ്ഡലങ്ങളിൽ തിരുസ്സഭ ഇടപെടുകയുള്ളു. അങ്ങനെയുള്ള കാര്യങ്ങളിൽ കത്തോലിക്കാസഭയുടെ നിയമങ്ങൾ ഓരോ കത്തോലിക്കനും അനുസരിക്കണം.

84. ക്രിസ്തുവർഷം, ക്രിസ്തുവിൻെറ ജനനംമുതല്ക്കോ ഉത്ഥാനം മുതൽക്കോ, എന്നു മുതൽക്കാണു് കണക്കാക്കുന്നതു്? (ലോനപ്പൻ നമ്പാടൻ, കല്ലൂർ, അളഗപ്പനഗർ)

ക്രിസ്തുവിൻെറ ജനനത്തോടെയാണു് ക്രിസ്തുവർഷം ആരംഭിക്കുന്നതു്.

85. മാർപ്പാപ്പമാർ ദൈവത്തെ നേരിട്ടു കണ്ടു് സംസാരിക്കുന്നുണ്ടോ?

(ജോർജ്ജ് കരുത്തി, പേരാമ്പ്ര, കൊടകര)

മാർപ്പാപ്പമാർ ഈ ലോകത്തിൽ ജീവിച്ചിരിക്കുമ്പോൾ ദൈവത്തെ നേരിട്ടു കാണണമെന്നില്ല. ദൈവം ചിലക്കു് ഈ അനുഗ്രഹം നൽകിയേക്കാം; പക്ഷെ അങ്ങനെ നൽകപ്പെടണമെന്നു് നിർബന്ധമില്ല.

മേൽവിലാസമില്ലാത്തവരുടെ സംശയങ്ങൾ പ്രസിദ്ധീകരിക്കുന്നതല്ല. പേരു് പ്രസിദ്ധീകരിക്കരുതെന്നുള്ളവർ, അക്കാര്യം എഴുത്തിൽ പ്രത്യേകം കാണിക്കണം; അവരുടെയും പൂർണ്ണമായ മേൽവിലാസം കത്തിലില്ലെങ്കിൽ, സംശയം പരസ്യപ്പെടുത്തുന്നതല്ല.

# ഇന്ത്യാസന്ദർശനത്തിന് മാ

— ജോസഫ് ചാ

അഖിലലോക ദിവ്യകാരുണ്യ കോൺഗ്രസ്സിൽ സംബന്ധിക്കുവാനായി പോൾ ആറാമൻ മാർപ്പാപ്പാ തിരുമനസ്സുകൊണ്ട് ബോംബെയിലേയ്ക്കു് എഴുന്നള്ളുമെന്ന സുവാർത്ത ഇതിനകം എല്ലാവരും അറിഞ്ഞുകഴിഞ്ഞിട്ടുണ്ടല്ലൊ. ഇന്ത്യയുടെ ദേശീയജീവിതവും ഏഷ്യയിലെ ക്രിസ്തുമതചരിത്രവും സംബന്ധിച്ചേടത്തോളം പരി. പിതാവിന്റെ ഇന്ത്യാസന്ദർശനം അഭൂതപൂർവ്വവും നിസ്തുലവുമായ ഒരു സംഭവമായിരിക്കും. മിഷൻഞായറാഴ്ച ദിവസം, അതും, ആഫ്രിക്കയിലെ മിഷൻരാജ്യങ്ങളിൽ രക്തസാക്ഷികളായി മരിച്ച 22 ആഫ്രിക്കക്കാരെ വിശുദ്ധരെന്നു പ്രഖ്യാപിച്ച സന്ദർഭത്തിൽ, ആണ് മാർപ്പാപ്പാ ഈ സന്ദർശനവാർത്ത ഔദ്യോഗികമായി അറിയിച്ചതു്. അങ്ങനെ, ലോകമെങ്ങുമുള്ള മിഷനറിമാരോടും, മിഷൻരാജ്യങ്ങളിലെ കത്തോലിക്കരോടും, സാർവ്വദേശീയമിഷൻപ്രവർത്തനങ്ങളോടും, മിഷൻരാജ്യങ്ങളിലെ അക്രൈസ്തവമതസ്ഥരോടും ഉള്ള തിരുമേനിയുടെ അനുഭാവവും സ്നേഹവായ്പും ഔദാര്യമനസ്ഥിതിയുമെല്ലാമാണ് ഈ സന്ദർശനത്തിൽ പ്രതിഫലിച്ചുകാണുന്നതു്. ഭാരതത്തിലെ 50 കോടിയോളംവരുന്ന ഹിന്ദുക്കളുമായി അടുത്തിടപഴകുവാൻ ഒരു മാർപ്പാപ്പ ഇന്ത്യയിലേയ്ക്കുതന്നെ എഴുന്നള്ളുന്നതു് നമുക്കേവർക്കും അത്യന്തം ഹർഷജനകംതന്നെയാണ്. തിരുമേനി ഈ സന്ദർശനത്തിനു് ആവശ്യപ്പെട്ടിരിക്കുന്ന മൂന്നു വ്യവസ്ഥകളെക്കുറിച്ചാണ് ഇവിടെ അല്പം പ്രതിപാദിക്കുവാൻ ഉദ്ദേശിക്കുന്നതു്.

## ആദ്ധ്യാത്മികമായ തീർത്ഥയാത്ര

ഒന്നാമതായി മാർപ്പാപ്പയുടെ ഇന്ത്യാസന്ദർശനം ഇന്ത്യയുടെ ശ്രേഷ്ഠമായ ആദ്ധ്യാത്മികപാരമ്പര്യങ്ങൾക്ക് അനുരൂപമായ ഒരു ആദ്ധ്യാത്മികതീർത്ഥയാത്രയായിരിക്കാനാണ് തിരുമേനി അഭിലഷിക്കുന്നതു്. അതു തീർത്ഥയാത്രയും ഭാരതത്തിന്റെ ചൈതന്യത്തിനും അന്തസ്സത്തയ്ക്കും അനുയോജ്യംതന്നെയാണ്. ചരിത്രാതീതകാലംമുതൽക്കുതന്നെ ഭാരതത്തെപ്പോലെ ആദ്ധ്യാത്മികജീവിതത്തിലും ഈശ്വരചിന്തയിലും അടിയുറച്ചു നിലനിന്നുപോന്നിട്ടുള്ള രാജ്യങ്ങൾ വേറെയില്ലെന്നുതന്നെ പറയാം. "പാരിനുള്ളടിക്കല്ല് പാർത്തു കണ്ടറിഞ്ഞ"വരായ ഋഷിമാരുടെ രാജ്യമാണ് ഭാരതം. "ചെങ്കോലു ദൂരത്തിട്ട് യോഗദണ്ഡെടു"ക്കുകയും "പൊൻകിരീടത്തെജ്ജടാചൂഡമായ് മാററു"കയും ചെയ്തിട്ടുള്ള ഭരണാധിപന്മാരുടെ നാടാണ് ആർഷഭാരതം. 'ധ്യാനംകൊണ്ടാത്മാവെ ആത്മാവിൽ കാണുന്ന' ഒരു പാരമ്പര്യമാണ് ഇന്ത്യയ്ക്കുള്ളതു്. ഈശ്വരചിന്തയുടെ അതിരുകവിഞ്ഞ ആവേശത്തിൽ ദ്വൈതം, അദ്വൈതം, വിശിഷ്ടാദ്വൈതം, വിശ്വദേവതാവാദം, പുനർജന്മവാദം എന്നിങ്ങനെയുള്ള സിദ്ധാന്തങ്ങളിലെല്ലാം അവർ ചെന്നെത്തിയവരാണ്. ശങ്കരൻ, രാമാനുജൻ, മാധവൻ, ചൈതന്യൻ, കബീർ, പരമഹംസർ, വിവേകാനന്ദൻ തുടങ്ങിയ അതുല്യശീർഷരായ ആദ്ധ്യാത്മികനേതാക്കന്മാർ ഭാരതത്തിലുണ്ടായിട്ടുണ്ട്. ക്രിസ്തുവർഷം ഒന്നാം നൂററാണ്ടിൽത്തന്നെ ക്രിസ്തുവിന്റെ പന്ത്രണ്ടു് അപ്പോസ്തോലന്മാരിൽ ഒരുവനായ വി. തോമാശ്ലീഹായിൽനിന്നു ക്രൈസ്തവവിശ്വാസദീപം ലഭിക്കയും അതു് അഭംഗം നിലനിർത്തിപ്പോരുകയും ചെയ്ത ഒരു ചെറിയ ക്രൈസ്തവസമൂഹത്തിന്റെ ആദ്ധ്യാത്മികപാരമ്പര്യവും ഭാരതത്തിനുണ്ട്. ഈ വസ്തുതകളെല്ലാം നല്ലവണ്ണം കൺമുമ്പിൽ വെച്ചുകൊണ്ടുതന്നെയാണ് ഇന്നത്തെ ലോകത്തിലെ ഏററവും വലിയ ആദ്ധ്യാത്മികശക്തിയും ധാർമ്മികനേതാവും ക്രിസ്തുവിന്റെ പ്രതിപുരുഷനുമായ മാർപ്പാപ്പാ തിരുമേനി തന്റെ ഇന്ത്യാസന്ദർശനം തികച്ചും ആദ്ധ്യാത്മികമായ ഒരു തീർത്ഥാടനമായിരിക്കുമെന്നു് പ്രസ്താവിച്ചതു്. പരി. കുർബാനയിലെ ക്രിസ്തുനാഥനു് അഖിലലോകത്തിന്റേയും നാമത്തിൽ പരസ്യാരാധന സമർപ്പിക്കപ്പെടുന്ന ആ മഹാകർമ്മത്തിൽ പങ്കെടുക്കുന്നതിനുപുറമെ, മതനേതാക്കന്മാരേയും സാമാന്യജനങ്ങളേയും കണ്ടുമുട്ടുന്നതിനും അവർക്കു സ്നേഹത്തിന്റേയും സൌമനസ്യത്തിന്റേയും സന്ദേശം പകർന്നുകൊടുക്കുന്നതിനും ക്രിസ്തുനാഥന്റെ അനുഗ്രഹവർഷം അവരുടെമേൽ ആശംസിക്കുന്നതിനും ഈ തീർത്ഥയാത്രയിൽ തിരുമേനിക്കു് അവസരം ലഭിക്കുന്നതാണ്. അങ്ങനെ ക്രിസ്തുവിന്റെ ആദ്ധ്യാത്മികത്വം ശരിക്കു മനസ്സിലാക്കുന്നതിനു് ഭാരതത്തിലെ ആദ്ധ്യാത്മികത്വത്തിനു് കഴിവുണ്ടാകട്ടെ എന്നും നമുക്കു പ്രാർത്ഥിക്കാം.

## ലളിതമായ സ്വീകരണം

രണ്ടാമതായി മാർപ്പാപ്പാ ഉന്നയിച്ച വ്യവസ്ഥ, സന്ദർശനപരിപാടികൾ തികച്ചും ലളിതമായിരിക്കണം എന്നുള്ളതാണ്. ഇതിലും, തിരുമേനിയുടെ വിശാലമനസ്കതയും, കാര്യഗ്രഹണപാടവവും, "ഇന്ത്യയെ കണ്ടെത്തലു"മാണ് വിളങ്ങി പ്രശോഭിക്കുന്നതു്. അതെ, ലളിതമായ ജീവിതവും ഉയർന്ന ചിന്തയുമാണ് ഇന്ത്യയുടെ പാരമ്പര്യം. വളരെ ലളിതമായ ജീവിതം നയിച്ചിരുന്ന സന്യാസികളുടേയും ഫക്കീർമാരുടേയും രാജ്യമാണ് ഇന്ത്യ. ഒരു സാധാരണ ഇന്ത്യാക്കാരൻ ഇന്നും ജീവിച്ചുപോരുന്നതു് വളരെ ലളിതമായ ജീവിതപരിപാടികൾ സ്വീകരിച്ചുകൊണ്ടാണ്. മഹാത്മഗാന്ധി നയിച്ച ലളിതമായ ജീവിതരീതിയെപ്പററി പോൾ മാർപ്പാപ്പാ പരാമർശിക്കയുണ്ടായി എന്നുള്ള വസ്തുതയും പ്രത്യേകം

# ...പ്പയുടെ മൂന്നു വ്യവസ്ഥകൾ

...എ., ബി. ടി. —

സ്മരണീയമാണ്. ഇന്ത്യയിലെന്നല്ല, ഇംഗ്ലണ്ടിലെ തണുത്ത കാലാവസ്ഥയിൽപ്പോലും, വെറും ഒരു ചെറിയ മുണ്ടു മാത്രം ഉടുത്തുകൊണ്ടു് ജീവിച്ച നമ്മുടെ രാഷ്ട്രപിതാവിന്റെ ലളിതജീവിതം തിരുമേനിയെ ഹഠാദാകർഷിച്ചിട്ടുണ്ടു്. ക്രിസ്തുമതം പഠിപ്പിക്കുന്നതും ലളിതമായ ജീവിതരീതിയാണു്. ചുരുങ്ങിയ വരുമാനംകൊണ്ടു ലളിതമായ ജീവിതം നയിച്ചുവരുന്ന ഭാരതത്തിലെ ദരിദ്രലക്ഷങ്ങളെ സന്ദർശിക്കുവാൻവരുന്ന ക്രിസ്തുവിന്റെ പ്രതിപുരുഷൻ ലളിതമായ സ്വീകരണമേ തനിയ്ക്കു നൽകാവൂ എന്നു ശഠിക്കുന്നതും തികച്ചും സമുചിതവും സമീചീനവുമാണ്. ആർഭാടങ്ങളും അലങ്കാരമോടികളും അമിതമായ പണച്ചെലവും ഒന്നും ഇല്ലാത്തതായ ഒരു ലളിതസ്വീകരണം തിരുമേനിക്കു നല്കുവാൻ ഭാരവാഹികൾ പ്രത്യേകം ശ്രദ്ധിക്കുമെന്നാണു് ഇതിൽനിന്നു നാം ഊഹിക്കേണ്ടതു്.

## പാവങ്ങളെ സന്ദർശിക്കുവാൻ

പാവപ്പെട്ടവരെ സന്ദർശിക്കുവാൻ സൌകര്യമുണ്ടാകണം എന്നുള്ളതായിരുന്നു പോൾ മാർപ്പാപ്പാ ഉന്നയിച്ച മൂന്നാമത്തെ വ്യവസ്ഥ. അതിനു "പാവപ്പെട്ടവർ നിങ്ങളോടുകൂടെ എപ്പോഴും ഉണ്ടായിരിക്കും" എന്നുള്ള ക്രിസ്തുവിന്റെ വാക്യം ഉദ്ധരിച്ചുകൊണ്ടു് കർദ്ദിനാൾ ഗ്രേഷ്യസ് തിരുമേനി അനുകൂലമായ മറുപടി നല്കുകയും ചെയ്തു. തൊഴിലാളികളുടേയും പാവപ്പെട്ടവരുടേയും മെത്രാപ്പോലീത്ത എന്നപേരിലാണു് മൊന്തിനി തിരുമനസ്സുകൊണ്ടു് മിലാനിൽ വിഖ്യാതനായിത്തീർന്നതു്. അദ്ദേഹം പോൾ മാർപ്പാപ്പയായി സ്ഥാനാരോഹണം ചെയ്തപ്പോൾ തൊഴിലാളികളോടും പാവപ്പെട്ടവരോടുമുള്ള ആ സ്നേഹം കുറേക്കൂടി വർദ്ധിക്കുകയാണു ചെയ്തിട്ടുള്ളതു്. ബോംബെ കോൺഗ്രസ്സ് പ്രമാണിച്ച് ഇന്ത്യയിലെ പാവപ്പെട്ടവർക്കു് ജാതിമതഭേദമെന്യെ ഭക്ഷണവും മരുന്നും നൽകുന്നതിനായി 25 ലക്ഷം രൂപ മാർപ്പാപ്പാ തിരുമേനി കർദ്ദിനാൾ ഗ്രേഷ്യസിനെ ഏല്പിച്ചു കഴിഞ്ഞിട്ടുണ്ടു്. പല തരത്തിലുള്ള വിദേശസഹായങ്ങളുടെ കാലമാണിതെങ്കിലും, ഇത്രയും പരിപാവനമായ, രാഷ്ട്രീയ "കൊളുത്തു"കളൊന്നുമില്ലാത്തതായ, ദീനാനുകമ്പയാൽ മാത്രം പ്രേരിതമായ, സഹായങ്ങൾ ഇന്ത്യയ്ക്കു അപൂർവ്വമായേ ലഭിയ്ക്കാറുള്ളൂ. "എനിക്കു ജനക്കൂട്ടത്തിന്റെമേൽ അലിവു തോന്നുന്നു" എന്നു്, രണ്ടുമൂന്നു ദിവസം ഭക്ഷണമൊന്നും കഴിക്കാതെ തന്നെ അനുഗമിച്ചിരുന്ന വലിയ ജനക്കൂട്ടത്തെ കണ്ടുകൊണ്ടു തിരുവായ് മൊഴിയുകയും അവർക്കെല്ലാം സുഭിക്ഷമായ ഭക്ഷണം ഒരത്ഭുതം വഴിയായി നൽകുകയുംചെയ്ത ക്രിസ്തുനാഥന്റെ പ്രതിപുരുഷനായ മാർപ്പാപ്പയിലും പാവങ്ങളോടുള്ള സഹാനുഭൂതി ഉണ്ടാകേണ്ടതു് ന്യായം മാത്രമാണ്. ധനാഢ്യരുടേയും, പ്രമാണികളുടേയും, ഭരണാധികാരികളുടേയും, ഉദ്യോഗസ്ഥന്മാരുടേയും, വൈദികാധികാരികളുടേയും വലയത്തിനുള്ളിൽ പെട്ടുപോകുക എന്നുള്ളതാണ് ഈദൃശസന്ദർശനവേളകളിൽ ലോകമഹാന്മാർക്കു് അനുഭവപ്പെടാറുള്ളതു്. അതു പോരെന്നും, ആ വലയത്തെ ഭേദിച്ചുകൊണ്ടു്, പാവപ്പെട്ടവരുടെ ഇടയിലേക്കു് ഇറങ്ങിച്ചെല്ലണമെന്നും അവരുമായി ഇടപഴകണമെന്നുമാണ് തിരുമേനിയുടെ അഭിലാഷം. ക്രിസ്തുവിന്റെ പ്രതിപുരുഷനു തികച്ചും അനുയോജ്യമായ ഈ ആഗ്രഹം നിറവേറുമെന്നു നമുക്കു് പ്രതീക്ഷിക്കാം.

## ചില നിഗമനങ്ങൾ

മാർപ്പാപ്പയുടെ ഈ മൂന്നു വ്യവസ്ഥകൾ, കത്തോലിക്കാ സഭയുടെ വീക്ഷണഗതിയിൽ വന്നുകൊണ്ടിരിക്കുന്ന വലിയ മാററങ്ങളുടേയും, സഭാഭരണത്തിന്റെ അലകും പിടിയും മാറുന്നതരത്തിലുള്ള പരിവർത്തനങ്ങളുടേയും, കാലത്തിന്റെ ചുമരെഴുത്തു് മനസ്സിലാക്കിക്കൊണ്ടുള്ള ചില കരുനീക്കങ്ങളുടേയുമെല്ലാം ബഹിർസ്ഫുരണങ്ങളാണെന്നുള്ള നിഗമനത്തിൽ തെററില്ലെന്നു തോന്നുന്നു. രണ്ടാം വത്തിക്കാൻ കൗൺസിൽ വിളിച്ചുകൂട്ടുന്നതു് എന്തിനാണെന്നു് ജോൺ മാർപ്പാപ്പയോടു് ആരോ ചോദിച്ചപ്പോൾ അദ്ദേഹം ഇരുന്ന മുറിയുടെ ജനാല കുറേക്കൂടി തുറന്നിട്ടു "കുറെ ശുദ്ധവായു കയറട്ടെ" എന്നു് അർത്ഥം വരത്തക്കവിധം മറുപടി പറഞ്ഞതായി പത്രങ്ങളിൽ കാണുകയുണ്ടായി. ആ വിശാലമനഃസ്ഥിതിയുടെ പ്രതിഫലനമായിട്ടു് മാർപ്പാപ്പയുടെ ഇന്ത്യാസന്ദർശനത്തെ കരുതാവുന്നതാണ്. വളരെ നൂററാണ്ടുകൾ പഴക്കമുള്ള ചില പാരമ്പര്യങ്ങളേയും, മാമൂലുകളേയും, കൂട്ടുകെട്ടുകളേയും, അധികാരകേന്ദ്രീകരണത്തേയും, അകൽച്ചകളേയും, വിപ്രതിപത്തികളേയും തകർത്തു തരിപ്പണമാക്കിക്കൊണ്ടു കൂടുതൽ വിശാലവീക്ഷണവും, ഇതരസഭകളോടുള്ള സമ്പർക്കവും, അക്രൈസ്തവമതങ്ങളോടുള്ള സ്നേഹസമീപനവും, എല്ലാവരോടും, പ്രത്യേകിച്ചു്, പാവപ്പെട്ടവരോടുമുള്ള സഹാനുഭൂതിയും, സഭാഭരണാധികാരത്തിന്റെ ഭാഗികമായ വികേന്ദ്രീകരണവും, ഏതുകാര്യത്തിലും ഒററപ്പെട്ടു നില്ക്കുവാനുള്ള പ്രവണതകളുടെ നിർമ്മാർജ്ജനവും— ഇങ്ങനെ പലതും വത്തിക്കാനിൽനിന്നു നമുക്കു് പ്രതീക്ഷിക്കാമെന്നുള്ളതിന്റെ സൂചനകളാണിതെല്ലാം. എന്നാൽ, അതേസമയംതന്നെ സനാതനങ്ങളായ വിശ്വാസസത്യങ്ങളും സന്മാർഗ്ഗമൂല്യങ്ങളും സംരക്ഷിക്കുന്ന ശക്തിയേറിയ ഒരു മഹാദുർഗ്ഗമായും വത്തിക്കാൻ നിലകൊള്ളുകയുംചെയ്യും.

മരിയാപുരം: 16-8-'64 സൊഡാലിററിയംഗങ്ങൾ പ. മാതാവിൻെറ സ്വർഗ്ഗാരോപണത്തിരുനാൾ ആഡംബരപൂർവ്വം കൊണ്ടാടുകയുണ്ടായി. കാലത്തു് ആഘോഷമായ പാട്ടുകുർബ്ബാനയും ഉച്ചതിരിഞ്ഞു് ഗ്രോട്ടോയിലേയ്ക്കു് ഒരു ജപമാലപ്രദക്ഷിണവും, ലദീഞ്ഞുമുണ്ടായിരുന്നു. തുടർന്നു ചേർന്ന പൊതുയോഗത്തിൽ റവ. ഫാദർ ജോസഫ് കാക്കശ്ശേരി അദ്ധ്യക്ഷതവഹിക്കുകയും റവ. ഫാദർ പോൾ കല്ലൂക്കാരൻ, ശ്രീ പി. ഒ. കൊച്ചുവാറുണ്ണി, കുമാരി കെ. ഒ. അന്നമ്മ എന്നിവർ പ്രസംഗിക്കുകയും ചെയ്തു. യോഗത്തിൽ കുട്ടികളുടെ വിവിധ കലാപരിപാടികൾ ഉണ്ടായിരുന്നു. റവ. ഫാദർ ഡയറക്ടർ സദസ്സിനു് നന്ദിപറഞ്ഞു. സഖ്യാംഗങ്ങൾ "വേദനയുടെ താഴ്‌വരയിൽ" എന്ന സാമൂഹ്യസംഗീതനാടകം അവതരിപ്പിച്ചു.




## കെടാവിളക്കുകൾ!

★

*മനോഹരമായ കെടാവിളക്കുകൾ, സ്പ്രിങ്ങ് ലാമ്പുകൾ, ക്രൂവറ്റ്സ് മുതലായവ എറണാകുളം ബ്രോഡ്‌വേയിലുള്ള ഞങ്ങളുടെ ഷോ റൂമിൽ ലഭിക്കുന്നതാണ്. "താഹിറ" വിക്സ്റ്റൂ ഞങ്ങളുടെ മേൽനോട്ടത്തിൽ തയ്യാർചെയ്യപ്പെടുന്നു. ക്രോക്കറികളുടെ കൂടാരമായ ഞങ്ങളുടെ ഷോറൂമിലേയ്ക്കു സ്വാഗതം!*

**MAHEMOOD STORES**
Broadway — ERNAKULAM
Phone: 717
*Branch:* ALUMKADAVU.


# മേരിവിജയം

## വിശേഷാൽപ്രതി

**ഡിസംബർ 20 നു് പ്രസിദ്ധീകരിക്കുന്നു.**

*കേരളത്തിലെ തലയെടുപ്പുള്ള സാഹിത്യനായകന്മാർ അണിനിരക്കുന്ന അസുലഭാവസരം. വിജ്ഞേയങ്ങളായ ലേഖനങ്ങൾ, കഴമ്പുള്ള ചെറുകഥകൾ, ഏകാങ്കങ്ങൾ, കവിതകൾ, ഹാസ്യലേഖനങ്ങൾ—അങ്ങനെ വിശേഷാൽപ്രതി ഒന്നാന്തരമൊരു സാഹിത്യസദ്യതന്നെയായിരിക്കും. സൂനഹദോസ് വിശേഷങ്ങളും ദിവ്യകാരുണ്യകോൺഗ്രസ്സ് വാർത്തകളും അവയുടെ ചിത്രങ്ങളും ഈ വാർഷികപ്പതിപ്പിൻെറ സവിശേഷതയായിരിക്കും.*

ഒരേമാസത്തിൽ ഒന്നിലേറെ ലക്കങ്ങൾ പ്രസിദ്ധീകരിക്കുവാൻ അനുവാദമില്ലാത്തതിനാൽ ഡിസംബർ ലക്കം മേരിവിജയമാണു് വിശേഷാൽപ്രതിയായി പ്രസിദ്ധീകരിക്കുക. അതിനാൽ ഡിസംബർ 1 നു് ആരും മാസിക പ്രതീക്ഷിക്കേണ്ടതില്ല. വിശേഷാൽപ്രതിക്കു വില: 35 പൈസ. വരിക്കാരല്ലാത്തവർക്കും കൂടുതൽ കോപ്പികൾ ആവശ്യപ്പെടുന്ന ഏജണ്ടുമാർക്കും മാത്രമേ ഇതു ബാധകമാകുകയുള്ളൂ. സ്ഥിരവരിക്കാർക്കു പ്രത്യേക ചാർജില്ല. കൂടുതൽ കോപ്പികൾ വേണ്ടവർ നവംബർ 20-നു മുമ്പു് അറിയിച്ചിരിക്കണം.

**ഇക്കൊല്ലത്തെ വരിസംഖ്യ** *ഇനിയും തീർത്തിട്ടില്ലാത്ത സുഹൃത്തുക്കൾ നവംബർ 20 നു മുമ്പ് സംഖ്യ തീർത്തയച്ചുതന്നു സഹായിക്കണമെന്നഭ്യർത്ഥിക്കുന്നു. അയയ്ക്കേണ്ട സംഖ്യയുടെ വിവരത്തിനു കഴിഞ്ഞലക്കം മാസികയിൽ കാർഡ് വച്ചിരുന്നല്ലോ. സമയത്തിനു പണമയയ്ക്കാത്തവർ മാസിക തുടർന്നു ലഭിക്കാൻ ആഗ്രഹിക്കുന്നില്ലെന്നു് പരിഗണിക്കുന്നതാണ്.*

*സഹായസഹകരണങ്ങൾ പ്രതീക്ഷിച്ചുകൊണ്ട്, വിധേയൻ,* **മേ. വി. മാനേജർ.**

ചെറുകഥ

വി. എം. പുന്നോലിൽ, ബസ്ലഹം

# മുൾക്കിരീടം

പുസ്തകം വിടർത്തി ആ കടലാസുചിത്രം കൈയ്യിലെടുത്ത് അതിൽത്തന്നെ കണ്ണുകൾ തറപ്പിച്ചു.

ചളിപുരണ്ട, ഒട്ടിയ കവിളുകളിൽക്കൂടി ചൂടുള്ള കണ്ണീർക്കണങ്ങൾ ഒഴുകി..

ആ ചിത്രം! വെളുത്ത് കട്ടികൂടിയ കടലാസിൽ തെളിഞ്ഞു പ്രകാശിക്കുന്ന ചിത്രം!!

ഓർക്കുന്തോറും കുഞ്ഞുമോൻെറ കരളിൽ കാരമുള്ളുകൾ കയറുന്നതുപോലെ തോന്നി....

നെടുവീർപ്പുകളുടെ വേദനയിൽ ആ ചിത്രം അവൻെറ മുഖത്തമർന്നു....

മുൾക്കിരീടം ധരിച്ച ക്രിസ്തുവിൻെറ ചിത്രം!

കൂർത്ത മുള്ളുകൾകൊണ്ടു നിർമ്മിച്ച ആ കിരീടം ...ഹൊ! രക്തമാണ് ഒഴുകിയതു്. എത്രമാത്രം വേദന കർത്താവ് സഹിച്ചിരിയ്ക്കണം! വെളുത്തു മനോഹരമായ ആ മുഖമാകെ രക്തകണികകളാൽ ആവൃതമാണ്.

മുൾക്കിരീടം! മനുഷ്യൻ ചെയ്ത പാപങ്ങളുടെ മൂർച്ചയേറിയ മുള്ളുകൾകൊണ്ട് രൂപംകൊണ്ടതാണതു്....

കുഞ്ഞുമോൻ ഓർത്തു, വേദപാഠക്ലാസ്സിൽ പഠിച്ചതെല്ലാം. സോഫിയാ സിസ്റ്റർ എല്ലാം പറഞ്ഞുതന്നിട്ടുണ്ട്. കർത്താവ് അനുഭവിച്ച വേദനയോട് തുലനം ചെയ്യുമ്പോൾ നമ്മുടെ വേദനകളെല്ലാം നിസ്സാരങ്ങളാണ് .അതേ സിസ്റ്റർ, എല്ലാം ശരിയാണ്.

പക്ഷേ,

എൻെറ വേദന എന്തെന്ന് സിസ്റ്റക്കു് അറിഞ്ഞുകൂടാ.

കർത്താവിനെ മുൾക്കിരീടം ധരിപ്പിച്ചവർ ആരാണ്?

കർത്താവു ചെയ്ത തെറെറന്താണ്?

കുഞ്ഞുമോൻെറ മനസ്സിൽ ചോദ്യചിഹ്നങ്ങൾ തലയുയർത്തി.

പുസ്തകത്തിനുള്ളിൽ ആ ചിത്രം ഭദ്രമായി വച്ചു. സഹിക്കുവാനുള്ള ശക്തി പ്രദാനം ചെയ്യുന്നതാണ് ആ ചിത്രം..,മുൾക്കിരീടം ധരിച്ച ക്രിസ്തു!..

"നീയെന്തെടുക്കുവാടാ അവിടെ.." അമ്മയുടെ ക്രൂരശബ്ദമാണ്. കുഞ്ഞുമോൻ കണ്ണുനീർ തുടച്ചുകൊണ്ടു് അടുക്കളയിലോട്ട് ഓടിച്ചെന്നു.

"എന്നാമ്മെ, എന്തിനാമ്മെ വിളിച്ചതു്?"

"നിൻെറ മോന്തയൊന്നു കാണാൻ. ഒന്നു വിളിച്ചാൽ കേൾക്കാൻ പാടില്ലേടാ....?" അമ്മ അടുപ്പിൻെറ അടുത്തു കിടന്നിരുന്ന ഒരു ചുള്ളിക്കൊമ്പ് എടുത്തു് തുരുതുരെ പ്രഹരിച്ചു.

ചൂടുള്ള അടികളേററപ്പോൾ കുഞ്ഞുമോൻെറ തുടകൾ വേദനിച്ചു. കണ്ണുകൾ കലങ്ങി; നിറഞ്ഞൊഴുകി...

"ഇനി ഞാൻ ഓടിവരാമമ്മേ...."

"ഒന്നു പറഞ്ഞാൽ ഞാൻ കേൾപ്പിക്കാം. ഓടിച്ചെന്നു് ആ കലത്തിൽ വെള്ളം കൊണ്ടുവാ..." ആക്രോശിച്ചുകൊണ്ടു് അമ്മ വിറകെടുക്കുവാൻ തിണ്ണയിലെയ്ക്കിറങ്ങി.

കുഞ്ഞുമോൻ കലമെടുത്തു. വെള്ളം കോരുവാൻ അങ്ങേതിലെ ഗ്രേസിയുടെ വീട്ടിൽ പോകണം.

നടന്നു. നല്ല വിശപ്പുണ്ടായിരുന്നു. സഹിക്കാതെന്തുചെയ്യും? വെള്ളം കൊണ്ടുവന്നില്ലെങ്കിൽ — അമ്മയുടെ അടിക്ക് നല്ല ചൂടുണ്ട്.

വലിയ ബക്കററിൽ ചാടിൽക്കൂടി വെള്ളം വലിച്ചു കയററിയപ്പോൾ കുഞ്ഞുമോൻെറ നടുവ് വേദനിച്ചു. വിഷമിച്ചുവിഷമിച്ച് ബക്കററിൽ വെള്ളം വലിച്ചു കയററി. ആകെ വിയർത്തുപോയി....

"കുഞ്ഞുമോൻ വിഷമിച്ചുപോയോ?" ചിരിയിൽ കുതിർന്ന ഒരു കിളിനാദം കേട്ട് തിരിഞ്ഞുനോക്കിയപ്പോൾ ഗ്രേസി അങ്ങനെ നിൽക്കുന്നു, തലയിൽ ഒരു റോസാപ്പൂവും ചൂടിക്കൊണ്ടു്.

"വിഷമിച്ചൊന്നുമില്ല."

"പിന്നെങ്ങനെയാ വിയർത്തതു്?"

"ഓ—സാരമില്ല."

"എന്തിനാ കുഞ്ഞുമോനെ, നുണ പറയുന്നെ. ഈ വലിയ ബക്കററിൽ വെള്ളം കോരുവാൻ എനിക്കുതന്നെ പ്രയാസമാ. ദേ, ഒരുകാര്യം ചെയ്യ്. നമുക്ക് രണ്ടുപേർക്കുംകൂടി വലിച്ചു കോരാം." അങ്ങനെ നാലു് കുഞ്ഞിക്കൈകൾ ഒരുമിച്ചു പ്രവർത്തിച്ചു. ആ ബക്കററ് പലപ്രാവശ്യം പൊങ്ങുകയും താഴുകയുംചെയ്തു.

വെള്ളം നിറച്ച കലം തലയിലുമായി നടന്നപ്പോൾ, മുടിയിൽ റോസാപ്പൂചൂടിയ ഗ്രേസിയുടെ പുഞ്ചിരിക്കുന്ന മുഖം അവനു് മറക്കുവാൻ കഴിഞ്ഞില്ല.

കർത്താവിൻെറ തിരുമുഖം തുടച്ച വേറോനിക്കായേപ്പോലെ അവൾ പരിശുദ്ധയാണ്, നല്ലവളാണ്........

കുഞ്ഞുമോൻ വീട്ടിലെത്തി. അമ്മ തലയിൽനിന്നും കലമെടുത്തു. ഭാരം കുറഞ്ഞപ്പോൾ അല്പം ആശ്വാസം തോന്നി.

അവൻ ഇറയത്തു നിന്നു. അമ്മ അടുക്കളയിലോട്ടു കയറി. തലയിൽ തപ്പിനോക്കി. വെള്ളത്തുള്ളികൾ തലമുടി നിറയെയുണ്ടു്. മുഖത്തും ദേഹത്തും വെള്ളത്തുള്ളികൾ....... കർത്താവിൻെറ തലയിലും മുഖത്തും ദേഹത്തും തങ്ങിനിന്ന ചോരത്തുള്ളികൾ പോലെ... ....

"എടാ കുഞ്ഞുമോനേ........?" മുൻവശത്തുനിന്നും ഒരലർച്ച കേട്ടു.

"ഇവിടെ വന്നേടാ?" അപ്പൻെറ ശബ്ദം കുഞ്ഞുമോനെ ഭയാകുലനാക്കി.

"എന്തോ..." അവൻ ഓടിച്ചെന്നു.

കണ്ണുകൾ മിഴിച്ചു്, ക്രൂരഭാവത്തോടെ നിൽക്കുന്ന അപ്പച്ചനെ കണ്ടപ്പോൾ, കർത്താവിനെ ചവിട്ടുകയും

(ശേഷം 348-ാം പേജിൽ)

# ★ ഹൃദയഗീതം ★

## ഫാദർ എസ്. തേർമഠം എം. ഒ. എൽ.

7

നാഥാ! അങ്ങയുടെ പൂന്തോട്ടത്തിൽ നാനാതരത്തിലുള്ള പുഷ്പങ്ങൾ വിരിഞ്ഞു നില്ക്കുന്നുണ്ട്. ശരിയായ മഴയും വെയിലും സമൃദ്ധിയായി ലഭിക്കുന്നതുകൊണ്ടു ചെടികൾ ധാരാളം പുഷ്പങ്ങൾ നൽകിക്കൊണ്ടിരിക്കുന്നു. അങ്ങയുടെ ശ്രീകോവിലിൽ അർച്ചനം നടത്തുന്നതിനാണ് അവയെ വളർത്തുന്നത്. ശക്തന്മാരായ കാവൽക്കാരെ തോട്ടത്തിനു ചുററും നിർത്തീട്ടുണ്ട്. അർച്ചനയ്ക്കു് ഉപയോഗിക്കുവാൻ കൊള്ളാത്തവിധത്തിൽ ഓരോ പുഷ്പത്തെയും വികൃതമാക്കുവാൻ ശത്രുക്കൾ രാപ്പകൽ പരിശ്രമിക്കാതിരിക്കുന്നില്ല. തന്ത്രങ്ങൾ നിറഞ്ഞതാണ് അവരുടെ പരിശ്രമങ്ങൾ. കുറെയൊക്കെ ഫലത്തിൽ വരികയും ചെയ്തു. വളരെയധികം പുഷ്പങ്ങൾ ഉപയോഗശൂന്യമായി. നാഥാ! അങ്ങയുടെ എല്ലാ കഴിവുകളും ഉപയോഗിച്ച് ശത്രുക്കളെ അകററിനിർത്തണേ!

8

മധുരപഴങ്ങൾ ഇടതൂർന്നു നില്ക്കുന്ന ഒരു വൃക്ഷത്തിന്റെ ചുവട്ടിൽ ഞാൻ ഏകാകിയായി ഇരിക്കുകയാണ്. ധാരാളം പഴങ്ങൾ താഴെ കൊഴിഞ്ഞു വീണുകിടക്കുന്നു. നാനാതരത്തിലുള്ള പക്ഷികൾ ഈ പഴങ്ങൾ കൊത്തിത്തിന്നുന്നുണ്ട്. വിശപ്പുകൊണ്ടു ഞാൻ പരവശയാണ്. പക്ഷെ എനിക്കനങ്ങുവാൻ സാധിക്കുന്നില്ല. ഉഗ്രനായ ഒരു കാളസർപ്പം എന്റെ കൈകാലുകളിന്മേൽ ചുററിയിരിക്കയാണ്. ഏതു നിമിഷത്തിലാണ് അതെന്നെ ആഞ്ഞുകൊത്തുക എന്നെനിക്കറിഞ്ഞുകൂടാ. ഈ മൂർഖപ്പാമ്പിനെക്കൊന്ന് എന്നെ രക്ഷിക്കുവാൻ കഴിവുള്ളവർ അരികത്തുതന്നെയുണ്ട്. ഞാനവരെ വിളിച്ചാൽ അവരോടിയെത്തി എന്നെ സഹായിക്കാതിരിക്കയില്ല. പക്ഷെ എന്റെ വായ ഈ സർപ്പം ഫണം വിരുത്തി പൊത്തിയിരിക്കുകയാണ്. യാദൃച്ഛികമായി ആരെങ്കിലും വന്നാൽ ഞാൻ രക്ഷപ്പെടും. അല്ലെങ്കിൽ ഞാൻ നശിച്ചതുതന്നെ.

9

കൂരിരുട്ടു നിറഞ്ഞ ഒരു മുറിയിൽ ഞാൻ ഏറെ നാൾ കഴിച്ചുകൂട്ടി. പ്രകാശത്തിലേയ്ക്കു വന്നപ്പോൾ കണ്ണുകൾ പീളകെട്ടി അടഞ്ഞിരുന്നു. എനിക്കൊന്നും കാണുവാൻ സാദ്ധ്യമായിരുന്നില്ല. ചില സ്നേഹിതന്മാരുടെ സഹായത്തോടുകൂടി കുളക്കടവിൽ പോയി നല്ലപോലെ മുങ്ങിക്കുളിച്ചു. അപ്പോളെനിക്കു യഥേഷ്ടം കാണാമായിരുന്നു. അവരെന്നെ ശുഭ്രവസ്ത്രങ്ങൾ അണിയിച്ചു. ശ്രദ്ധയില്ലാതെ, അഴുക്കു കെട്ടിനില്ക്കുന്ന വഴികളിൽക്കൂടി സഞ്ചരിച്ചതുകൊണ്ട് ആ വസ്ത്രത്തിലെല്ലാം അഴുക്കുപുരണ്ട് വൃത്തിഹീനമായി. അലക്കുകാർ അരികത്തുതന്നെ താമസിക്കുന്നുണ്ട്. അവരുടെ കരങ്ങളിൽ കൊടുത്താൽ അവരേററവും സന്തോഷത്തോടെ അഴുക്കെല്ലാം കളഞ്ഞു വൃത്തിയായി അലക്കിത്തരും. എന്റെ അലസത അതിന് അനുവദിക്കാത്തതുകൊണ്ട് അഴുക്കുവസ്ത്രവും ധരിച്ച് ഞാൻ നടക്കുകയാണ്.

10

ഞാൻ കൃഷിചെയ്തുണ്ടാക്കിയ ഫലങ്ങൾ വില്ക്കുവാനായി ഒരു കൊട്ടയിൽ നിറച്ച് നടക്കുകയായിരുന്നു. ഭാരം വളരെ ദുസ്സഹമാണ്. ഇതേതരത്തിൽ ഭാരവും പേറി നടക്കുന്ന പലരേയും ഞാൻ കണ്ടുമുട്ടി. എന്റെ കൊട്ടയിൽനിന്നു ചില സാധനങ്ങൾ എടുത്ത് അവരുടെ കൊട്ടയിൽവെച്ച് ഭാരം കുറയ്ക്കുവാൻ ഞാൻ ആവശ്യപ്പെട്ടു. അവർ കൊട്ടകൾ താഴെയിറക്കി. ഞാൻ തെല്ലൊന്നാശ്വസിച്ചു. പക്ഷെ, അവർ സ്വന്തം കൊട്ടകളിൽനിന്നു വളരെ ഘനമുള്ള സാധനങ്ങൾ എന്റെ കൊട്ടയിൽവെച്ച് അവരുടെ ചുമടുമേററി പോവുകയാണ് ചെയ്തതു്. ദുർവ്വഹമായ ഭാരവും പേറി ഞാൻ പോകുമ്പോൾ ഒരുകൂട്ടം ആളുകൾ എതിരെ വന്ന് എന്നോടു പറഞ്ഞു: "ചന്തയിൽ സാധനങ്ങൾ നിരവധിയാണ്. നിന്റേതു വാങ്ങുവാൻ ആളുണ്ടാവില്ല. വീട്ടിൽ കൊണ്ടുപോയി കുറേശ്ശെ പാകംചെയ്തു ഭക്ഷിക്കുകയാണ് നല്ലതു്" അതു യുക്തിപൂർവ്വകമാണെന്ന് എനിക്കു തോന്നി. സുഭിക്ഷഭക്ഷണംകൊണ്ടെനിക്കു സുഖനിദ്രയുണ്ടായി.

11

പട്ടാമ്പരങ്ങളണിഞ്ഞ് ഞാനെന്റെ നാഥനെ അന്വേഷിച്ച് പുറപ്പെട്ടു. ഉത്തുംഗസൗധങ്ങളുള്ള പട്ടണത്തിലേക്കാണ് പോയതു്. വൈദ്യുതദീപാവലികൾകൊണ്ട് അലംകരിച്ചതും റേഡിയോ ഗാനങ്ങൾ ശബ്ദതരംഗങ്ങളിലേയ്ക്ക് ഒഴുകുന്നതുമായ അനേകം മാളികകൾ ഞാൻ കയറി ഇറങ്ങി. അവിടെയെങ്ങും ഞാനവിടുത്തെ കണ്ടില്ല. യന്ത്രങ്ങളുടെ കുഴൽവിളികളും കാറുകളുടെ ഇരമ്പലുകളുംകൊണ്ടു ശബ്ദായമാനമായ പട്ടണം വിട്ട് ചെററക്കുടിലുകൾ നിരന്നുനില്ക്കുന്ന ഇടത്തേയ്ക്കു ഞാൻ കടന്നുചെന്നു. അവിടെ ഒരു കുടിലിൽ ഏതാനും ആളുകളോടുകൂടി ലഘുഭക്ഷണം കഴിച്ചുകൊണ്ടിരിക്കുന്ന എന്റെ നാഥനെ ഞാൻ കണ്ടു; ആനന്ദപരവശയായി ഞാൻ അടുത്തുചെന്നു. എന്നെ അദ്ദേഹം ഒന്നു നോക്കി. തൽക്ഷണം മുഖം തിരിച്ചുകളഞ്ഞു. എനിക്കുടനെ കാര്യം മനസ്സിലായി. ഞാൻ മടങ്ങിവന്ന് ഒരു ദരിദ്രയുടെ വേഷമണിഞ്ഞു ചെന്നപ്പോൾ അദ്ദേഹം പുഞ്ചിരിതൂകി എന്നെ ആശ്ലേഷിച്ചു. അപ്പോൾ ഞാനനുഭവിച്ച ആനന്ദം വാക്കുകളിൽ ഒതുങ്ങിനില്ക്കുന്നതല്ല.

12

നാഥാ! ഞാൻ പലവട്ടം ക്ഷണിച്ചതുകൊണ്ടാണ് അവിടുന്ന് എന്റെ ചെറുഭവനത്തിൽ വന്നതു്. എന്നാൽ കവാടത്തിന്റെ നടുക്കു ഞാൻ എന്നെത്തന്നെ ചുമന്നുകൊണ്ടു നില്ക്കുകയായിരുന്നു. തന്മൂലം അങ്ങേയ്ക്കു അകത്തു കടക്കുവാൻ ഒരു പഴുതും ഉണ്ടായിരുന്നില്ല. പോരെങ്കിൽ വീട്ടിനകത്ത് അവിടുത്തെ ശത്രുക്കളിൽ പലരും നിന്നിരുന്നു. അവർ അങ്ങേയ്ക്കെതിരായി സംസാരിക്കുന്നതും അങ്ങു കേട്ടിരിക്കണം. അങ്ങേയ്ക്കു യോജിച്ച അലങ്കാരങ്ങളൊന്നുംതന്നെ മുറിയിലുണ്ടായിരുന്നില്ല. മുറി തൂത്തുവാരുകയോ വെള്ളപൂശുകയോ ചെയ്യുന്ന കാര്യത്തിൽപ്പോലും ഞാൻ അശ്രദ്ധയായിരുന്നു. അങ്ങു നിരാശനായി മടങ്ങി. നാഥാ! എന്നാണ് അങ്ങെന്റെ ഭവനത്തിൽ ഇനിയും വരിക!

# ഗാനകുസുമങ്ങൾ

## താരകറാണി

('താജ്മഹലി'ലെ 'ജോവാ ഓ കിയാവോ'........എ. മ.)

താരകറാണി നീ, തരുണീമണിയേ,
തന്നാലും നിൻ ദാനങ്ങൾ
താവകസുതക്കെന്നും മൽപ്രിയനാഥേ!
(താരകറാണി....

1. കൊഞ്ചിക്കുഴഞ്ഞെത്തും പിഞ്ചുകുഞ്ഞുങ്ങളെ
കൈ തന്നു കാത്തിട്ട നിർമ്മലനാഥേ.... ഓ........
കണ്ണുനീർ തൂകുന്ന പാപികൾക്കാശ്രയം
നീമാത്രമല്ലോ

സുരലോകനാഥേ....
പാവനഹൃദയേ, മാലിന്യഹീനേ,
പാലിച്ചുകൊള്ളേണമെ
മക്കളെയെന്നുമെന്നും പാരിതിൻ നാഥേ!
(താരക....

2. ഇരുളിൽ നടക്കും പഥികർ ഞങ്ങൾ
വഴി കാണാതെ വലയുന്നേരം........ ഓ........
ഒരു കൊച്ചുവിളക്കാൽ സൽപാത
കാട്ടിത്തന്നിടേണമേ നീ
വാനവനാഥേ! (താരക.... — B. G. A.

•

## ദാനദായകി

('നിശ്ചയതാംബൂലം' എന്ന ചിത്രത്തിലെ
"പാവാടൈ ദാവണിയേ........" എ. മ.)

തിങ്കൾനിലാവൊളിയെ വെന്നിടുന്നൊരു മധു
തൂമന്ദഹാസമിയന്ന മേരിറാണിയെ!
തിങ്കൾനിലാവൊളിയെ വെന്നിടുന്നൊരു മധു
പദമലരിലണയുമി! ഞങ്ങൾക്കേകുകാശ്രയം
വരമാരി ചൊരിയുക നീ ദാനപ്രദായകിയേ....
(തിങ്കൾനിലാവൊളിയെ........

1. കൃപതൻകടലാം മരിയേ നിർമ്മലോത്ഭവേ നീ
ആമരണം കാത്തിടണം പാവനാംഗിയേ (2)
കൂരിരുളിൽ വീശിടണം വെണ്ണിലാവൊളി
നിരുപമയാം നായകിയേ, മംഗളാംബികേ....
(തിങ്കൾ........

2. നാകലോകപാലകിയേ, പുണ്യപൂരിതേ നിൻ
ദയയരുളി പാർത്തിടണം സ്നേഹഗംഗയികേ. (2)
കാന്തിയെഴും ചന്ദ്രികയേ, ശാന്തി തൂകണേ
വന്ദിതയേ, കന്യകയേ, ദൈവതായയേ....

3. കനിവിൻകതിരാം വരദേ, ലോകദീപമേ നിൻ
മധുരതരം തിരുനാമം വാഴ്ത്തിടുന്നമലേ (2)
നൽവഴിയിൽ നീ നയിക്കു ദാസർ ഞങ്ങളേ
മമജനനി വാഴുക നീ ഭാരതോർവ്വിയിൽ!
(തിങ്കൾനിലാവൊളിയെ........

— കെ. ജെ. മാത്യു കുന്നമ്മാവ്

## മാനസം തകരുന്നു

('മൂടുപട'ത്തിലെ "തളിരിട്ട കിനാക്കൾ തൻ........" എ. മ.)

തകരുമെൻ കരളിൻെറ കാവ്യമുതിക്കുമ്പോൾ
കാരുണ്യക്കാതലേ, കനിവേകില്ലെ?
നാഥാ കനിവേകില്ലേ?
(തകരുമെൻ........

മാനസമണിവീണ തന്ത്രികൾ തളർന്നല്ലോ
ശോകത്തിൻ ഗാനം മീട്ടാൻ മുരളിയില്ല.
താപത്തിൻ നീരുറവ മാനസത്തിലൊഴുക്കിയ
'സ്നേഹ'മേ നീയെനിക്കു ശക്തി നൽകൂ
(തകരുമെൻ........

സ്നേഹിക്കാൻവേണ്ടി നീയെൻ ഹൃത്തിലണഞ്ഞിട്ടും
അറിയാത്തവിധത്തിൽ ഞാനകന്നുപോയി
വേദന നിറയും നിൻ സ്നേഹത്തെ സ്മരിക്കുമ്പോൾ
മാനസം തകരുന്നു സ്നേഹനാഥാ!
(തകരുമെൻ........

— എഫ്. സി.

•

## അനഘാരാജ്ഞി

('ആദ്യകിരണങ്ങളി'ലെ
'പതിവായിപൗർണ്ണമിതോറും'....എ. മ.)

പദതാരിൽ കുമ്പിടുമെന്നും
തവദാസരെ കൈവെടിയൊല്ലെ!
അമലോത്ഭവെ! വാഴ്ത്തിടുന്നേൻ
മഹിതമനോജ്ഞെ—മഹിതമനോജ്ഞെ!
(പദതാരിൽ....

1. നഭസ്സിലെ പൂന്തോട്ടത്തിൽ
പ്രഭ ചിന്തും താരകപൂക്കൾ
തവമൗലിയിൽ മിന്നുന്നല്ലോ
അനഘരാജ്ഞി!

കറയററ കന്യകയമ്മേ,
കുറയാത്ത ശാന്തിയെ നൽകാൻ
കനിവാന്നു പ്രാർത്ഥിക്കാ നീ
അനഘരാജ്ഞി! (പദതാരിൽ....

2. മനുജർക്കു കാരുണ്യത്തിൻ
മഴ തൂകും പൊൻമുകിൽ നീയേ,
മധുരാംഗി! നാരികളിൽ നീ
മനോജ്ഞറാണി!

ലോകത്തിൻ പാപം തീക്കാൻ
ദൈവത്തിൻ സൂനുവണഞ്ഞ
ഭാഗ്യത്തിൻ ഗേഹമാം നീ
അനഘരാജ്ഞി! (പദതാരിൽ....

— ജി. ചിററിലപ്പിള്ളി.

# തൊമ്മിയുടെ പിതൃഭക്തി

— ഫാദർ ജോസഫ് പുതിയാപറമ്പിൽ ബി. ഏ. —

തൊമ്മി ഒരു സാധുബാലനാണ്. അവന്റെ അപ്പച്ചന്റെ ചരമവാർഷികം നാളെയാണ്. അവന്റെ അമ്മ വിധവയായതിനാൽ വീട്ടിലെ ചെലവെല്ലാം അവർതന്നെയാണ് വഹിക്കുന്നതു്. സ്വഭർത്താവിന്റെ ആത്മശാന്തിക്കായി ഒരു കുർബാന ചൊല്ലിക്കുന്നതിനു് ആ സ്ത്രീ എന്റെ പക്കൽ പണം കൊണ്ടുവന്നപ്പോൾ ഞാൻ ചോദിച്ചു "അരി കിട്ടാൻ വിഷമമല്ലേ? അപ്പോൾ കുർബാന ഉടനെ ചൊല്ലിച്ചില്ലെങ്കിലും സാരമില്ല. രണ്ടാഴ്ച കഴിഞ്ഞു മതി. ഞാൻ ഞായറാഴ്ച രണ്ടു കുർബാന ചൊല്ലുന്നുണ്ട്. അതിലൊന്ന് നിങ്ങളുടെ ഭർത്താവിനുവേണ്ടി വെറുതെ ചൊല്ലാം." മറുപടിയായി "എന്റെ അച്ചാ, കഞ്ഞി വച്ചിട്ടു രണ്ടു ദിവസങ്ങളായി. അതു ഞാൻ അച്ചനോടു പറഞ്ഞില്ലെന്നേയുള്ളു." അവർ പണവും വാങ്ങി വീട്ടിലേയ്ക്കു പോയി. അവർ മക്കളെ വിവരമറിയിച്ചു. അപ്പോൾ അപ്പന്റെ പേരുകാരനും പത്തു വയസ്സുള്ളവനുമായ തൊമ്മി എന്റെ പക്കൽ ഓടിവന്ന് ഇപ്രകാരം പറഞ്ഞു: "അച്ചാ, മെത്രാനച്ചൻ വരുന്ന ഞായറാഴ്ചയല്ലേ നമ്മുടെ പള്ളിയിൽ വരുന്നതു്. പള്ളിമുററത്തെ പുല്ല് രണ്ടു മൂന്നുദിവസംകൊണ്ട് ഞാൻ ചെത്തിമാററാം. അതിനു കൂലിയായി അച്ചൻ എന്റെ അപ്പച്ചനുവേണ്ടി ഒരു കുർബാന ചൊല്ലിയാൽ മതി." ഞാൻ സമ്മതിച്ചു. മൂന്നു ദിവസവും ഞാൻ അവനു് ഉച്ചഭക്ഷണം കൊടുത്തു. അവന്റെ കൂലി വകവച്ച് ഒരു കുർബാനയും പണം വാങ്ങിക്കാതെ ഒരു ഒപ്പീസും ഞാൻ ചൊല്ലി.

കുഞ്ഞുമക്കളേ, നോക്കുക. നല്ല മക്കളെന്നു വിളിക്കാൻ കൊള്ളാവുന്നതായി, മററുള്ളവർക്ക് മാതൃകയായി ചൂണ്ടിക്കാണിക്കാൻ ഇവൻ നല്ലവനല്ലേ? നിങ്ങളും ഇപ്രകാരം ചെയ്യുമോ? ഈ മാസത്തെ 'മേരിവിജയം' മാസിക നിങ്ങൾക്കു കിട്ടുന്നതു നവമ്പർ രണ്ടാം തീയതി സകല മരിച്ചവരുടെ തിരുനാൾ ദിവസമായിരിക്കും. അന്നേദിവസം നിങ്ങൾ ദൈവാലയത്തിൽ പോയി വിശുദ്ധകർമ്മങ്ങളിൽ സംബന്ധിക്കണം. നിങ്ങൾക്കു മിഠായി വാങ്ങുന്നതിനു മാതാപിതാക്കന്മാരും ബന്ധുമിത്രാദികളും തന്നിട്ടുള്ള പണം മുഴുവനും അതിനുവേണ്ടി ചെലവാക്കാതെ, അന്നേദിവസം പള്ളിയിൽ പോയി മരിച്ചവർക്കുവേണ്ടി ഒരു ഒപ്പീസോ അനീദായോ ചൊല്ലിക്കുക എത്രയോ അനുഗ്രഹപ്രദമാണ്!

# ഒരു പ്രാർത്ഥന

(Adapted)

ദൈവമേ! കാത്തുകൊൾകെപ്പൊഴുമെന്നെ നീ
താവകാനുഗ്രഹപ്പൂഞ്ചിറകിൽ.
നേരായ സ്നേഹത്തിൻ വിത്തു വിതയ്ക്കട്ടെ
വൈരം കൂത്താടിടുമുൾക്കരുന്നിൽ;
വിശ്വാസവെട്ടത്തെ നിത്യം പരത്തി ഞാൻ
സംശയക്കൂരിരുൾ നീക്കിടട്ടെ;
മാപ്പിന്റെ മാർഗ്ഗത്തെ വെട്ടിത്തുറക്കണെ—
മെപ്പൊഴും ദ്രോഹിതഹൃത്തടത്തിൽ
എങ്ങന്ധകാരമു,ണ്ടങ്ങിക്കിൽ പൊന്നൊളി
ഭംഗമററെന്നും ഞാൻ ചേർത്തിടട്ടെ;
ദുഃഖിതർക്കാശ്വാസമാവുംപോലേകുവാ_
നുൾക്കനിവീശ്വരാ! നൽകിടേണം;
മററുള്ളവരെന്നെപ്പാലിപ്പതിലേറെ_
യുററ ഞാൻ ലോകത്തെ സേവിക്കട്ടെ;
നൽകപ്പെടുന്നതിൻ സീമവിട്ടെന്നും ഞാൻ
നൽകട്ടെ നാൾക്കുനാൾ നിസ്സ്വാർത്ഥമായ്.
മറെറാരു രൂപത്തിൽ നാം നൽകും ദാനങ്ങൾ
മുററുമിരട്ടിയായ് നൽകുമീശൻ;
നമ്മൾക്കു മാപ്പിനുള്ളർഹത സസ്നേഹ_
മിമ്മന്നിൽ നാമേകും മാപ്പുമാത്രം;
ത്യാഗമേ നമ്മളെ നിത്യസൗഭാഗ്യത്തിൽ
സ്വാഗതംചെയ്യുവ—തെന്തു വേറെ?
കേവലം നിൻഹിതംപോലവെ ജീവിപ്പാൻ
ദൈവമേ! നിൻകൃപ നൽകേണമേ!

— പി. ഏ. തോമസ്

SNOW WHITE
ELECTRIC
DRY CLEANERS & DYERS
NEAR NADUVILAL, TRICHUR - 1.
With Modern Equipments done to Your Satisfaction by Experts
A TRIAL WILL CONVINCE YOU.

# ★ പൊൻപുലരി ★

— ഡോണാസ് കാച്ചപ്പിള്ളി —

നരകുലപരിത്രാണാർത്ഥം കാലത്തിന്റെ തികവിൽ ഉദിച്ചുയർന്ന ഒരു ദിവ്യസൂര്യൻ. ആ ഏക സത്യസാക്ഷാത്കാരസൂര്യന്റെ ഉദയത്തിന് രംഗവിധാനം ചെയ്ത, അമലമനോഹരിയായ, സൗന്ദര്യധാമമായ ഒരു പൊൻപുലരി!

ക്രിസ്തുവിന്റെ ആഗമനം മുതൽ ഇന്നുവരെ എല്ലാ കാലത്തും അവിടുത്തെ ആഗമനത്തിനു രംഗസംവിധാനംചെയ്ത നസ്രസ്സിലെ മേരി ജനപദങ്ങളുടെ ബഹുമാനാദരങ്ങൾക്ക് വിഷയീഭവിച്ചിട്ടുണ്ടെന്നുള്ളത് അസന്നിഗ്ദ്ധമായ ഒരു വസ്തുതയാണ്. "ഈ ലോകത്തിനപ്പുറത്ത് മറ്റൊരു ജീവിതമോ? അതസാദ്ധ്യം," എന്നു പറയുന്ന ലൗകായതികന്മാർപോലും മറിയത്തിന്റെ മുമ്പിൽ മുകുളപാണിയുയർത്താൻ പ്രേരിതരായിട്ടുണ്ട്. ജനലക്ഷങ്ങൾ തങ്ങളുടെ ഉള്ളിന്റെ ഉള്ളിൽ അവൾക്കായി അൾത്താര നിർമ്മിക്കുന്നു. തിരുസ്സഭ അവളെ ക്രിസ്ത്യാനികളുടെ സഹായമായി പ്രഖ്യാപിച്ചു പ്രകീർത്തിക്കുന്നതിൽ അഭിമാനംകൊള്ളുന്നു. ഈവക യാഥാർത്ഥ്യങ്ങൾക്കെല്ലാം ഭാവവും രൂപവും നല്കുന്നതിനു തിരുസ്സഭയെന്നല്ല, ലോകായതികന്മാർപോലും പ്രേരിതരാകുവാൻ കാരണം മറിയം രക്ഷകനായ ക്രിസ്തുവിന്റെ ഉദയത്തിനു രംഗസംവിധാനംചെയ്ത പൊൻപുലരിയാണെന്ന വസ്തുതയാണ്. പ്രസ്തുത യാഥാർത്ഥ്യം തന്നെയാണ് പുരോഗമനം പൂവിട്ട ഈ പുത്തൻ യുഗത്തിലും മറിയത്തോടുള്ള ഭക്തി ശതഗുണീഭവിക്കുന്നതിനും, അവളോടുള്ള ഭക്തി സ്രഷ്ടാവിലേയ്ക്കുയരുന്നതിനുള്ള ഉറപ്പുള്ള ചവിട്ടുപടിയായി ലോകം കണക്കിലെടുക്കുന്നതിനും അടിസ്ഥാനമായി നിലകൊള്ളുന്നത്. "എല്ലാ പ്രസാദവരങ്ങളും മറിയം വഴി കടന്നുപോകണമെന്ന് ദൈവം തിരുമനസ്സായിരിന്നു" എന്ന് വി. ബർണ്ണാർദ്ദും, "അവളിലൂടെയല്ലാതെ യാതൊന്നും സ്വർഗ്ഗത്തിൽനിന്ന് നമ്മിലേയ്ക്കു വരരുതെന്ന് ദൈവം അഭിലഷിക്കുന്നു" എന്ന് കോൺസ്റ്റാന്റിനോപ്പിളിലെ വി. ജെർമെയിനും പറഞ്ഞത് മറിയത്തിന്റെ മഹോന്നത ദൈവമാതൃപദവിയെ കണ്ടുകൊണ്ടാണ്. മറിയം മനുഷ്യനായ ദൈവപുത്രന്റെ സ്വാഭാവികമാതാവാണ്. ആ മഹനീയപദവിയെ ബഹുമാനിക്കുവാൻ വേണ്ടിയാണ് മറിയത്തിന്റെ ദൈവമാതൃത്വതിരുന്നാൾ കത്തോലിക്കാലോകം സാഘോഷം കൊണ്ടാടുന്നത്. പതിനൊന്നാം പീയൂസ് മാർപ്പാപ്പ പ്രസ്തുത തിരുനാൾ ലോകം മുഴുവൻ ആഘോഷിക്കണമെന്ന് കല്പിച്ചതു മുതൽ മാതാവിന്റെ ദൈവമാതൃത്വത്തിരുനാൾ അവളുടെ ബഹുമാനാർത്ഥമുള്ള തിരുനാളുകളിൽ സുപ്രധാനമായിത്തീർന്നിരിക്കുന്നു. മറിയത്തിനു ലഭിച്ചിട്ടുള്ള ദൈവമാതൃപദമാഹാത്മ്യത്തെ കൺമുമ്പിൽ കാണുവാൻ കഴിയാത്തവന് പ. കന്യകാമറിയത്തെ അവളായിരിക്കുന്നവിധത്തിൽ ദർശിക്കുവാൻ ഒരിക്കലും സാദ്ധ്യമല്ല.

## പ. കന്യകയും ദൈവമാതൃത്വവും

ലോകത്തിൽ ലഭിക്കാവുന്ന സ്ഥാനമാനങ്ങളിൽ ഏറ്റം മഹത്തായ ഒരു സ്ഥാനമാണ് വീരപുരുഷമാതൃത്വം. അങ്ങനെയെങ്കിൽ, ദൈവമാതൃത്വം എത്രകണ്ട് വിശിഷ്ടമല്ല! ഒരു സ്ത്രീയ്ക്കു കൈവരാവുന്ന നന്മകളിൽ ഏറ്റം വിശിഷ്ടമായതാണ് ദൈവത്തിന്റെ അമ്മയാകുകയെന്നത്. മറിയം ആ സ്ഥാനത്തേയ്ക്ക് ഉയർത്തപ്പെട്ടു. ഗബ്രിയേൽ അതിദൂതന്റെ സന്ദേശത്തിനു സമ്മതം മൂളിയപ്പോൾ നസ്രസിലെ മേരി ദൈവസുതന്റെ സ്വാഭാവികമാതാവായിത്തീർന്നു. 1947-ൽ ഒട്ടാവായിൽ (കാനഡ) മരിയൻ കോൺഗ്രസ്സ് നടന്നുകൊണ്ടിരുന്നപ്പോൾ പ. പിതാവ് 12-ാം പിയൂസ് മാർപ്പാപ്പ അവർക്കു നല്കിയ ഒരു റേഡിയോസന്ദേശത്തിൽ ഇപ്രകാരം പറയുകയുണ്ടായി: "എപ്പോൾ നസ്രസ്സിലെ ആ ചെറുകന്യക മാലാഖയുടെ സന്ദേശത്തിനു സമ്മതം മൂളിയോ, എപ്പോൾ അവളുടെ ഉദരത്തിൽ വചനം മാംസമായിത്തീർന്നുവോ, അപ്പോൾ അവൾ സ്വാഭാവികതലത്തിൽ ദൈവത്തിന്റെ അമ്മയായിത്തീർന്നു." രക്ഷകനായ യേശുവിന്റെ ജനനവഴി വ്യക്തമായി വിവരിക്കുന്ന വി. മത്തായി സുവിശേഷകന്റെ വാക്കുകളും ഈശോയും മറിയവും ഏപ്രകാരം ബന്ധിക്കപ്പെട്ടിരിക്കുന്നുവെന്ന് പറഞ്ഞുതരുന്നു: "ഈശോമിശിഹായുടെ പിറവി ഇപ്രകാരമായിരുന്നു. അവന്റെ അമ്മയായ മറിയം, യൗസേപ്പിനോടു വിവാഹം ചെയ്യപ്പെട്ടിരിക്കെ, അവർ സംഗമിക്കുന്നതിനു മുമ്പ്, പരിശുദ്ധാത്മാവിനാൽ ഗർഭിണിയായി കാണപ്പെട്ടു" (മത്തായി 1, 18). ക്രിസ്തുവിന്റെ ജനനത്തെപ്പറ്റി സമഗ്രമായി വിവരിക്കുന്ന വി. ലൂക്കായുടെ വിവരണവും വളരെ വ്യക്തമാണ്: "അവൾ തന്റെ കടിഞ്ഞൂൽപുത്രനെ പ്രസവിച്ച് അവനെ പിള്ളക്കച്ചകൾകൊണ്ടു ചുറ്റി, അവർ പാർത്തിരുന്നിടത്ത് സ്ഥലം ഇല്ലാതിരുന്നതിനാൽ, പുൽത്തൊട്ടിയിൽ കിടത്തി" (ലൂക്ക 2, 7). "മറിയത്തിന്റെ ദൈവമാതൃത്വത്തെ സമ്മതിക്കാത്തവൻ ശപിക്കപ്പെട്ടവനാകട്ടെ" എന്ന് സഭ പഠിപ്പിക്കുന്നു. എഫേസൂസ് സൂനഹദോസ് ഇതേപ്പറ്റി വിസ്തരിച്ചു പറഞ്ഞിട്ടുള്ളത് താഴെ പറയുംപ്രകാരമാണ്: "എമ്മാനുവേൽ സാ

ക്ഷാൽ ദൈവമാണെന്നും തന്മൂലം അവതരിച്ച ദൈവവചനത്തെ ശാരീരികമായി പ്രസവിച്ചതിനാൽ പ. കന്യകാമറിയം ദൈവമാതാവാണെന്നും ആരെങ്കിലും ഏററുപറയാതിരിക്കുന്നുവെങ്കിൽ അവൻ ശപിക്കപ്പെട്ടവനാകട്ടെ,''

## ദൈവമാതൃത്വം–മറിയത്തിന്റെ പൂർണ്ണത

മറിയത്തിന്റെ ദൈവമാതൃത്വത്തെ ബഹുമാനിക്കണമെന്ന് ഇത്ര ശക്തിയായ രീതിയിൽ തിരുസഭ ഉൽബോധിപ്പിക്കുന്നത് മറിയം എന്തായിരിക്കുന്നുവോ ആ തരത്തിൽ അവളെ ലോകം മനസ്സിലാക്കുവാനും, മാതാവിനോടുള്ള ഭക്തിയുടെ കാതൽ ലോകം ഗ്രഹിക്കുവാനും വേണ്ടിയാണ്. മറിയത്തിന്റെ ദൈവമാതൃസ്ഥാനത്തെ അവളോടുള്ള ഭക്തിയുടെയെല്ലാം കേന്ദ്രബിന്ദുവാക്കി തീർക്കേണ്ടിയിരിക്കുന്നു. കാരണം പ. കന്യകാമറിയം എന്തായിരിക്കുന്നുവോ അത് അവളെ മുൻകൂട്ടി തെരഞ്ഞെടുത്ത ദൈവത്തിന്റെ ശക്തിയാലാണ്. പിതാവായ ദൈവം മറിയത്തെ മുൻകൂട്ടി തെരഞ്ഞെടുത്തതു തന്റെ ഏകജാതന്റെ മാതാവാകുവാൻ വേണ്ടിയാണ്. പ്രസ്തുത തെരഞ്ഞെടുപ്പുവഴിയായി, വി. ബർണാർദ് പറയുന്നതുപോലെ, "പുത്രന്റെ മാതാവാകുവാൻവേണ്ടി മറിയത്തെ ഒരുക്കിയ ദൈവം, യാതൊരു സൃഷ്ടിക്കും ചെന്നുപററാൻ സാധിക്കാത്ത ഏററം ഉന്നതമായ നിലയിലേയ്ക്ക് അവളെ ഉയർത്തി." വി. ആൽബർട്ട് മറിയത്തെ ഭാവനയിൽ ദർശിച്ചുകൊണ്ട് പറയുന്നതിപ്രകാരമാണ്: "മറിയത്തിന് ദൈവമാതൃപദം നല്കിയതോടുകൂടി ഒരു സൃഷ്ടിക്കു ലഭിക്കാവുന്ന ഏററം ഉന്നതമായ ദാനങ്ങളും ദൈവം അവൾക്കു നല്കി." മറിയം സർവ്വപരിപൂർണ്ണയായി കന്മഷത്തിന്റെ കളങ്കമേശാത്തവളായി സൃഷ്ടിക്കപ്പെട്ടു. "പ. കന്യകാമറിയം ദൈവത്തിന്റെ അമ്മയാകുന്നു എന്ന അതേ കാരണത്താൽ അനന്തനന്മയായ ദൈവത്തിൽനിന്നും അനന്തമായ മഹത്വം അവൾ സ്വീകരിക്കുന്നു" എന്ന് വി. തോമസ് അക്വിനാസ് പ്രസ്താവിക്കുന്നു. വി. ബൊനവെഞ്ചർ പ്രപഞ്ചസൃഷ്ടിയെപ്പററി ചിന്തിച്ചുകൊണ്ട് ഇപ്രകാരം പറയുകയുണ്ടായി: "ഈ ലോകത്തേക്കാൾ പരിപൂർണ്ണത നിറഞ്ഞ വിശിഷ്ടമായ ഒന്നല്ല പല പ്രപഞ്ചങ്ങളെ സൃഷ്ടിക്കുവാൻ ദൈവത്തിനു കഴിയും; എന്നാൽ അവിടത്തെ അമ്മയേക്കാൾ മനോഹരമായ ഒരു സൃഷ്ടിയെ ഉരുവാക്കുവാൻ അവിടത്തേയ്ക്കു കഴിയുകയില്ല." മനുഷ്യരുടെയെന്നല്ല ദൈവത്തിന്റെ മുമ്പിലും ദൈവമാതൃപദലബ്ധിയോടുകൂടി മറിയം അതുല്യമനോഹരിയായിത്തീർന്നു. ദൈവം പ്രപഞ്ചത്തെ സൃഷ്ടിച്ചതിനു ശേഷം അതു നന്നായിരിക്കുന്നുവെന്നു പറഞ്ഞ് സംതൃപ്തി പ്രദർശിപ്പിച്ചു എന്ന് സൃഷ്ടിയുടെ പുസ്തകത്തിൽ പറഞ്ഞിരിക്കുന്നു. എന്നാൽ മറിയത്തിനു അസ്തിത്വം നൽകിയ ശേഷം ആ സൃഷ്ടികർമ്മത്തെപ്പററി വിസ്മയത്തോടുകൂടി സൃഷ്ടികർത്താവു സംസാരിക്കുന്നതായിട്ടാണ് പാട്ടുകളുടെ പാട്ടിൽനിന്നും മനസ്സിലാക്കുവാൻ കഴിയുന്നത്. "എന്റെ പ്രിയേ, നീ മനോഹരിയാകുന്നു. നീ സർവ്വസുന്ദരിയാകുന്നു. നിന്നിൽ യാതൊരു മാലിന്യവുമില്ല" (പാട്ടുകളുടെ പാട്ട് 4, 7). മറിയത്തിന്റെ ഈ തെരഞ്ഞെടുപ്പുവഴിയായിട്ടാണ് ക്രിസ്തു കഴിഞ്ഞാൽ മനുഷ്യരുടെമേൽ ഏററവുമധികം സ്വാധീനശക്തി അവൾക്കു കൈവന്നിരിക്കുന്നത്. വിശ്വാസസത്യമായി പ്രഖ്യാപിച്ചുകഴിഞ്ഞിട്ടുള്ള മറിയത്തിന്റെ അമലോത്ഭവരഹസ്യത്തിനും, സ്വർഗ്ഗാരോപണസത്യത്തിനും നിദാനം അവൾക്കു ലഭിച്ച ദൈവമാതൃത്വമല്ലാതെ മറെറാന്നുമല്ല. ചുരുക്കത്തിൽ, മറിയത്തോടുള്ള ഭക്തിക്ക് കാരണമായി ഏതെല്ലാം മാതൃകകൾ മറിയത്തിലുണ്ടോ അതെല്ലാം അവളിൽ പ്രതിബിംബിക്കുന്നത് ദൈവമാതൃത്വമാകുന്ന അത്യുന്നത മഹിമാതിരേകമാകുന്നു.

രക്ഷാകരവേലയിൽ സഹരക്ഷകയാകുവാനും, കന്മഷഹീനമായ ജന്മം സ്വീകരിക്കുവാനും, മഹത്വപൂർണ്ണയായി സ്വർഗ്ഗത്തിലേയ്ക്കാരോപണംചെയ്യപ്പെടുന്നതിനും മറിയം അർഹയായതു ദൈവമാതൃത്വത്തിന്റെ മഹനീയതമൂലമാണ്. അതിനാൽ മറിയത്തിന്റെ ദൈവമാതൃത്വത്തെപ്പററി എത്ര ദൃഢതരവും മേൽത്തരവുമായ ജ്ഞാനം സംസിദ്ധമാകുന്നുവോ അതിന് ആനുപാതികമായിരിക്കും അവളോടുള്ള ഭക്തി ജീവനുള്ളതും ആന്തരികവുമായിത്തീരുക. ക്രിസ്തുവിന്റെ രക്ഷാകരദൗത്യനിർവ്വഹണത്തിൽ സഹപ്രവർത്തകയായി ചമഞ്ഞുവെന്നുള്ളതാണ് മറിയം നിർവ്വഹിച്ച ഏററം വിശിഷ്ടമായ പ്രവൃത്തി. രണ്ടായിരം വർഷങ്ങൾക്കു മുമ്പ് കാൽവരി ഗിരിയിൽവെച്ച് നിത്യപിതാവിനു തന്നെത്തന്നെ ഹോമബലിയായി അർപ്പിച്ചുകൊണ്ട് രക്ഷാകരവേല ഉൽഘാടനം ചെയ്തതോടുകൂടി പാപദാസ്യത്തിൽനിന്നും നരവംശം മുഴുവൻ സ്വതന്ത്രമായി. എന്നാൽ രക്ഷണീയവേല ഇനിയും മുഴുവനായിട്ടില്ല. ഏകതൊഴുത്തിൽ ഏകഇടയന്റെ കൊടിക്കീഴിൽ അജഗണം മുഴുവൻ സമ്മേളിക്കുമ്പോൾ മാത്രമേ രക്ഷാകരവേല അവസാനിക്കുകയുള്ളൂ. പ. കന്യകാമറിയത്തിന്റെ ദൈവമാതൃത്വത്തെ ബഹുമാനിക്കുവാൻ ഉത്ബോധിപ്പിക്കുന്ന തിരുസഭ, രക്ഷാകരകർമ്മം ഉൽഘാടനംചെയ്യുവാൻ മിശിഹായോടൊപ്പം പ്രവർത്തിച്ച മറിയം പ്രസ്തുത രക്ഷണീയവേല പൂർത്തിയാക്കുവാനും രക്ഷകനോടൊപ്പം പ്രവർത്തിക്കുന്നുവെന്ന സത്യം നമ്മെ അനുസ്മരിപ്പിക്കുന്നു. അതിനാൽ ഈ ലോകസമുദ്രത്തിൽ കിടന്നുഴലുന്ന നമുക്ക് നിത്യസഹായമായിരിക്കുന്ന പ. കന്യകാമറിയത്തോടു നിരന്തരം പ്രാർത്ഥിക്കാം: "എന്റെ കർത്താവിന്റെ അമ്മേ, മുള്ളുകളും കൂർമുള്ളുകളും നിറഞ്ഞ ഈ ലോകത്തിന്റെ മായാവിലാസങ്ങളിൽ അകപ്പെടാതെ രക്ഷയുടെ തുറമുഖത്തേയ്ക്ക് ഞങ്ങളെ നയിക്കുവാൻ അങ്ങേ തിരുസുതനോട് ഞങ്ങൾക്കായി പ്രാർത്ഥിക്കണമേ!"

●

# ഫലിതബിന്ദുക്കൾ

ജഡ്ജി: നിങ്ങൾ എത്രപേരെ ഇരുത്തിയാണ് സൈക്കിൾ ഓടിച്ചതു്?

കുററക്കാരൻ: മൂന്നുപേരെമാത്രം.

ജഡ്ജി: സൈക്കിളിന്നു ബെല്ലുണ്ടായിരുന്നോ?

കുററക്കാരൻ: ഇല്ല.

ജഡ്ജി: പോലീസുകാരൻ വിളിച്ചിട്ടും സൈക്കിൾ നിർത്താതിരുന്നതു് എന്തുകൊണ്ടാണ്?

കുററക്കാരൻ: സൈക്കിളിന് ബ്രെയ്ക്കും ഉണ്ടായിരുന്നില്ല.

— കെ. ഒ. ജേക്കബ്ബ്, പുതുക്കാട്

* * *

സിഗരററ വലിക്കുന്ന യാത്രക്കാരനോട് കണ്ടക്ടർ: "എടോ, ബസ്സിൽ പുകവലിക്കരുതെന്നറിഞ്ഞുകൂടെ?"

യാത്രക്കാരൻ: "സർ, ഞാൻ പുകയല്ല, സിഗരററാണ് വലിക്കുന്നതു്."

* * *

ഒരു കാരണവർ പത്രത്തിലെ ഹെഡ്ഡിംഗുകൾമാത്രം വായിച്ചുപോകയാണ്: "കൊപ്രായുടെ വിലയിടിഞ്ഞു വീണു; നാലാൾ മരിച്ചു"

— ആൻറണി കളത്തിൽ, വൈക്കം

* * *

ഒന്നരമണിക്കൂർ നേരത്തെ തല്ലിപ്പൊളി പ്രസംഗത്തിനു ശേഷം, പ്രാസംഗികൻ അല്പം നിർത്തി, വീണ്ടും തുടരുവാൻ പോകയാണ്. അതു കണ്ടു് ഒരാൾ അടുത്തിരുന്ന സ്ത്രീയോട് ചോദിച്ചു: "ഈ ബോറൻ പ്രസംഗം ഒന്നവസാനിപ്പിക്കാനാവില്ലേ?"

മറുപടി: കൊള്ളാം. ഞാൻ ഇരുപതു കൊല്ലമായി അതിനു ശ്രമിക്കുന്നു. ഒരു രക്ഷയുമില്ല."

* * *

ഒരാൾ അയൽവാസിയോട്: "ചങ്ങാതീ, താങ്കളുടെ റേഡിയോ ഇന്നു രാത്രിക്ക് വായ്പതരാമോ?"

അപരൻ: "തീർച്ചയായും. എന്താ, വല്ല ആഘോഷവുമുണ്ടോ?"

"ആഘോഷമുണ്ടായിട്ടല്ല; ഇന്നു രാത്രിയെങ്കിലും ബഹളമില്ലാതെ ഒന്നു സുഖമായി ഉറങ്ങാനാണ്."

* * *

ഒരു കൂട്ടുകച്ചവടത്തിലെ നാലു പങ്കുകാരും ഒരു വിരുന്നിനു പോയി. ഭക്ഷണത്തിനിടയ്ക്കു് ഒന്നാമൻ പറഞ്ഞു: "അല്ലാ, ഞാൻ പീടികയിലെ പണപ്പെട്ടി പൂട്ടാൻ മറന്നുപോയി."

ഒരു പങ്കുകാരൻ: "അതുകൊണ്ടു കുഴപ്പമില്ല. നാമെല്ലാവരും ഇവിടെയുണ്ടല്ലൊ"

* * *

കവി: "എൻെറ അവസാനത്തെ കവിതയെക്കുറിച്ചു് എന്തു വിചാരിക്കുന്നു?"

പത്രാധിപർ: "കൊള്ളാം. അതു താങ്കളുടെ അവസാനത്തെ കവിതയാണെന്നറിയുന്നതിൽ സന്തോഷിക്കുന്നു."

*കുട്ടികൾക്കൊരു കുഞ്ഞിപ്പാട്ട്:*

# മംഗളവാർത്ത

*(താരാട്ട്)*

ആദിപിതാക്കൾ പിഴച്ചു—പാപം
കാരണം നഷ്ടമായ് മോക്ഷം.
ആകയാൽ ദൈവത്തിനേറെ—കൃപ
മാനവരോടൊക്കെയുണ്ടായ്.
പാപം പിഴയ്ക്കിലും തന്നോ_ടൊത്തു
വാഴണമങ്ങവരൊന്നായ്.
ആശിച്ചിതായതിൻ മാർഗ്ഗം_ അങ്ങു_
ന്നീവിധം ചിന്തിച്ചു വച്ചു.
തന്നുടെ സൂനുവെത്തന്നെ—താനീ
മന്നിടംതന്നിലയച്ചു.
ദൈവസുതൻതന്നെ ഈശോ—രണ്ടാ_
മാളായ ജാതനും തന്നെ.
സത്യപ്രഭാവം ജ്വലിക്കും—നിത്യ
സച്ചിന്മയനുമങ്ങല്ലൊ.
നമ്മളെ മോക്ഷത്തിലേററാൻ—അങ്ങേ
പൊന്മകൻ മർത്ത്യനായ് വന്നു.
സത്യമനുഷ്യനും അങ്ങാ_ണപ്പോൾ
സത്യമാം ദൈവവും നൂനം.
നിർമ്മലയായൊരു കന്യ_യ്ക്കന്നാൾ
മംഗളവാർത്തയൊന്നുണ്ടായ്.
വന്ദ്യനാം ഗബ്രിയേൽ ദൂതൻ— ചെന്നു
ദൈവവചസ്സുകൾ ചോന്നു.
"നന്മ നിറഞ്ഞ മരിയേ,—സ്വസ്തി;
നിന്നിൽ വസിക്കുന്നു ദൈവം.
സ്ത്രീകളിൽ ധന്യ നീയെന്നും—മേന്മേൽ
സംസ്തുത്യയാകുന്നു ചൊല്ലാം."
മാലാഖ ചൊന്നതീവണ്ണം - ഭൂവിൻ
മാലാററുവാൻ പോന്ന കാര്യം.
"സന്തുഷ്ടയാക നീ, നിന്നിൽ—ദൈവം
സംപ്രീതനാകുന്നുവല്ലൊ.
സ്നേഹിച്ചിടുന്നു താൻ നിന്നെ—എല്ലാ
സ്ത്രീകളെക്കായിലുമേററം."
ദൈവം ആ കന്യയ്ക്കു തൻെറ—അമ്മ_
യെന്ന പദവിയും നൽകി.
തൻമൂലമാദൈവദൂതൻ—ഏവം
ധന്യയെന്നോതിയതായേ,
മാലാഖ ചൊന്നരാ വാർത്ത— ചൊല്ലി
പ്രാർത്ഥിപ്പു നമ്മളും ഭക്ത്യാ.
നന്മ നിറഞ്ഞ മറിയം—നല്ല
ചേലോടെ ചൊല്ലിടും നേരം
നമ്മളാദൂതനോടൊപ്പം—ചേർന്ന്
ഉണ്മയിൽ പ്രാർത്ഥിക്കയാവും.

*— വർഗ്ഗീസ് മാളിയേക്കൽ*

സ്കൂൾ യൂണിഫാറത്തിനുള്ള തുണിത്തരങ്ങൾക്ക്

Estd: 1934 സന്ദർശിക്കുക: PHONE: 841

## ★ കുററിച്ചാക്കു ★

### ലോന അന്തോണി സൻസ്

തുണിച്ചരക്കു കച്ചവടം, ബസ് സ്റ്റാൻറിനു സമീപം, തൃശ്ശൂർ.

---

സ്റ്റെയിൻലസ്സ് സ്റ്റീൽ ചോററുപാത്രങ്ങൾക്ക്

PHONE: 789

## ★ *Wares* ★

റൗണ്ട് സൗത്ത്, :: തൃശ്ശൂർ.

---




സുരഭിലമായ സ്നാനത്തിനും
നിർമ്മലമായ ചർമ്മത്തിനും

## അജന്ത
നാല്പാമര
സോപ്പ്

AJANTA CHEMICALS (REGD.) POONITHURA

# ബാലരംഗം

— കൊച്ചേട്ടൻ.

*ഏകാങ്കം*

## മണവാട്ടി

[പൊക്കത്തിൽ ചാക്കോച്ചന്റെ വീട്. കർട്ടൻ ഉയരുമ്പോൾ രംഗത്ത് നേരിയ നീലപ്രകാശമേയുള്ളൂ. ക്രിസ്തുനാഥന്റെ ക്രൂശിതരൂപത്തിന്റെ മുമ്പിൽ മുട്ടുകുത്തിനിന്നുകൊണ്ട് ചാക്കോച്ചന്റെ മകൾ മേഴ്സി ശോകനിർഭരമായ ഒരു പ്രാർത്ഥനാഗാനമാലപിക്കുന്നു. ഗാനം അവസാനിക്കുന്നതോടുകൂടി അവളുടെ സഹോദരൻ——സൈമൺ പ്രവേശിക്കുന്നു. മേഴ്സി എഴുന്നേല്ക്കുന്നു. രംഗത്ത് പ്രകാശം വർദ്ധിക്കുന്നു.]

സൈമൺ: (പൊട്ടിച്ചിരിച്ചുകൊണ്ട്) ഓ....... ഒരു പുണ്യാളത്തി. ജീവിച്ചിരിക്കുമ്പോൾത്തന്നെ നിന്നെ വിശുദ്ധയെന്ന് പ്രഖ്യാപിക്കും.

മേഴ്സി: ചേട്ടനെന്താ നഷ്ടം?

സൈ: എനിക്ക് ലാഭമാണ്. ഒരു പുണ്യവാളത്തിയുടെ സഹോദരൻ. അതെനിക്ക് അഭിമാനിക്കാവുന്നതല്ലേ.

മേഴ്സി: ചേട്ടനെയല്ലേ അച്ചനാക്കാൻ പോകുന്നത്. ഇന്നത്തെ ജീവിതരീതിക്കനുസരിച്ച് ചേട്ടനെയാണ് വിശുദ്ധനായി പേരു വിളിക്ക്യാ.

സൈ: എനിക്കച്ചനും പുണ്യവാളനുമാകേണ്ട.

മേഴ്സി: അമ്മ സമ്മതിച്ചിട്ടുവേണ്ടേ.

സൈ: എന്റെ ഇഷ്ടമല്ലേ. ഞാനൊരു വൈദികനാവാൻ ആഗ്രഹിക്കുന്നില്ലെങ്കിലോ?

മേഴ്സി: അതപ്പോൾ കാണാം.

(ചാക്കോച്ചന്റെ ഭാര്യ—മറിയച്ചേടത്തി— പ്രവേശിക്കുന്നു.)

മറിയ: എന്താ നിങ്ങളിങ്ങനെ വഴക്കടിക്കുന്നത്?

സൈ: ഇവിടെ ഒരു വഴക്കുമില്ല.

മേഴ്സി: (പരിഭവത്തോടെ) ഈ ചേട്ടനെന്നെ പരിഹസിക്കുന്നമ്മച്ചീ.

മറിയ: നീ എന്താണടാ പറഞ്ഞത്?

(മേഴ്സി സൈമന്റെ മുഖത്തു നോക്കി അമ്മച്ചി ചോദിക്കുന്നതിലുള്ള സന്തോഷം ആംഗ്യങ്ങളേക്കൊണ്ട് പ്രകടമാക്കുന്നു.)

സൈ: ജീവിച്ചിരിക്കുമ്പോൾത്തന്നെ ഇവളെ വിശുദ്ധയെന്ന് പേരു വിളിക്കണമെന്നേ ഞാൻ പറഞ്ഞുള്ളൂ.

മറിയ: നീയിനി ഒന്നും പറയേണ്ട.

(മേഴ്സി അകത്തേയ്ക്കു പോകുന്നു.)

സൈ: ഞാനിനി ഒന്നും പറയുന്നില്ല. (തെല്ലുകഴിഞ്ഞ്) അപ്പച്ചനെവിടെ പോയതാ അമ്മച്ചീ?

മറിയ: അവൾക്കൊരു ബന്ധുതയുടെ കാര്യത്തിനാ.

സൈ: അവള് കന്യാസ്ത്രീയാകണമെന്ന് പറയുന്നുണ്ടല്ലോ?

മറിയ: അവള് ഒരു മണ്ണാങ്കട്ടയുമാകേണ്ട. പിന്നെ ചെറുക്കന്റെ വീട്ടുകാര് വല്യാ കുടുംബക്കാരാ. ചെക്കനു് കളക്ടരുദ്യോഗമോ മറേറാ ആണെന്നു പറഞ്ഞു. അവന്റെ കാരണവന്മാര് ജഡ്ജിയും മററുമായിരുന്നു.

സൈ: അവൾക്ക് വിവാഹം വേണ്ടെങ്കിലോ?

മറിയ: അതവളല്ലല്ലോ തീർച്ചയാക്കുന്നെ.

സൈ: ഓരോരുത്തരുടേയും ആഗ്രഹമനുസരിച്ചാണ് പ്രവർത്തിക്കേണ്ടത്.

മറിയ: അതൊന്നും ഇവിടെ നടക്കില്ല. നമ്മുടെ തറവാട്ടില് അച്ചന്മാക്കുമാത്രമേ കുറവുള്ളൂ. കന്യാസ്ത്രീകൾ വേണ്ടോളമുണ്ട്. പിന്നെ അവളെന്തിനാ കന്യാസ്ത്രീയാകുന്നെ.

സൈ: അച്ചൻ പറയുന്നത് ആഗ്രഹമുള്ള എല്ലാവരേയും അയക്കണമെന്നാണ്.

മറിയ: അച്ചനവിടെനിന്ന് പറഞ്ഞാൽമതി. അവളെന്റെ മോളാ. എന്റെയിഷ്ടത്തിനാ അവള് നടക്കേണ്ടത്.

(ചാക്കോച്ചേട്ടൻ പ്രവേശിക്കുന്നു.)

ചാക്കോ: നീയെന്താ അച്ചനെ കുററംപറയുന്നത്?

മറിയ: ഞാൻ അച്ചനെ കുററമൊന്നുമല്ല പറഞ്ഞത്. പിന്നെ പോയകാര്യമെന്തായി.

സൈ: ആൺകുട്ടികളേയും പെൺകുട്ടികളേയും, അച്ചന്മാരും കന്യാസ്ത്രീകളുമാക്കേണ്ടകാര്യം അച്ചന്മാര് പള്ളിയിൽ പറയരുതെന്നാ അമ്മച്ചിയുടെ വാദം.

ചാക്കോ: അതിന്ന് നിനക്കെന്താ നഷ്ടം, മറിയേ.

മറിയ: അപ്പോളീ പെൺകുട്ടികളൊക്കെ അതിന്നായി പോകും.

ചാക്കോ: പൊയ്ക്കൊള്ളട്ടെ.

മറിയ: പൊയ്ക്കോട്ടെ__പൊയ്ക്കോട്ടെ. പക്ഷെ എന്റെ മോളെ ഞാൻ പറഞ്ഞയയ്ക്കില്ല. അതുപോലെത്തന്നെ അച്ചനെന്തിനാ പണക്കാരെ ചീത്ത പറയുന്നത്.

സൈ: അതമ്മ പറയുന്നത് ശരിയാണ്. പണക്കാരെ കണ്ടാൽ പുല്ലുപോലെയാണച്ചനു്. ഞാനൊരിക്കലവിടെ ചെന്നപ്പോൾ എന്നെ കണ്ടഭാവംകൂടി നടിച്ചില്ല.

മറിയ: ഇതുവരെ ഇവിടെ വന്നിട്ടുള്ള അച്ചന്മാരൊക്കെ ഈ വീട്ടിൽ കേറിയിട്ടേ എങ്ങും പോകത്തുള്ളൂ. അതുപോലെ ബഹുമാനിക്കുകയുംചെയ്യും.

ചാക്കോ: അക്കാര്യത്തിൽ എനിക്കും അഭിപ്രായമുണ്ട്. എങ്കിലും അതൊന്നും കാര്യമാക്കാനില്ല.

സൈ: ഇതുപോലെത്തന്നെയാണ് ഓരോ കാര്യത്തിലും,

മറിയ: ബന്ധുതയുടെ കാര്യമെന്തായി?

ചാക്കോ: അവക്ക് സമ്മതമാണ്. പെൺകുട്ടിയെ അങ്ങോട്ടുചേർത്തി കെട്ടിക്കണം. പൊന്നും പണവുമൊക്കെ സാവധാനം കൊടുത്താലുംമതി.

സൈ: അതുവേണ്ടപ്പച്ചാ.

മറിയ: നിനക്കെന്താണെടാ. അവരാരാണെന്നാ നിന്റെ വിചാരം. ഞാൻ ദിവസോം പള്ളീപോയിട്ട് രണ്ടും മൂന്നും മണിക്കൂറാ മുട്ടിൽനിന്ന് പ്രാർത്ഥിക്കുന്നത്, ഈ ബന്ധുത നടക്കാൻ. അവളെയങ്ങോട്ട് ചേർത്തി കെട്ടിച്ചാലും ഒന്നും വരാൻപോണില്ല.

ചാക്കോ: ഇങ്ങനെയൊന്നും ഈ തറവാട്ടിൽ ഇതുവരെ നടന്നിട്ടില്ല.

മറിയ: കാലമൊക്കെ മാറി. നിങ്ങൾക്കല്ലെങ്കിലും കുറച്ച് ബുദ്ധി കുറവാ. അവർക്ക് പണത്തിന്നും പ്രതാപത്തിന്നും വല്ല കുറവുമുണ്ടോ?

ചാക്കോ: അതുകൊണ്ടൊന്നും കാര്യമില്ല മറിയെ.

സൈ: അവളുടെ ആഗ്രഹം മറ്റൊന്നാണ്.

ചാക്കോ: അതെ—ഒരു കന്യാസ്ത്രീയായി സാധുക്കളെ സഹായിച്ചുകൊണ്ട് ജീവിക്കണമെന്നാ അവളുടെ ആഗ്രഹം. അതവളെന്നോട് പറഞ്ഞിട്ടുമുണ്ട്.

മറിയ: എല്ലാം അവളുടെ ഇഷ്ടംപോലെ നടത്താൻ ഞാനുള്ളിടത്തോളംകാലം പറ്റത്തില്ല.

സൈ: അതവളുടെ ആഗ്രഹത്തെ ചവുട്ടിമെതിക്കലാവുകയില്ലേ?

ചാക്കോ: അവളുടെ കണ്ണീരിന്റെ ഫലം നാം അനുഭവിക്കേണ്ടിവരും

മറിയ: അതൊന്നും സാരമില്ല. ഈ കല്യാണം നടത്താതിരിക്കാൻ പാറില്ല. അവളുമാത്രം ആ സഭയിലേയ്ക്കു ചേർന്നാൽമതി. നിങ്ങള് പോയി വാക്കുകൊടുത്തോ.

(അണിയറയിൽനിന്നും മേഴ്സിയുടെ "അമ്മേ" എന്നുള്ള വേദന കലർന്ന വിളി ഉയരുന്നു.) (തുടരും)

— ഡേവീസ് കൊച്ചുവീട്ടിൽ.

## ബാലരംഗം അംഗനമ്പ്ര്

232. ടി. വി. ജോസഫ്, തണത്തറ വീട്, തൃശ്ശൂർ.
233. കെ. എൽ. ജോസ്, കാച്ചപ്പിള്ളി വീട്, ഇരിഞ്ഞാലക്കുട.
234. പി.ഐ. സൈമൺ, പുത്തൂർവീട്, തിരുവെങ്കിടം.
235. എം. എം. ഏഞ്ചൽ മേരി, മലയാറ്റി വീട്, പുതുക്കാട്.
236. ഇ. കെ. ജോർജ്ജ്, ഇടശ്ശേരി വീട്, കാഞ്ഞൂർ.
237. ഡെയ്സി കെ. അക്കനാത്ത്, ഞാറയ്ക്കൽ.


### ★ ഇതാ പുറത്തായി ★

*കേരളകത്തോലിക്കാസഭയുടെ ഭാവിനന്മയെ കാംക്ഷിക്കുന്ന സകലരും ഗ്രഹിച്ചിരിക്കേണ്ട, ചൂടുള്ള യാഥാർത്ഥ്യങ്ങൾ നിരത്തിവച്ചിരിക്കുന്ന ഒരു ആനുകാലിക പ്രസിദ്ധീകരണം.*

**"കത്തോലിക്കർ യൂദാസ് ഗ്രൂപ്പിൽ"**

വില: 30 പൈസ; പോസ്റ്റേജ് പുറമെ.

*പുസ്തകങ്ങൾക്കെഴുതുക: —*

1. അജന്താ ആർട്ട്സ് ക്ലബ്ബ്, കണ്ടശ്ശാംകടവ്, തൃശ്ശൂർ.
2. ലിറ്റിൽ ഫ്ളവർ ബുക്ക്സ്റ്റോർ, തൃശ്ശൂർ–1.
3. ജെ. & ജെ. എൻറർപ്രൈസസ്, തൃശ്ശൂർ–1.
4. സേക്രഡ് ഹാർട്ട് ബുക്ക്സ്റ്റോർ, തൃശ്ശൂർ–1.



*PERMISSU SUPERIORUM*

Edited & Published by Fr. J. Chemmanoor B.A., Printed at the Union Press, Mariapuram, Trichur-5.


## മുൾക്കിരീടം

*(339–ാം പേജിൽനിന്നു തുടർച്ച)*

തുപ്പുകയും അടിക്കുകയുംചെയ്ത ആ ക്രൂരയഹൂദന്മാരുടെ പ്രമാണിയാണെന്ന് തോന്നിപ്പോയി! ......

കുഞ്ഞുമോന്റെ കൈകൾ അപ്പച്ചന്റെ ഒരു കൈയ്ക്കുള്ളിൽ അമർന്നു.

"എടാ, ആ ഷർട്ടിന്റെ പോക്കറ്റിൽകിടന്ന എട്ടണ ആരെടാ എടുത്തത്. പറഞ്ഞോ, അല്ലെങ്കിൽ ഞാൻ കൊന്നുകളയും........"

"അപ്പച്ചാ, ഞാനെടുത്തിട്ടില്ല...."

"നിന്നെക്കൊണ്ട് ഞാൻ നേരു പറയിക്കാം". ഇറയത്തുകിടന്നിരുന്ന ഒരു വടിക്കഷണം അപ്പച്ചൻ എടുത്തു.

"പറയെടാ—നീ എടുത്തോ?"

"ഇല്ലപ്പച്ചാ........"

"അപ്പച്ചാ ......." വാവിട്ടു നിലവിളിച്ചുകൊണ്ടിരുന്ന കുഞ്ഞുമോന്റെ നിലവിളിയോടൊപ്പം ആ വടിക്കഷണം ഒടിഞ്ഞുനുറുങ്ങിക്കൊണ്ടിരുന്നു.

"എന്തൊന്നാ ഇവിടെ?" അമ്മ ഓടിയെത്തി. "നിങ്ങളെന്തൊന്നാ ഈ ചെയ്യുന്നേ?"

"നിനക്കറിയണോ? ആരാടീ എന്റെ ഷർട്ടിന്റെ പോക്കറ്റിൽക്കിടന്ന എട്ടണ എടുത്തത്."

"ആ.. .എനിക്കറിയാൻമേല...."

അമ്മ ഒരു പരുങ്ങലോടെ പറഞ്ഞു.

"ഛീ ..." അമ്മയുടെ കരണത്ത് അപ്പച്ചന്റെ വലതുകൈ ശക്തിയായി പതിഞ്ഞു. "നിനക്കറിയാമേലാ അല്ലേടീ?"

"അറിയാം. പിള്ളേരു പട്ടിണി കിടക്കണെ കണ്ടപ്പോൾ ഞാനെടുത്തുകൊണ്ടുപോയി അരി മേടിച്ചു. - നിങ്ങള് രാവിലെ അങ്ങു പോകും. ഈ പിള്ളേരുടെ കണ്ണീരു കാണുന്നത് ഞാനാ...." ഒരമ്മയുടെ വേദന നിറഞ്ഞ വിലാപമായിരുന്നു....

അപ്പച്ചൻ ഒന്നും മിണ്ടിയില്ല.

മൂന്നാണികളിൽ തൂങ്ങിക്കിടക്കുന്ന ക്രിസ്തുവിനെ കുഞ്ഞുമോൻ ഓർത്തു. അവൻ കണ്ണുനീർ തുടച്ചു. അമ്മയുടെ അടുക്കലേക്കു നീങ്ങിനിന്നു.

"അമ്മേ .. എനിക്കുവേണ്ടി കരയണ്ട." അസാധാരണമായ ഒരു ധൈര്യം കുഞ്ഞുമോനുണ്ടായി.

"അപ്പച്ചാ...." പിന്നെ വാക്കുകൾ കുഞ്ഞുമോന്റെ തൊണ്ടയിൽ തങ്ങിനിന്നു.

അവൻ അകത്തേയ്ക്കു കയറി പാഠപുസ്തകത്തിന്റെ താളുകൾ മറിച്ചു.

കട്ടികൂടിയ വെള്ളക്കടലാസിൽ തെളിഞ്ഞുപ്രകാശിക്കുന്ന ആ ചിത്രം കയ്യിലെടുത്തു.

മുൾക്കിരീടംധരിച്ച ക്രിസ്തുവിന്റെ ചിത്രം! അവൻ അത് മുഖത്തേയ്ക്ക് ചേർത്തുവെച്ചു.

"കർത്താവേ. ..എന്റെ അപ്പച്ചനോടും അമ്മയോടും ക്ഷമിക്കേണമേ...." ആ പിഞ്ചുഹൃദയം മന്ത്രിച്ചു.

# OUR PUBLICATIONS

**An Introduction to Physics** — By: V. Gopalakrishnan M. Sc., C. Radhakrishnan M. Sc. and P. M. Madhusudhanan M. Sc.
for Pre-Degree and Pre-Professional Courses Vol. I — Price: 4—50
Do Do Vol. II — „ 3—50

**Text Book of Algebra** — PRICE: 3—00
(FOR B. Sc. SUBSIDIARY)

**Text Book of Algebra** — By Fr. Thomas Mootheden, M. A., D. D., Principal, St. Thomas' College, Trichur.
For B. Sc. Main and Subsidiary Maths and Pre-Professional Students — PRICE: 3—50

**New Model Questions and Answers in Social Studies** — By C. A. SCARIA, B. A., B. T.
For Std. IX, X. — PRICE: 1—00

**New Model Questions & Answers** — By R. S. Iyer B. A., B. T.
For S.S.L.C. Examination Mathematics I & II Papers — PRICE: 1—50

**A Reference Book of General Knowledge** — By R. S. Iyer B. A., B. T.
For U. S. S. Examination — PRICE: 1—50

**A Guide to Pre-University Sanskrit** — By: E. Raghava Warrier, M. A., B. T., Ret. Principal, Govt. Brennen College, Tellicherry.
(PROSE ONLY) — PRICE: 2—00

**A Guide to Pre-University Hindi Texts** — By: Prof: S. Padmanabh, M. A., B. T. (Sree Kerala Varma College, Trichur)
PRICE: 2—00

**A Guide to S. S. L. C. Hindi** — By: V. Rama Menon B A., B.Ed., Senior Hindi Teacher
(TEXT WITH NON-DETAILED) — PRICE: 1—65

**S. S. L. C. 'വിജയപ്രദ' മലയാളം ഗൈഡ് II** — By: വിദ്വാൻ നമ്പ്യാരുവീട്ടിൽ നാരായണമേനോൻ.
(MALAYALAM PAPER II) — PRICE: 1—00

**A Guide to S. S. L. C. Sanskrit** — By: Vidwan N. V. Sekhara Warrier
(ACADEMIC AND SANSKRIT SCHOOLS) — PRICE: 2—50


**S. S. L. C. 'വിജയപ്രദ' മലയാളം ഗൈഡ് I** — By: വിദ്വാൻ നമ്പ്യാരുവീട്ടിൽ നാരായണമേനോൻ. PRICE: 3—00
(കേരള പാഠാവലി; വ്യാകരണവൃത്താലങ്കാരങ്ങൾ തുടങ്ങി മലയാളം ഒന്നാം ചോദ്യക്കടലാസ്സിനാവശ്യമായ എല്ലാ വിഷയങ്ങളും അടങ്ങിയത്.)

പാടിത്തളർന്ന പാതിരാവ്—(നോവൽ)—അരിമ്പൂർ പാപ്പച്ചൻ .... വില: 2—00
ആ പ്രകാശം അണഞ്ഞു – (നോവൽ)—വണ്ടാനം കെ. കെ. പിള്ള .... വില: 1—25
ആത്മാവിന്റെ ആലിംഗനം—പുന്നപ്ര ദാമോദരൻ .... വില: 1—75
സ്നേഹത്തിന്റെ കൈത്തിരി—(സാമൂഹ്യനാടകം)—എം. ദിവാകരൻ ബി.എ.,ബി.എഡ്. വില: 1—75

[ഞങ്ങൾ പ്രസിദ്ധീകരിക്കുന്ന ഗൈഡുകൾ കേരളത്തിലെ എല്ലാ സ്ഥലങ്ങളിലുമുള്ള പ്രധാന പുസ്തകവ്യാപാരികളിൽനിന്നും കിട്ടുന്നതാണ്. സ്ഥലത്തെ പുസ്തകവ്യാപാരികളിൽനിന്നു കിട്ടാത്തപക്ഷം ഞങ്ങൾക്ക് നേരിട്ടെഴുതുക.]

**പുലിക്കോട്ടിൽ പബ്ലിഷിങ്ങ് ഹൗസ്, ഹൈറോഡ്, തൃശ്ശൂർ-1.**

# വീവേഴ്സ് സർവീസ് സെന്ററുകൾ ഇന്ത്യൻ കൈത്തറിയ്ക്കു നൽകുന്ന സേവനം



## കലാവിരുതുള്ള കൈവിരലുകൾ

വർണ്ണവൈവിധ്യവും രൂപഭംഗിയും ഒത്തിണങ്ങിയ ഇന്ത്യൻ തുണിത്തരങ്ങൾ കലാവിരുതേറിയ കൈവിരലുകളുടെ സൃഷ്ടികളാണ്.

മനുഷ്യന്റെ സൗന്ദര്യബോധത്തെ ഉണർത്തുന്ന അവ സ്വദേശത്തെയും വിദേശത്തെയും കലോപാസകരെ ഒരുപോലെ ആകർഷിക്കുന്നുണ്ട്.

അഖിലേന്ത്യാ കൈത്തറി ബോർഡ് സ്ഥാപിച്ച വീവേഴ്സ് സർവീസ് സെന്ററുകളിലെ ആധുനികവും ഉപകരണങ്ങൾ നിറഞ്ഞതുമായ ഗവേഷണശാലകളിൽ ശിക്ഷിതരും പ്രാപ്തരുമായ കലാകാരന്മാർ നിരന്തരവും വ്യാപകവുമായ ഗവേഷണങ്ങൾ വഴി നവീനവും എന്നാൽ പാരമ്പര്യ ധന്യവുമായ ഡിസൈനുകൾ അന്നന്ന് ആവിഷ്കരിക്കുന്നുണ്ട്.

മനോഹരങ്ങളായ ഈ കൈത്തറി ഡിസൈനുകൾ ചോദിക്കുകയേ വേണ്ടൂ, നിങ്ങൾക്കു ലഭിക്കും. ഇക്കാര്യത്തിലുള്ള സഹായസഹകരണങ്ങൾക്ക് നെയ്ത്തുകാരുടെ സഹകരണസംഘങ്ങൾക്ക് വീവേഴ്സ് സർവീസ് സെന്ററുമായി സമ്പർക്കം പുലർത്താവുന്നതാണ്.

വീവേഴ്സ്
സർവീസ്
സെൻറർ
മദിരാശി
(കാഞ്ചീപുരത്തു
ഒരു സബ് സെൻറർ)
20, ഷെവിയർ റോഡ്,
അലെവാപ്പുർ, മദിരാശി-6.

## അഖിലേന്ത്യാ കൈത്തറി ബോർഡ്

DA 64/168